₹12 | 2020 MAY 08

# പ്രബോധനം

www.prabodhanam.net  prabodhanam

വാരിക



## സാമ്പത്തിക ഞെരുക്കങ്ങളിൽ സകാത്തിന്റെ സാധ്യതകളും ഉദാരതയുടെ അനിവാര്യതയും

- ഡോ. ആഇശത്ത് മൂനിസ്
- പി. കെ ജമാൽ
- ബാബുലാൽ ബശീർ

## വ്രതം വിട്ടുനിൽക്കലും തിരിച്ചുപിടിക്കലും

- അബ്ദുൽ വാസിഅ് ധർമഗിരി

## കോവിഡ് 19 ഈ ചരിത്രസന്ധിയിൽ ഇസ്‌ലാമിക സമൂഹം ചെയ്യേണ്ടത്

- സയ്യിദ് സആദത്തുല്ല ഹുസൈനി

بسم الله الرحمن الرحيم

# 3151

# പ്രബോധനം
വാരിക

www.prabodhanam.net | 1441 റമദാന്‍ 15 / 2020 മെയ് 08 | വാല്യം 76 ലക്കം 49



**08** പ്രഭാഷണം / സയ്യിദ് സആദത്തുല്ല ഹുസൈനി

## ഈ മഹാമാരിയില്‍നിന്ന് മനുഷ്യസമൂഹത്തിന് പഠിക്കാനുള്ളത്





**14** ലേഖനം / ഡോ. ആഇശത്ത് മുനീസ

## കോവിഡ് 19 സാമ്പത്തിക ഞെരുക്കങ്ങളെ സകാത്തിലൂടെ മറികടക്കാം

**18** കവര്‍ സ്റ്റോറി / പി.കെ ജമാല്‍

## ക്ഷാമകാലത്ത് ഉദാരതയുടെ അനിവാര്യത

**26** കവര്‍ സ്റ്റോറി / ബാബുലാല്‍ ബശീര്‍

## സകാത്ത് ആത്മീയതയുള്ള സാമ്പത്തികായുധം

**04** മുഖവാക്ക് /

**കോവിഡ് കാലത്തെ സകാത്ത്**

**30** ലേഖനം / റഹ്മത്തുല്ലാ മഗ്‌രിബി

**നബി(സ)യുടെ നോമ്പ് കാലങ്ങള്‍**

**36** ലേഖനം /

ഡോ. അബ്ദുല്‍ വാസിഅ്

**വ്രതം**
**വിട്ടുനില്‍ക്കലും തിരിച്ചുപിടിക്കലും**

**44** പ്രതികരണം /

റാശിദ് ഓത്തുപുരക്കല്‍

**അയര്‍ലന്റിന് ഉസ്മാനി ഖലീഫ നല്‍കിയ സഹായമോര്‍മിപ്പിച്ച് ഖത്തറിന്റെ ഫീല്‍ഡ് ആശുപത്രികള്‍**

**45** പ്രതികരണം /

സി.കെ.എ ജബ്ബാര്‍

**കോവിഡ് മയ്യിത്ത് പരിപാലനം മഹല്ലുകളെ ശാക്തീകരിക്കണം**

**49** പുസ്തകം /

പി. എ. എം ശരീഫ്

**ഗാസ**
**പറഞ്ഞുതീരാത്ത കഥകള്‍**

06/ കത്ത്
40/ ഖുര്‍ആന്‍ ബോധനം
51/ റിപ്പോര്‍ട്ട്
52/ കവിത
52/ അനുസ്മരണം
53/ ഹദീസ്
54/ വാര്‍ത്ത



പ്രബോധനം വാരിക, ഐ.എസ്.ടി ബില്‍ഡിംഗ്
സില്‍വര്‍ ഹില്‍സ്, കോഴിക്കോട് 673 012




കവര്‍ ഡിസൈന്‍
**സാലിം ജീറോഡ്**


എഡിറ്റര്‍ / **ടി.കെ ഉബൈദ്** | എക്സിക്യൂട്ടീവ് എഡിറ്റര്‍/ **അശ്റഫ് കീഴുപറമ്പ്**

സീനിയര്‍ സബ് എഡിറ്റര്‍/ **സദ്റുദ്ദീന്‍ വാഴക്കാട്** | സബ് എഡിറ്റര്‍/ **കെ.സി സലീം കരിങ്ങനാട്** | ലേ ഔട്ട്/ **എം.വി. ജലീല്‍ ഒതളൂര്‍**



**എഡിറ്റോറിയല്‍:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്സ്** : 0495 2732888 |**സര്‍ക്കുലേഷന്‍ മാനേജര്‍:** 0495 2730744, 9544060886
circulationprabodhanam@gmail.com |**പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജര്‍:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

മുഖവാക്ക്

# കോവിഡ് കാലത്തെ സകാത്ത്

സത്യവിശ്വാസിയുടെ ഏറ്റവും സുപ്രധാനമായ സാമ്പത്തിക ബാധ്യതയായി ഖുര്‍ആന്‍ എടുത്തു കാണിക്കുന്നത് സകാത്തിനെയാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായി പ്രവാചകന്‍ അതിനെ പഠിപ്പിച്ചു തരികയും ചെയ്തിരിക്കുന്നു. ഖുര്‍ആനില്‍ ഒട്ടുമിക്കയിടങ്ങളിലും നമസ്‌കാരത്തോടൊപ്പം സകാത്തിനെയും ചേര്‍ത്തുപറഞ്ഞിട്ടുണ്ട്. നമസ്‌കാരം അതിന്റെ ചൈതന്യത്തോടെ നിര്‍വഹിക്കുന്ന ഏതൊരാളും സകാത്തും യഥാവിധി നല്‍കിയിരിക്കുമെന്നാണ് അതിന്റെ പൊരുള്‍. പക്ഷേ, മുസ്‌ലിം സമൂഹത്തില്‍ പൊതുവെ നമസ്‌കാരത്തില്‍ നിഷ്ഠ പുലര്‍ത്തുന്നവര്‍ വളരെ കൂടുതലും സകാത്തില്‍ നിഷ്ഠയുള്ളവര്‍ വളരെ കുറവുമാണ്. ഈ വൈരുധ്യം വളരെക്കാലമായി നിലനില്‍ക്കുന്നു. ഗോതമ്പ്, യവം, കാരക്ക, മുന്തിരി എന്നീ ഉണക്കി സൂക്ഷിക്കുന്ന ഭക്ഷ്യവസ്തുക്കള്‍ക്കേ പ്രവാചകന്‍ സകാത്ത് ഈടാക്കിയിരുന്നുള്ളൂവെന്നും അതിനാല്‍ മറ്റു ഉല്‍പന്നങ്ങളും നമ്മുടെ കാലത്ത് ഏറ്റവുമധികം വരുമാനമുണ്ടാക്കിത്തരുന്ന സേവന മേഖലകളും സകാത്തിന്റെ പരിധിയില്‍നിന്ന് പുറത്താണെന്നുമുള്ള വിചിത്ര വാദങ്ങള്‍ ഇന്നും പലേടത്തു നിന്നും ഉയര്‍ന്നു കേള്‍ക്കാം. അതിന് തെളിവായി ഫിഖ്ഹിന്റെ കിതാബുകളില്‍നിന്ന് ധാരാളമായി ഉദ്ധരിക്കുകയും ചെയ്യും. സകാത്ത് അവഗണിക്കപ്പെടാനും റമദാന്‍ മാസാവസാനമുള്ള കേവലമൊരു ചടങ്ങായി അത് ഒതുങ്ങിപ്പോകാനും ഇത്തരം പ്രചാരണങ്ങള്‍ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

എന്തിനാണോ സകാത്തിനെ ഇസ്‌ലാമിന്റെ നെടുംതൂണുകളിലൊന്നായി നിശ്ചയിച്ചത്, ആ സമുന്നത ലക്ഷ്യങ്ങളെയെല്ലാം തകര്‍ക്കുന്നതും നിര്‍വീര്യമാക്കുന്നതുമാണ് പ്രമാണപരമായി യാതൊരു അടിസ്ഥാനവുമില്ലാത്ത ഇത്തരം വാദങ്ങള്‍. പ്രവാചകന്‍ തന്റെ കാലത്തെ സാമ്പത്തിക മൂല്യമുള്ള എല്ലാറ്റിനും സകാത്ത് ചുമത്തിയിട്ടുണ്ട്. നാഗരിക വളര്‍ച്ചക്കനുസരിച്ച് വരുമാന സ്രോതസ്സുകളും, നേരത്തേ സാമ്പത്തിക മൂല്യമില്ലാതിരുന്ന പലതിന്റെയും സാമ്പത്തിക മൂല്യവും വര്‍ധിക്കുമെന്നത് സ്വാഭാവികമാണ്. മാത്രവുമല്ല, ഓരോ നാട്ടിലെയും സാമ്പത്തിക സ്രോതസ്സുകളും വരുമാന മാര്‍ഗങ്ങളും വ്യത്യസ്തമായിരിക്കുകയും ചെയ്യും. റസൂല്‍ തന്റെ കാലത്തും ദേശത്തുമുള്ള സാമ്പത്തിക സ്രോതസ്സുകളാണ് എണ്ണിപ്പറഞ്ഞത്. അതിന്റെ അര്‍ഥം നാം നമ്മുടെ ദേശത്തും കാലത്തുമുള്ള സാമ്പത്തിക സ്രോതസ്സുകള്‍ എണ്ണിപ്പറയണം എന്നു തന്നെയാണ്. അല്ലെങ്കില്‍ പഴയ അറേബ്യന്‍ സാമൂഹിക, സാമ്പത്തിക ജീവിതത്തില്‍ കുടുങ്ങിക്കിടക്കുന്ന ഒന്നായി സകാത്തിനെയും ഇസ്‌ലാമിനെ തന്നെയും വ്യാഖ്യാനിക്കേണ്ടിവരും. ഇസ്‌ലാം അന്ത്യനാള്‍ വരേക്കും സകല മനുഷ്യര്‍ക്കുമുള്ള ജീവിത ദര്‍ശനമാണ് എന്ന ഖുര്‍ആനിക വിളംബരത്തിന് കടകവിരുദ്ധവുമാണിത്. സകാത്തിനെ സംബന്ധിച്ച് വന്നിട്ടുള്ള ഖുര്‍ആനിക പരാമര്‍ശങ്ങള്‍ പരിശോധിച്ചാല്‍ മൊത്തം സമ്പത്തും അതിന്റെ പരിധിയില്‍ വരുമെന്ന് ബോധ്യമാകും. 'അവരുടെ ധനത്തില്‍നിന്ന് എടുക്കുക' (9:103), 'നാം നിങ്ങള്‍ക്ക് ഭൂമിയില്‍നിന്ന് ഉല്‍പാദിപ്പിച്ചുതന്നവയില്‍നിന്ന്' (2:267), 'വിളവെടുപ്പ് ദിവസം അതിന്റെ ബാധ്യത നല്‍കുക' (6:141) തുടങ്ങിയ ഖുര്‍ആനിലെ പ്രയോഗങ്ങള്‍ മുഴുവന്‍ സാമ്പത്തിക വ്യവഹാരങ്ങളെയും ഉള്‍ക്കൊള്ളുമെന്ന് ഇമാം അബൂഹനീഫയെപ്പോലുള്ള പഴയകാല പണ്ഡിതന്മാര്‍ തന്നെ സമര്‍ഥിച്ചിട്ടുള്ളതാണ്.

ഏതായാലും, സകാത്തിനെ സംബന്ധിച്ച് മുസ്‌ലിം സമുദായം വെച്ചുപുലര്‍ത്തിയിരുന്ന വികല സങ്കല്‍പങ്ങള്‍ വളരെ വേഗം മാറിവരുന്നുണ്ട് എന്നത് സന്തോഷകരമാണ്. കോവിഡ് മഹാമാരിയെ നേരിടാനുള്ള ഫലപ്രദമായ ഒരായുധമായി സകാത്തിനെ ഉപയോഗപ്പെടുത്തണമെന്ന് പണ്ഡിതന്മാര്‍ ഒറ്റക്കെട്ടായി ആഹ്വാനം ചെയ്തുകഴിഞ്ഞു. കോവിഡ് രോഗികളുടെ ചികിത്സക്കും പുനരധിവാസത്തിനുമായി റമദാന്‍ എത്തുന്നതിനു മുമ്പ് തന്നെ സകാത്ത് വിഹിതം അര്‍ഹരായവര്‍ക്ക് നല്‍കാനും പണ്ഡിതന്മാര്‍ അഭ്യര്‍ഥിച്ചിരുന്നു. തന്റെ പിതൃസഹോദരനായ അബ്ബാസിന്റെ ഒരു വര്‍ഷത്തെ (മറ്റൊരു റിപ്പോര്‍ട്ടില്‍ രണ്ട് വര്‍ഷത്തെ) സകാത്ത് പ്രവാചകന്‍ മുന്‍കൂറായി വാങ്ങിയിരുന്നു. കോവിഡാനന്തര കാലത്തെ അഭിമുഖീകരിക്കാനായി ഒരുപക്ഷേ നമുക്കും ഒന്നു രണ്ട് വര്‍ഷത്തെ സകാത്ത് മുന്‍കൂറായി നല്‍കേണ്ടിവന്നേക്കാം. സകാത്തല്ലാത്ത സാമ്പത്തിക ബാധ്യതകളും ഇസ്‌ലാമില്‍ ഉണ്ടെന്നത് സ്ഥിരപ്പെട്ട കാര്യമാണ്. ഈ പ്രതിസന്ധിഘട്ടത്തെ മറികടക്കാന്‍ ഇത്തരം എല്ലാ സാധ്യതകളെയും എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് മുസ്‌ലിം പണ്ഡിതന്മാരും സംഘടനകളും ആലോചിക്കണം. ●

സകാത്തിനെ സംബന്ധിച്ച് മുസ്‌ലിം സമുദായം വെച്ചുപുലര്‍ത്തിയിരുന്ന വികല സങ്കല്‍പങ്ങള്‍ വളരെ വേഗം മാറിവരുന്നുണ്ട് എന്നത് സന്തോഷകരമാണ്. കോവിഡ് മഹാമാരിയെ നേരിടാനുള്ള ഫലപ്രദമായ ഒരായുധമായി സകാത്തിനെ ഉപയോഗപ്പെടുത്തണമെന്ന് പണ്ഡിതന്മാര്‍ ഒറ്റക്കെട്ടായി ആഹ്വാനം ചെയ്തുകഴിഞ്ഞു.

# "അഗതി അനാഥകളുടെ തറവാട്"

www.voc.co.in

## വിജ്ഞാനത്തിന്റെ പറുദീസ

# വാടാനപ്പള്ളി

## ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്

P.B.No:9, Vatanappally Post, Thrissur Dist., Kerala, India,
Ph : +91 487 2602268, 2600294 | E-mail: vorphanage@gmail.com





മാസം തോറും ഭീമമായ സംഖ്യ ചെലവു വരുന്ന ഈ സ്ഥാപനത്തിന്റെ മുഖ്യ അവലംബം നിങ്ങളെ പോലെയുള്ളവരുടെ സക്കാത്ത് സദഖ വിഹിതങ്ങളാണ്

- അനാഥത്വം ഇടിമിന്നലായി ഇറങ്ങിയ കുഞ്ഞുങ്ങൾക്ക് താങ്ങും തണലുമായി അനാഥ-സംരക്ഷണത്തിന്റെ ദൈവിക ദൗത്യവുമായി മധ്യ കേരളത്തിൽ പിറവിയെടുത്ത സ്ഥാപനം.
- അക്ഷരത്തിന്റെ വെളിച്ചവും സംരക്ഷണത്തിന്റെ സാന്ത്വന സ്പർശവും സ്വപ്നം കണ്ട വിദ്യാർത്ഥികളെ വിജ്ഞാനത്തിന്റെ വിജയ പാതയിലെത്തിച്ച കലാലയം.
- വീടകങ്ങളുടെ സ്നേഹവും മതഭൗതിക വിജ്ഞാനങ്ങളുടെ ആഴവും അറിഞ്ഞ തലമുറയെ നവോത്ഥാനത്തിൻ മുന്നിൽ നിർത്തിയ പതിറ്റാണ്ടുകളുടെ പാരമ്പര്യം.
- തൃശൂർ ജില്ലയിലെ വാടാനപ്പള്ളിയിൽ സമാരംഭം കുറിച്ച് തളിക്കുളം, പുതിയങ്ങാടി, എറണാകുളം ജില്ലയിലെ മന്നം പറവൂർ, ചാലക്കൽ തുടങ്ങി കൊല്ലം ജില്ലയിലെ ഉമയനല്ലൂർ, നെടുമ്പന വരെ പടർന്നു പന്തലിച്ച വിജ്ഞാനഗേഹങ്ങളുടെ ബൃഹത്തായ ശൃംഖല.
- പ്രീ സ്കൂളുകൾ - മദ്റസ്സകൾ - ഹെവൻസ് ഖുർആനിക് പ്രീസ്ക്കൂൾ- ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുടങ്ങി ഹയർ സെക്കണ്ടറി ഡിഗ്രി തലങ്ങൾ വരെയുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ അറിവ് നുകരുന്ന 4 സീനിയർ കോളേജുകൾ -ഓൾഡേജ് ഹോം ഉൾപ്പെടെയുള്ള സ്ഥാപന സമുച്ചയങ്ങൾ.

സഹോദരാ,

വിശ്വാസികളുടെ ഹൃദയങ്ങളിൽ വസന്തം വിടർത്തി വിശുദ്ധ റമദാൻ കടന്നുവരുന്നു. പുണ്യങ്ങളുടെ ഈ നിറവസന്തത്തിൽ അടിച്ചു വീശുന്ന കാറ്റുപോലെ ദാനധർമങ്ങളുടെ നീർച്ചാലിലേക്ക് നിങ്ങളുടെ ഉദാര ഹൃദയം ഒഴുകാൻ വെമ്പുമ്പോൾ ഈ കാരുണ്യ ഭവനത്തെയും അതിലെ കുരുന്നു മക്കളെയും മറക്കാതിരിക്കുക

പ്രതീക്ഷയോടെ
നിങ്ങളുടെ സഹോദരൻ
കെ കെ മമ്മുണ്ണി മൗലവി

Cheque / DD to :
Vatanappally Orpahange Committee

**Vatanappally Orpahanage Committee**
**SBI Vatanappally Branch**
**AC No:10532244438 | IFSC:SBIN0008683**

**AXIS Bank Vatanappally Branch**
**AC No:917020025053101 | IFSC:UTIB0003224**



editorprabodhanam@gmail.com



മനുഷ്യ സ്നേഹത്തിന്റെയും പരസ്പരധാരണയുടെയും അടിത്തറയിൽ വളർന്നുവരുന്ന സാഹോദര്യവും ഐക്യദാർഢ്യവും ഉയർത്തിപ്പിടിച്ച് മുന്നോട്ടു പോവുകയാണ് ഇനി വേണ്ടത്. യന്ത്രങ്ങളോ ആയുധങ്ങളോ സമ്പത്തോ അല്ല, മനുഷ്യനാണ് ലോകത്ത് ഏറ്റവും പരിഗണനീയം എന്ന തിരിച്ചറിവും കൊറോണാനന്തര ഫലമായി നമുക്കു ലഭിക്കട്ടെ.

കത്ത്

# കോവിഡ് -19ഉം അയ്യൂബ് നബിയും

**റഹീം ഓമശ്ശേരി**

**അയ്യൂബ്** നബിയുമായി ബന്ധപ്പെട്ട അതീവ പ്രാധാന്യമുള്ള ചില സംഭവങ്ങൾ പരിശുദ്ധ ഖുർആനിലും ഹദീസുകളിലും വന്നിട്ടുണ്ട്. പ്രവാചകന്മാരിൽ ദീർഘകാലം രോഗം കൊണ്ട് പരീക്ഷിക്കപ്പെട്ട വ്യക്തിയെന്ന നിലക്ക് വർത്തമാന കാലത്തും ഏറെ പ്രാധാന്യമുള്ളതാണ് അദ്ദേഹത്തിന്റെ ജീവിതം. ഖുർആനിൽ രണ്ട് അധ്യായങ്ങളിലാണ് പ്രധാനമായും അയ്യൂബ് നബിയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന സൂക്തങ്ങളുള്ളത്. അൽ അമ്പിയാഅ് 83 സൂക്തവും സ്വാദ് 40-ാം സൂക്തവും ആ പ്രവാചകന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. എന്തായിരുന്നു അദ്ദേഹത്തെ ബാധിച്ചത്? സമൂഹത്തിൽ സാമ്പത്തികമായി ഏറെ ഉയർന്ന നിലയിലായിരുന്നു അയ്യൂബ് നബി. വിശാലമായ കൃഷി ഭൂമിയും ആടുമാടുകളും സ്വന്തമായി ഉണ്ടായിരുന്ന അദ്ദേഹം വലിയ ധനികനായിരുന്നു. സന്താന ബാഹുല്യത്തിലും അയ്യൂബ് നബി ഏറെ അനുഗ്രഹം ലഭിച്ച വ്യക്തിയായിരുന്നു.

32-ാം വയസ്സിൽ അദ്ദേഹത്തെ ബാധിച്ച ഒരു തരം ചൊറി ശരീരം മുഴുവൻ പടരാൻ തുടങ്ങി. ഏകദേശം പതിമൂന്ന് മുതൽ പതിനെട്ട് വർഷം വരെ ആ രോഗബാധ നീണ്ടുനിന്നതായി പറയപ്പെടുന്നു. കൂടെ ഉണ്ടായിരുന്ന സന്താനങ്ങളും ഭാര്യമാരും വരെ അദ്ദേഹത്തെ വിട്ട് പോയി. ഒരു ഭാര്യ അദ്ദേഹത്തെ പരിചരിച്ച് കൂടെ ഉണ്ടായിരുന്നതായി ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ചൊറി കാരണം ശരീരത്തിൽ ചലം നിറയുകയും പൊട്ടി വ്രണമാവുകയും ചെയ്തു. വ്രണങ്ങളിൽനിന്നുള്ള ദുർഗന്ധം അസഹ്യമായിരുന്നുവെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ, തന്നെ ബാധിച്ച അസുഖത്തെ അതീവ ക്ഷമയോടു കൂടിയായിരുന്നു അയ്യൂബ് നബി സമീപിച്ചത് എന്ന് ഖുർആൻ വ്യക്തമാക്കുന്നു. 'അയ്യൂബ് നബിയുടെ ക്ഷമ' എന്ന് മാലോകർ പറയുമാറ് ഖ്യാതി നേടിയിരുന്നു അത്. തന്റെ വ്യക്തിപരമായ ഒരു കാര്യത്തിന് അല്ലാഹുവിനോട് ആവലാതി പറയാൻ ആ പ്രവാചകൻ മടിച്ചിരുന്നുവത്രെ. അതുകൊണ്ടുതന്നെയാവണം, 'ഞാൻ രോഗാതുരനായിരിക്കുന്നു. നീയാകട്ടെ കരുണയുള്ളവരിൽ ഏറ്റവും കരുണയുള്ളവനാണല്ലോ' എന്ന് മാത്രം അദ്ദേഹം പ്രാർഥിച്ചു വെച്ചത്. എത്ര ഉന്നതമായ പ്രാർഥനാ രീതിയാണ് അയ്യൂബ് നബി സ്വീകരിക്കുന്നത്. നാഥനോട് ആവലാതി പറയുന്നില്ല. തന്നെ ബാധിച്ച ക്ലേശം ഒറ്റ വാചകത്തിൽ എല്ലാം അറിയുന്ന നാഥനു മുമ്പിൽ സമർപ്പിക്കുന്നു. തുടർന്ന് പറയുന്നു; നീ കരുണയുള്ളവരിൽ ഏറ്റവും കരുണാവാരിധിയല്ലോ. അയ്യൂബ് നബി മാരകമായ ആ അസുഖത്തിൽ നിന്ന് മോചിതനാവുകയും തുടർന്ന് നഷ്ടപ്പെട്ട ഐശ്വര്യങ്ങളൊക്കെ അദ്ദേഹത്തിന് തിരിച്ചുകിട്ടുന്നുമുണ്ട്.

മനുഷ്യകുലത്തെ ബാധിച്ച അതീവ ഗുരുതരമായ കോവിഡ് -19 മഹാമാരിയെ വിശ്വാസികൾ ഏതു രീതിയിൽ സമീപിക്കണമെന്നതിന്റെ മാതൃകകൾ അയ്യൂബ് നബിയുടെ ജീവിതത്തിൽ നിന്ന് കണ്ടെടുക്കാനാവും. പരീക്ഷണങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ ഭീരുക്കളായി മാറുന്നതാണ് ഇന്ന് നാം കാണുന്ന ലോകത്തിന്റെ ഏറ്റവും വലിയ ദുരന്തം. നിലവിലെ സാഹചര്യത്തെ ഗുണപരമായി കാണാനും അനുകൂലമാക്കി മാറ്റാനുമാണ് വിശ്വാസികൾ പരിശ്രമിക്കേണ്ടത്. വർത്തമാന കാലത്ത് പ്രതികൂല സാഹചര്യങ്ങളെ അനുകൂലമാക്കിയ നിരവധി സംഭവങ്ങളാണ് നമുക്ക് കാണാൻ കഴിയുക. കഴിഞ്ഞ പത്ത് വർഷത്തിലധികമായി ഉപരോധം നേരിടുന്ന ഗസ്സയെന്ന നഗരം കോറോണാ കാലത്തെ തങ്ങൾക്കേറ്റവും അനുഗുണമാക്കി മാറ്റിയിരിക്കുന്നു. ലോകത്ത് തന്നെ ഏറ്റവും ജനസാന്ദ്രതയുള്ള പട്ടണമായിരുന്നിട്ടും വിരലിൽ എണ്ണാവുന്ന രോഗികൾ മാത്രമാണ് ഗസ്സയിലുള്ളത്. സാമ്രാജ്യത്വശക്തികൾ ലോകത്തിനു മുമ്പിൽ വാവിട്ടു കരയുമ്പോൾ, തങ്ങൾക്ക് മേൽ ബോംബ് വർഷിക്കാൻ ആയുധങ്ങൾ നിർമിച്ചിരുന്ന ട്രംപിനോട് ഫലസ്ത്വീൻ കുട്ടി ചോദിക്കുന്ന മൂർച്ചയേറിയ ചോദ്യം ഇന്ന് ട്രംപിനെ മാത്രമല്ല യൂറോപ്യൻ രാഷ്ട്ര നേതാക്കളെ ഒന്നടങ്കം പ്രതിക്കൂട്ടിൽ നിർത്തുന്നതാണ്. ശാസ്ത്രം മനുഷ്യന്റെ കൈയിലെ കളിയായുധമായി മാറിയ ലോകത്ത് ജീവിക്കുമ്പോഴും നിലനിൽപ്പിനു വേണ്ടി കേഴേണ്ടിവരുന്ന കാഴ്ച ഏതൊരാളെയും കണ്ണ് തുറപ്പിക്കേണ്ടതാണ്. ദൈവത്തിനും ഇടപെടാനുണ്ട് എന്ന കൃത്യമായ സന്ദേശമാണത്. സീസർക്കുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന് പറഞ്ഞ് വിഭജനം വരച്ചവർ ഇന്ന് ഈ മഹാമാരിയെ ഇല്ലാതാക്കണമെങ്കിൽ ആകാശത്തു നിന്ന് ഇടപെടൽ ഉണ്ടാകണമെന്ന് വ്യാമോഹിക്കുന്നു.

നിലവിലെ സന്ദർഭത്തെയാകാം വിശുദ്ധ ഖുർആൻ വളരെ കൃത്യമായി അടയാളപ്പെടുത്തിയത്; 'അതിക്രമത്തിൽ അന്ധമായി വിഹരിക്കാൻ അവരെ കയറൂരി വിടുകയാകുന്നു' (*അൽബഖറ* 15). മഹാമാരികൾ ഇതിനു മുമ്പും ലോകത്തുണ്ടായിട്ടുണ്ട്. സമൂഹങ്ങളുടെ ചെയ്തികൾ അതിരു കടന്നപ്പോഴൊക്കെ സ്രഷ്ടാവ് ശക്തമായ ഇടപെടലുകൾ നടത്തിയതിന്റെ ചരിത്രം ഖുർആനിലും

ബൈബിളിലുമെല്ലാം കാണാം. ചെയ്യരുതെന്ന് വിലക്കിയ കാര്യങ്ങൾ ചെയ്തപ്പോൾ, സമൂഹത്തിൽ അധർമം പരത്തരുതെന്ന് പറഞ്ഞ കൽപ്പനകളെ ലംഘിച്ചപ്പോൾ, സത്യത്തിലേക്ക് ക്ഷണിക്കാൻ എത്തിയ പ്രവാചകന്മാരെ വധിക്കാനൊരുമ്പെട്ടപ്പോൾ, ലോകത്തിന്റെ ആവാസ വ്യവസ്ഥയെ തകിടം മറിക്കാൻ ശ്രമിച്ചപ്പോൾ എല്ലാം കൃത്യമായ ഇടപെടലുകൾ തന്നെയാണ് നിയന്താവിൽ നിന്ന് ഉണ്ടായത്. ഇന്നത്തെ സാഹചര്യവും മറിച്ചല്ലേല്ലോ. എല്ലാം പരിപാലിക്കുന്നവന് അറിയാത്തതല്ലല്ലോ നിലവിലെ ലോകക്രമം. ''അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ നിങ്ങളെ കുറിച്ച് ചിന്തിക്കുക. മറ്റുള്ളവരുടെ മാർഗഭ്രംശം നിങ്ങൾക്ക് ഒരു ദോഷവും ചെയ്യുകയില്ല'' (*അൽമാഇദ* 105). ●

# കൊറോണാനന്തര ലോകക്രമം, ചില സൂചനകൾ

**ഹാരിസ് കെ.വി മാണിയൂർ**

**പണവും** ആയുധവുമാണ് ഇതുവരെ ലോകത്തെ നിയന്ത്രിച്ചതെങ്കിൽ അത് മാറാൻ പോകുന്നുവെന്നാണ് കൊറോണാ കാലം നൽകുന്ന സൂചന. ശത്രു /മിത്രം സംബന്ധിച്ച് ലോകത്തിന്റെ കാഴ്ചപ്പാടിൽ പോലും ഈ അതിസൂക്ഷ്മാണു വലിയ മാറ്റങ്ങൾ വരുത്തുന്നു. സാമ്പത്തികമായും ഭൂമിശാസ്ത്രപരമായും വ്യത്യസ്ത ധ്രുവങ്ങളിലുള്ള രാജ്യങ്ങൾ ഒടുവിൽ പരസ്പരം തിരിച്ചറിയുകയാണ്. ജീവഹാനിയുടെ കാര്യത്തിൽ അമേരിക്ക, ബ്രിട്ടൻ, സ്പെയ്ൻ, ഇറ്റലി, ഫ്രാൻസ് തുടങ്ങിയ നാടുകളിൽനിന്നൊന്നും ആശ്വാസത്തിന്റെ സൂചനകൾ വന്നു തുടങ്ങിയിട്ടില്ല. ശാസ്ത്ര-സാങ്കേതിക രംഗത്ത്, വിശേഷിച്ച് വൈദ്യശാസ്ത്ര മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾക്കിടയിലും പുതിയ വൈറസുകളെ നേരിടാനാവശ്യമായ സന്നാഹവും മുൻകരുതലുകളും വൻകിട രാഷ്ട്രങ്ങൾക്ക് സ്വീകരിക്കാൻ കഴിയാതെ പോയി. ഫലപ്രദമായ പ്രതിവിധി കണ്ടെത്താനുള്ള തീവ്രശ്രമം പൂർത്തിയായാലും മഹാമാരിയെ നിശ്ശേഷം തുരത്താൻ ഇനിയും മാസങ്ങൾ വേണ്ടിവരും. കോറോണാന്തര ലോകം എങ്ങനെയായിരിക്കുമെന്ന് പല എഴുത്തുകളിലും നിരീക്ഷിക്കപ്പെടുന്നുണ്ട്.

കൊറോണാനന്തര ലോകത്തെക്കുറിച്ച് പ്രവചിക്കുന്ന എഴുത്തുകളിൽ കോവിഡിനു മുമ്പും ശേഷവും എന്ന ചരിത്രവിഭജനം നടത്തുന്നവരെയും കാര്യമായ മാറ്റമൊന്നുമില്ലാതെ ഇതു കടന്നുപോകുമെന്ന് നിരീക്ഷിക്കുന്നവരെയും കാണാൻ കഴിയും. സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ മൗലികമായ മാറ്റങ്ങൾക്ക് കൊറോണ നിമിത്തമാകുമെന്ന പുതിയ പഠനങ്ങൾ വരുന്നുമുണ്ട്.

ഹരാരി ഫിനാൻഷ്യൽ ടൈംസിൽ എഴുതിയ ലേഖനത്തിൽ, അപകടകരമായ സാങ്കേതിക വിദ്യകളുടെ പ്രയോഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഭരണകൂടങ്ങൾ വിവര സാങ്കേതിക മാർഗങ്ങൾ ഉപയോഗിച്ച് പലതരം നിയന്ത്രണങ്ങൾ കൊണ്ടുവരുമ്പോൾ, താൽക്കാലികമെന്ന് നാം കരുതുന്ന ഇത്തരം നിയന്ത്രണങ്ങൾ കൊറോണാനന്തരവും നിത്യസാന്നിധ്യമാകുമെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. സാങ്കേതികമായ കൃത്യനിർവഹണങ്ങളിൽ ഓൺലൈനെ ആശ്രയിക്കാമെന്ന വർധിത വിശ്വാസം, സാമ്പ്രദായിക രീതികളിൽ വലിയ മാറ്റങ്ങൾ വരുത്തും. കോടതികൾ, മന്ത്രാലയങ്ങൾ, മറ്റു സ്ഥാപനങ്ങൾ നേരിട്ടുള്ള ബന്ധമൊഴിവാക്കി ഇ-സർവ്വീസുകളിലൂടെ ബന്ധം മാറ്റിപ്പണിയും. പുതിയ ലോകത്തിന്റെ പിറവിയുടെ തുടക്കമെന്നു പറയാം.

മതങ്ങളുടെയും ദർശനങ്ങളുടെയും ജീവിതത്തിന്റെയും മാനവികതയുടെയും പുതിയ അർഥ തലങ്ങൾ ഇനിയുള്ള ലോകം അന്വേഷിച്ചുകൊണ്ടിരിക്കും. മാനവികമായ ആശയതലങ്ങളെ പുണരാൻ വിശ്വാസികൾ നിർബന്ധിതരാവുന്ന കാലം വരാൻ പോകുന്നു. നീതിയും സുസ്ഥിരതയും വാഗ്ദാനം ചെയ്യുന്ന പുതിയ സാമ്പത്തിക ക്രമത്തെയാവും കൊറോണാനന്തരകാലം അന്വേഷിക്കുക. കൊറോണാ കാലത്ത് സർവവ്യാപകമായ വീഡിയോ കോൺഫറൻസിങ് കോറോണാനന്തരവും സാർവത്രികമായേക്കാം, ബിസിനസ് യാത്രകൾ വളരെയേറെ കുറഞ്ഞേക്കും. രാജ്യങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടതൊടെ വീട്ടിലിരുന്ന് പഠിക്കുന്ന സമ്പ്രദായം ക്രിയാത്മകമായ രീതിയിൽ നടക്കുന്നുവെന്ന് യുനെസ്കോ പറയുന്നു. ഇത് വിദ്യാർഥികളുടെ മിടുക്ക് വർധിക്കാൻ സഹായകമാകുമെന്നും വികസ്വര രാജ്യങ്ങളുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ ഇത്തരം വിദൂര വിദ്യാഭ്യാസ സമ്പ്രദായം ഉപകരിക്കുമെന്നും നിരീക്ഷിക്കപ്പെടുന്നു.

മനുഷ്യന്റെ ജീവിതരീതികളിൽ കാതലായ മാറ്റങ്ങൾ സംഭവിക്കാം. അത്യാവശ്യം, ആവശ്യം, ആഡംബരം എന്നിങ്ങനെയുള്ള തരംതിരിവ് ഭാവി ജീവിതത്തിൽ ക്രിയാത്മക മാറ്റമുണ്ടാക്കും. ആരോഗ്യപരിരക്ഷക്കായി കൂടുതൽ പരിഗണന നൽകപ്പെടുകയും പൊതുജന ആരോഗ്യ സംരക്ഷണത്തിനുള്ള ശ്രദ്ധ വർധിക്കുകയും ചെയ്യും. ഭാവിയിൽ ഇത്തരം മഹാമാരിയെ നേരിടുന്നതിൽ സർക്കാറുകളുടെ പ്രവർത്തന രീതികളിൽ കൂടുതൽ ആസൂത്രണവും തയാറെടുപ്പുമുണ്ടാവുമെന്നുള്ളതും തീർച്ചയാണ്.

മനുഷ്യ സ്നേഹത്തിന്റെയും പരസ്പരധാരണയുടെയും അടിത്തറയിൽ വളർന്നുവരുന്ന സാഹോദര്യവും ഐക്യദാർഢ്യവും ഉയർത്തിപ്പിടിച്ച് മുന്നോട്ടു പോവുകയാണ് ഇനി വേണ്ടത്. യന്ത്രങ്ങളോ ആയുധങ്ങളോ സമ്പത്തോ അല്ല, മനുഷ്യനാണ് ലോകത്ത് ഏറ്റവും പരിഗണനീയം എന്ന തിരിച്ചറിവും കൊറോണാനന്തര ഫലമായി നമുക്കു ലഭിക്കട്ടെ. ●



# ഈ മഹാമാരിയിൽനിന്ന് മനുഷ്യസമൂഹത്തിന് പഠിക്കാനുള്ളത്

പ്രഭാഷണം / സയ്യിദ് സആദത്തുല്ല ഹുസൈനി

**ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അധ്യക്ഷൻ ഏപ്രിൽ 11-ന് ദൽഹിയിലെ സംഘടനാ ആസ്ഥാനത്ത് നടത്തിയ പ്രഭാഷണം.**

നമ്മൾ കടന്നുപോകുന്ന ഈ ഘട്ടത്തെ മനുഷ്യചരിത്രത്തിലെ തന്നെ ഏറ്റവും അസാധാരണം എന്ന് വിശേഷിപ്പിക്കണം. ലോകം മുഴുക്കെ ഇത്രയധികം ഭീതിയിലും സംഭ്രാന്തിയിലും അകപ്പെട്ട മറ്റൊരു സന്ദർഭമുണ്ടായിട്ടില്ല. മരണത്തിന്റെ നിഴൽ ലോകത്തെ മുഴുവൻ നഗരങ്ങളെയും ഒരേസമയം വലയം ചെയ്ത, മനുഷ്യനാഗരികതയുടെ തിളക്കവും പൊലിമയും അപ്പാടെ പിൻവാങ്ങിയ ഇതുപോലൊരു ഘട്ടം മനുഷ്യചരിത്രത്തിലില്ല. ഈ മാരകമായ വൈറസിനെക്കുറിച്ച് ധാരാളം വിവരങ്ങൾ ഇന്ന് നമുക്ക് നമ്മുടെ വിരൽത്തുമ്പിൽ ലഭ്യമാണ്. മുൻ മഹാമാരികളെ അപേക്ഷിച്ച് ഈ മഹാമാരി അത്രയധികം ജീവൻ കവർന്നെടുത്തേക്കില്ല. പക്ഷേ 'ഭയത്തിന്റെയും മരണസാധ്യതയുടെയും' മുന്നിൽ മനുഷ്യൻ ഇതുപോലെ മറ്റൊരിക്കലും വിറങ്ങലിച്ചുനിന്നിട്ടില്ല.

ഈ മഹാമാരി പിൻവാങ്ങുന്നതോടെ ലോകം മുഴുക്കെ വലിയ മാറ്റങ്ങളാണ് വരാൻ പോകുന്നത്. മനുഷ്യജീവിതത്തിന്റെ സകല തുറകളെയും അത് ബാധിക്കും. ഈ പ്രതിസന്ധി നാം തരണം ചെയ്യും. പക്ഷേ, കടക്കുന്നത് തീർത്തും പുതിയൊരു ലോകത്തേക്കായിരിക്കും. ആ ലോകം എങ്ങനെയായിരിക്കും? ഏതു വിധമായിരിക്കും അത് കാഴ്ചപ്പെടുന്നത്? നാമതിനെക്കുറിച്ച് ചിന്തിക്കണം. അതിനേക്കാളുപരി, എങ്ങനെയായിരിക്കണം ആ ലോകം എന്നും നാം ആലോചിക്കണം. ഈ ആഗോള മഹാമാരിയിൽനിന്ന് നാം പഠിക്കേണ്ട പാഠങ്ങൾ എന്തൊക്കെ? അതുണ്ടാകാനുള്ള കാരണങ്ങൾ നാം എങ്ങനെ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കും?

### ഇസ്‌ലാമിക സമൂഹത്തിന്റെ നിലപാട്

ദിവ്യസന്ദേശത്തിന്റെ വാഹകരാണ് മുസ്‌ലിം സമൂഹം. ധാർമികതക്കും നീതിക്കും സമാധാനത്തിനും വേണ്ടി നിലകൊള്ളേണ്ടവരാണവർ. തങ്ങളെക്കുറിച്ച് മാത്രമല്ല അവർക്ക് ഉത്തരവാദിത്തമുള്ളത്. മുഴുവൻ മനുഷ്യകുലത്തിന്റെയും ഉത്തരവാദിത്തം അവരുടെ ചുമലിലുണ്ട്. ഇതാണ് മുസ്‌ലിം സമൂഹത്തിന്റെ യഥാർഥ നില. മുഴുവൻ മനുഷ്യരുടെയും ഇഹത്തിലെയും പരത്തിലെയും വിജയമാണ് അവരുടെ ലക്ഷ്യം. അതേച്ചൊല്ലിയാണ് അവർക്ക് ആധിയുണ്ടാവേണ്ടത്. ഇനി മുസ്‌ലിം സമൂഹം തങ്ങളെക്കുറിച്ച് മാത്രം ആധി കൊള്ളുകയും തങ്ങളിലേക്ക് മാത്രമായി ചുരുങ്ങുകയുമാണെങ്കിൽ അത് മനുഷ്യസമൂഹത്തെ സംബന്ധിച്ചേടത്തോളം മഹാനഷ്ടമായിരിക്കും. മുസ്‌ലിം സമൂഹത്തിന്റെ പ്രതിഛായയും അത് വളരെ മോശമാക്കും. അല്ലാഹുവിന്റെ മുന്നിൽ മറുപടി പറയേണ്ടതായും വരും. മനുഷ്യകുലത്തിന്റെ അവിഭാജ്യ ഘടകമായി തങ്ങളെ സ്വയം സ്ഥാനപ്പെടുത്താൻ അവർക്ക് കഴിയണം. മനുഷ്യസമൂഹം മൊത്തം നേരിടുന്ന പൊതു പ്രശ്നങ്ങളെക്കുറിച്ച് അവർ ആലോചിക്കണം. ആ പ്രശ്നങ്ങൾക്ക് കാരണമെന്ത് എന്ന് വിശകലനം ചെയ്യണം. ദൈവിക മാർഗദർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമന്വേഷിക്കുകയും അത് മുഴുവൻ മനുഷ്യരാശിയുടെയും മുന്നിൽ സമർപ്പിക്കുകയും വേണം. ആ

ലക്ഷ്യത്തിനാകട്ടെ നമ്മുടെ കഠിന യത് നങ്ങൾ.

ഇത്തരം മഹാമാരികൾ പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ ശക്തിവിശേഷം എത്ര അപാരമാണെന്നും നാം മനുഷ്യർ എത്ര നിസ്സാരരും നിസ്സഹായരുമാണെന്നും കാണിച്ചുതരുന്നുണ്ട്. നാമിപ്പോൾ ഉള്ളത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ. മനുഷ്യപുരോഗതി അതിന്റെ ഉച്ചസ്ഥായിയിൽ നിൽക്കുന്നു. നാഗരികതയാകട്ടെ, അതിനൂതന ടെക്നോളജിയുടെയും വിസ്മയാവഹമായ കണ്ടുപിടിത്തങ്ങളുടെയും നെറുകയിൽ. ഇന്ന് ഒരു സാധാരണക്കാരന് ലഭിക്കുന്ന സൗകര്യങ്ങളും സേവനങ്ങളും മുൻകാലങ്ങളിലെ വലിയ വലിയ ചക്രവർത്തിമാർക്കു വരെ ലഭിച്ചിരുന്നില്ല. മുമ്പ് സ്വപ്നം കാണാൻ പോലും പറ്റാതിരുന്ന തലത്തിലേക്ക് ശാസ്ത്ര കണ്ടുപിടിത്തങ്ങളും നാഗരിക പുരോഗതിയും നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു. ആധുനിക മനുഷ്യന് ഇതേക്കുറിച്ചെല്ലാം അഭിമാനവുമുണ്ട്. താൻ പ്രകൃതിക്കു മേൽ നേടിയ വിജയം എന്നാണ് മനുഷ്യൻ അതിനെ വിശേഷിപ്പിക്കുന്നത്. ഈ അറിവും കഴിവും സൃഷ്ടിച്ചെടുത്ത മാനസികാവസ്ഥ മനുഷ്യനെ മതത്തിൽനിന്നും ദൈവത്തിൽനിന്നും അകറ്റുകയായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യന്റെയും ദേശങ്ങളുടെയും 'ബൈബിൾ' ഭൗതിക പുരോഗതി ആയിത്തീർന്നു. ഈ മായികവലയത്തിൽ പെട്ട് എത്രയധികം പണം നേടാം എന്നതിൽ മാത്രമായി അവന്റെ ശ്രദ്ധ; ഈ ഭൗതിക ചിന്ത മാത്രമേ അവനെ പ്രചോദിപ്പിച്ചുള്ളൂ.

നമ്മൾ കണ്ടു, മനുഷ്യന്റെ ഈ അഹന്ത ചിന്തയെ മഹാമാരി എങ്ങനെയാണ് തച്ചുടച്ചതെന്ന്. ദൈവശക്തിക്കു മുന്നിൽ ഈ പുരോഗതിയും വികസനവും ഒന്നുമല്ലെന്ന് അതവന് കാണിച്ചുകൊടുത്തു: ''ജനങ്ങളേ, ഒരു ഉദാഹരണം പറയാൻ പോകുന്നു. ശ്രദ്ധിച്ചു കേൾക്കുക. നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്ന അല്ലാഹുവല്ലാത്ത മറ്റുള്ളവരുണ്ടല്ലോ, അവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുന്നില്ല. അക്കാര്യത്തിന് അവരെല്ലാവരും ഒരുമിച്ചു ചേർന്നാലും അവർക്കതിന് സാധിക്കുകയുമില്ല. ഇനിയൊരു ഈച്ച എന്തെങ്കിലും കട്ടെടുത്തു കൊണ്ടുപോയാൽ അത് തിരിച്ചുപിടിക്കാനും നിങ്ങളുടെ ആരാധ്യവസ്തുക്കൾക്ക് കഴിയില്ല. തേടുന്നവരും ആരോടാണോ അവർ തേടുന്നത് അവരും എത്ര ദുർബലരാണെന്ന് നോക്കൂ'' (ഖുർആൻ 22:73).

### വ്യാജ ദൈവങ്ങളുടെ നിസ്സഹായത

വ്യാജദൈവങ്ങളുടെ നിസ്സഹായതയിലേക്ക് വിരൽ ചൂണ്ടുകയാണ് മേൽ കൊടുത്ത ഖുർആൻ സൂക്തം. നമ്മുടെ കാലത്തെ മനുഷ്യരാണ് പുതിയ വ്യാജ ദൈവങ്ങളെ കണ്ടെത്തുകയും നിർമിക്കുകയും ചെയ്തിരിക്കുന്നത്. അറിവിനെയും ശാസ്ത്രത്തെയും സാങ്കേതിക വിദ്യയെയും ഭൗതികശക്തിയെയും തങ്ങളുടെ ദൈവങ്ങളാക്കി പ്രതിഷ്ഠിച്ചു എന്നതാണ് അവർക്ക് പറ്റിയ അബദ്ധം. അവരുടെ അറിവിന്റെയും ശാസ്ത്രത്തിന്റെയും ടെക്നോളജിയുടെയും യഥാർഥ നില എന്താണെന്ന് ഒരു അതിസൂക്ഷ്മ വൈറസ് അവർക്ക് കാണിച്ചുകൊടുത്തു. അല്ലാഹുവിന്റെ ഉത്തരവുണ്ടെങ്കിൽ അദൃശ്യനായ ഒരു വൈറസ് പോലും ലോകത്തെ ഏറ്റവും പ്രബല രാഷ്ട്രത്തെ മുട്ടുകുത്തിക്കും; അതിനെ തീർത്തും നിസ്സഹായമാക്കും. എല്ലാ ഫാക്ടറികളെയും അടച്ചുപൂട്ടിക്കും. വലിയ കോർപറേഷനുകൾ, വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഉല്ലാസ കേന്ദ്രങ്ങൾ, കണ്ണഞ്ചിക്കുന്ന വിമാനത്താവളങ്ങൾ, ആഡംബര ഹോട്ടലുകൾ എല്ലാം പ്രപഞ്ചനാഥനിൽനിന്ന് ഒരടയാളം കിട്ടേണ്ട താമസം, നിശ്ചലവും ജീവമറ്റതുമായിത്തീരുന്നു. നമുക്ക് ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾക്കായി ഓൺലൈനിൽ ഓർഡർ ചെയ്യുക, യാത്രകൾക്കായി എവിടെ വെച്ചും ബുക്ക് ചെയ്യുക തുടങ്ങി മനുഷ്യ സാങ്കേതിക വിദ്യയുടെ അത്ഭുതങ്ങളായി വിശേഷിപ്പിക്കപ്പെട്ട സേവനങ്ങളൊക്കെയും പൊടുന്നനെ പ്രവർത്തന രഹിതമാവുന്നു. നമ്മുടെ കാലത്തെ പ്രമുഖ വ്യക്തികൾക്കു വരെ രോഗത്തിന്റെയും ഒറ്റപ്പെടലിന്റെയും നിസ്സഹായതയുടെയും ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നു.

മനുഷ്യൻ തന്റെ സ്രഷ്ടാവിന്റെ ആജ്ഞകളും അധ്യാപനങ്ങളും തിരസ്കരിക്കുമ്പോൾ അവന്റെ സന്തുലനം തെറ്റുന്നു; അവൻ ആത്യന്തികതകൾക്ക് അടിപ്പെട്ടുപോകുന്നു. ഒരു വശത്ത് നാമൊരു കൂട്ടം ആളുകളെ കാണുന്നു. അവർ അല്ലാഹുവിന്റെ പ്രാപഞ്ചിക നിയമങ്ങളെ (സുന്നത്തുല്ലാഹ്) അഥവാ ശാസ്ത്രവസ്തുതകളെ മുഖവിലക്കെടുക്കുന്നില്ല. ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. ഇതൊന്നും ചെയ്യാതെത്തന്നെ മഹാമാരികളിൽനിന്ന് രക്ഷപ്പെടാമെന്നാണ് അവർ കരുതുന്നത്. ഇസ്‌ലാം ഒരിക്കലും ഈ നിലപാട് അംഗീകരിക്കുന്നില്ല.



അസുഖം ഭേദമാകാൻ നബി (സ) മരുന്നു കഴിച്ചിരുന്നു. അക്കാലത്ത് ലഭ്യമായ എല്ലാ ഭൗതിക വിഭവങ്ങളും സാധ്യതകളും അവിടുന്ന് ഉപയോഗപ്പെടുത്തിയിരുന്നു. മുൻകരുതലുകളെടുക്കാൻ പ്രവാചകൻ തന്റെ അനുയായികളെ ഉണർത്തി. യുദ്ധസന്ദർഭങ്ങളിൽ ശത്രുവിന്റെ നീക്കങ്ങളെക്കുറിച്ച് രഹസ്യമായി വിവരങ്ങൾ ശേഖരിക്കുക, സൈന്യത്തിന് ഏറ്റവും മികച്ച വിഭവങ്ങളും സംവിധാനങ്ങളുമൊരുക്കുക, അവർക്ക് നല്ല പരിശീലനം നൽകുക തുടങ്ങി അക്കാലത്തെ വിജയത്തിന് വേണ്ടതായി എന്തൊക്കെയുണ്ടോ അതൊക്കെയും പ്രവാചകനും കണ്ടെത്തുകയും സ്വായത്തമാക്കുകയും ചെയ്തിരുന്നു. ഈ ഭൗതിക സന്നാഹങ്ങൾ ഒരുക്കിയതിനു ശേഷമാണ് അല്ലാഹുവിലേക്ക് തിരിഞ്ഞ് സഹായിക്കേണമേ എന്ന് പ്രാർഥിക്കുന്നത്. ഇതാണ് ഇസ്‌ലാമിന്റെ അധ്യാപനം, തത്ത്വശാസ്ത്രം. ഇസ്‌ലാം നിങ്ങളോട് ശാസ്ത്രത്തെയോ യുക്തിചിന്തയെയോ അവഗണിക്കാൻ പറയുന്നില്ല. നിങ്ങൾ നിങ്ങളുടെ ധിഷണ പ്രയോജനപ്പെടുത്തണം, സാധ്യമാവുന്ന ഭൗതിക സന്നാഹങ്ങൾ സംഘടിപ്പിക്കുകയും വേണം. ജീവിതത്തിന്റെ ആദ്യാക്ഷരവും അന്ത്യാക്ഷരവുമെല്ലാം ഭൗതിക

വിഭവങ്ങളും ശാസ്ത്രവും ടെക്നോളജിയുമൊക്കെയാണ് എന്ന് ആളുകൾ ധരിച്ചുവശായതാണ് രണ്ടാമത്തെ ആത്യന്തികത. നാഗരിക പുരോഗതിയെ അവർ ദൈവമായി കണ്ടു. യഥാർഥ ദൈവത്തെ വിസ്മരിക്കുമാറ് അവർ ഈ ദൈവത്തിന്റെ അടിമകളായി. വിഭവങ്ങൾ കൈവശമുണ്ടെങ്കിൽ പിന്നെയൊരു തുണയും ആവശ്യമില്ലെന്ന് അവർക്ക് തോന്നിത്തുടങ്ങി. ഈ അഹങ്കാരവും തൻപോരിമയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഈ രണ്ട് ആത്യന്തിക ചിന്തകളുടെ അടിമകളായിത്തീരുകയായിരുന്നു മനുഷ്യർ.

അതായത് ഒരുവശത്ത് അന്ധവിശ്വാസവും അനങ്ങാപ്പാറ നയവും. മറുവശത്ത് അഹന്തയും കാപട്യവും. രണ്ടും ഏറ്റവും വലിയ പ്രപഞ്ച യാഥാർഥ്യമായ ദൈവശാസനകളെ നിരാകരിക്കുന്നതും അവഗണിക്കുന്നതും. ഇസ്‌ലാം മധ്യവഴിയിലൂടെയാണ് സഞ്ചരിക്കുന്നത്; ആത്യന്തികതകളില്ലാതെ മിതത്വത്തിന്റെ വഴിയിലൂടെ. നാം നമുക്ക് നൽകപ്പെട്ട വിഭവങ്ങളും അറിവും ധിഷണയുമെല്ലാം പരമാവധി പ്രയോജനപ്പെടുത്തണം. ഞാനതിനെ ശാസ്ത്രാവബോധം (Scientific Temperament) എന്ന് വിളിക്കുന്നു. ഒപ്പംതന്നെ നാം നമ്മുടെ സ്രഷ്ടാവിലേക്ക് തിരിയുകയും അവനുമായുള്ള ബന്ധം ബലപ്പെടുത്തുകയും വേണം. അപ്പോൾ ഏതൊരു സംഭവമുണ്ടാകുമ്പോഴും നാമതിന്റെ ശാസ്ത്രീയ വശവും ആധ്യാത്മിക, ദൈവിക വശവും പരിശോധിക്കും. അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടും അതേസമയം തന്നെ ഏറ്റവും പുതിയ ശാസ്ത്രീയ രീതികൾ ഉപയോഗപ്പെടുത്തിയും ആയിരിക്കും നാം ആ പ്രശ്നത്തിന് പരിഹാരം കാണുക.

നാം നമ്മുടെ പ്രവൃത്തികളെക്കുറിച്ച് പുനരാലോചന നടത്തേണ്ടതുണ്ട്. ചെയ്തുപോയ പാപങ്ങളിൽ പശ്ചാത്തപിക്കുകയും ദൈവകാരുണ്യം വർഷിക്കാൻ അർഥന നടത്തുകയും ചെയ്യേണ്ടതുണ്ട്. ഏതു മഹാശക്തിയും അല്ലാഹുവിന്റെ ശക്തിക്കു മുന്നിൽ ശക്തിയറ്റതാണെന്ന് നാം വിശ്വസിക്കുന്നു. പ്രപഞ്ചത്തിലെ സകല ശക്തികളും ദൈവേഛക്കു വിധേയമാണ്. അതിനാൽ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായ യഥാർഥ ദൈവവുമായിട്ടാവണം നമ്മുടെ അടുപ്പവും ബന്ധവും. അതോടൊപ്പം തന്നെ ഈ പ്രപഞ്ചത്തിന് ചില നിയമവ്യവസ്ഥകളും ദൈവം വെച്ചിരിക്കുന്നു. ആ നിയമവ്യവസ്ഥകൾ/ സുന്നത്തുല്ലാഹ് മനസ്സിലാക്കിയെടുക്കാൻ നാം നമ്മുടെ കഴിവുകളും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. ഇതാണ് യഥാർഥ ഇസ്‌ലാമികാവബോധം.

**ഇതൊരു സുവർണാവസരം**

ഇസ്‌ലാമിന്റെ പ്രായോഗികാവിഷ്കാരം എന്ത് എന്ന് ലോകത്തിന് കാണിച്ചുകൊടുക്കാനുള്ള മികച്ച അവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. നമ്മുടെ ഡോക്ടർമാർ എല്ലാ രോഗികളെയും വളരെ നിസ്വാർഥമായി സേവിക്കേണ്ടതുണ്ട്. നമ്മുടെ നയനിർമാതാക്കൾ, സാമൂഹിക പ്രവർത്തകർ, ശാസ്ത്രജ്ഞർ, ഗവേഷണ പണ്ഡിതന്മാർ ഇവരെല്ലാം പ്രശ്നത്തിന്റെ ശാസ്ത്രീയ വശം ആഴത്തിൽ പഠിക്കട്ടെ. മതപണ്ഡിതന്മാരും പ്രഭാഷകരും മത സംഘടനകളും സമൂഹത്തിന് ആത്മീയമായി വഴികാട്ടുന്നതോടൊപ്പം വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും മുൻകരുതലുകളെടുക്കാനും അവരെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കട്ടെ. അല്ലാത്തപക്ഷം ഇവർക്കൊന്നും ഇസ്‌ലാമിനെ ശരിയാംവിധം പ്രതിനിധീകരിക്കാനാവില്ല.

ദൈവത്തിന്റെ ഇഛയും അടയാളങ്ങളും മുന്നറിയിപ്പുകളും സൂക്ഷ്മമായി മനസ്സിലാക്കാൻ നമുക്ക് കഴിയണം. 'നിങ്ങൾക്ക് വരുന്ന നന്മയേതും അല്ലാഹുവിങ്കൽനിന്ന്, തിന്മയേതും നിങ്ങളിൽനിന്ന് തന്നെ' എന്ന ഖുർആനിക സൂക്ത(4:79)ത്തെ പൊതുസമൂഹത്തിന് വിശദീകരിച്ചുകൊടുക്കാനുള്ള അവസരമായി ഇതിനെ ഉപയോഗപ്പെടുത്തണം. ഈ മഹാമാരി വന്നുപെടാനുള്ള കാരണങ്ങൾ എന്ത് എന്ന് മുഴുവൻ മനുഷ്യരും ചിന്തിക്കേണ്ട സന്ദർഭമാണിത്. ദൈവത്തോട് നാം പുലർത്തുന്ന നിസ്സംഗതയാണ് തീർച്ചയായും അതിലൊന്ന്. ദൈവത്തെ മറക്കുകയും അവന്റെ സാന്നിധ്യം അവഗണിക്കുകയും ചെയ്യുന്നു. ദൈവം ഏറ്റവും കൂടുതൽ വെറുക്കുന്ന ഒന്നാണ് അനീതി. ദുരന്തങ്ങൾക്കും ദുരിതങ്ങൾക്കും ഒരു പ്രധാന കാരണം അനീതിയാണെന്ന് അവൻ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു: ''അവർ തിന്മകൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ നിന്റെ നാഥൻ അവരുടെ നഗരങ്ങളെ പിടികൂടുന്നു. തീർച്ചയായും അവന്റെ പിടിത്തം കടുത്തതും വേദനാജനകവുമത്രെ'' (11:102). പ്രവാചകൻ ഈ സൂക്തത്തെ ഇങ്ങനെ വിശദീകരിക്കുകയുണ്ടായി: ''അല്ലാഹു അതിക്രമികൾക്ക് ഈ ലോകത്ത് ഒരവസരം നൽകും. പക്ഷേ അവൻ അതിക്രമിയെ പിടിച്ചു കഴിഞ്ഞാൽ പിന്നെ വിടുകയുമില്ല.''

നിങ്ങൾ നാം ജീവിക്കുന്ന ഈ കാലത്തെക്കുറിച്ച് ചിന്തിക്കുക. മറ്റേത് യുഗങ്ങളിൽ നിന്നും നമ്മുടെ യുഗത്തെ മാറ്റിനിർത്തുന്നത് അതിക്രമത്തിന്റെ പരമ്പരകളാണ്. പീഡനത്തിന്റെ എന്തെല്ലാം രൂപങ്ങളാണ് ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്! കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും മുദ്രാവാക്യങ്ങൾ ഉയർത്തപ്പെട്ടു എന്നത് ശരിയാണ്. പക്ഷേ, ആ സമുന്നത ആശയങ്ങൾ യാഥാർഥ്യമാക്കാൻ ഒറ്റപ്പെട്ട ശ്രമങ്ങൾ മാത്രമേ ഉണ്ടായുള്ളൂ. പലപ്പോഴും ഈ ആശയങ്ങളൊക്കെ വൻശക്തികളുടെ നിക്ഷിപ്ത താൽപര്യങ്ങളിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. ഏതാനും വർഷങ്ങളായി ഈ സമുന്നത മൂല്യങ്ങളെയും ആശയങ്ങളെയും പച്ചയായി ചവിട്ടിത്തേക്കുന്നതാണ് നാം കാണുന്നത്. മനുഷ്യാവകാശാനന്തര യുഗ(Post -Human Rights Era)ത്തിലേക്ക് നാം കടന്നിരിക്കുന്നു എന്നുവരെ ചിലർ പറഞ്ഞുകളഞ്ഞു.

ഇത്രയധികം അഭയാർഥികളെ സൃഷ്ടിച്ച മറ്റൊരു യുഗവും ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഐക്യരാഷ്ട്രസഭയുടെ കണക്കു പ്രകാരം, മർദക ഭരണകൂടങ്ങളുടെ നയങ്ങൾ കാരണമായി എഴുപത് ദശലക്ഷമാളുകളാണ് വീടില്ലാത്തവരായി മാറിയിരിക്കുന്നത്. ചില രാഷ്ട്രങ്ങ



ളൊന്നാകെ തന്നെ അഭയാർഥിപട്ടികയിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. പത്ത് മുതൽ പതിനഞ്ച് ദശലക്ഷം വരെ പേർ പിറന്ന നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴവർക്ക് സ്വന്തമായി ഒരു നാടില്ല, സകല അവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. അഭയാർഥികളുടെ എണ്ണം കൂട്ടുന്ന ഇത്തരം നീക്കങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. പുരോഗതിയുടെയും വികസനത്തിന്റെയും യുഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കാലത്ത് അഭയാർഥികൾ അനുഭവിക്കുന്ന കൊടും യാതനകൾ മറ്റൊരു ചരിത്രഘട്ടത്തിലും അവർക്ക് അനുഭവിക്കേണ്ടിവന്നിട്ടില്ല.

അതിവികസിതമെന്ന് വിശേഷിപ്പിക്കപ്പെടുന്ന നാടുകളിലാണ് വംശവെറിയുടെ ഏറ്റവും വൃത്തികെട്ട രൂപങ്ങൾക്ക് വൻ സ്വീകാര്യത ലഭിക്കുന്നത്. മത ന്യൂനപക്ഷങ്ങൾക്കെതിരെ അന്നാടുകളിൽ വിദ്വേഷ പ്രചാരണങ്ങൾ ശക്തി പ്രാപിക്കുന്നു. അതവരുടെ ജീവിതം ദുരിതപൂർണമാക്കുന്നു. കൂട്ട നശീകരണായുധങ്ങൾ ഉപയോഗിച്ച് ആവാസ മേഖലകളെ ഇത്ര പൈശാചികമായി ഉന്മൂലനം ചെയ്യുന്നതിന് നമ്മുടെ ആകാശം ഇതിനു മുമ്പ് ഒരുപക്ഷേ സാക്ഷിയായിട്ടുണ്ടാവില്ല. മുമ്പും അടിച്ചമർത്തലുകൾ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ അടിച്ചമർത്തലുകൾ അവയുടെ ധാർമിക പരിണതി എന്നോണം മുഴുവൻ മനുഷ്യസമൂഹവും കെടുതികൾ ഏറ്റുവാങ്ങേണ്ടിവരുന്ന തരത്തിലേക്ക് വഷളായിരിക്കുന്നു. ഈ സംഭവങ്ങളെയും നാം നേരിടുന്ന മഹാമാരിയെയും ബന്ധപ്പെടുത്തുന്ന ശാസ്ത്രീയ വിശദീകരണങ്ങളൊന്നും നമുക്ക് നൽകാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. എങ്കിലും ഞാൻ ആ വാദമുഖമാണ് മുന്നോട്ടുവെക്കുന്നത്. നേരത്തേ വിശദീകരിച്ച പ്രകൃതിനിയമം മാത്രമല്ല, ഒരു ധാർമിക നിയമവും പ്രപഞ്ചത്തെ ഭരിക്കുന്നുണ്ട്. ഈ രണ്ട് നിയമവ്യവസ്ഥകളും പ്രപഞ്ചനാഥന്റെ കൈകളിലാണ്. ഈ മഹാമാരി വ്യാപകമായിക്കൊണ്ടിരിക്കുന്ന അടിച്ചമർത്തലുകൾക്കെതിരെയുള്ള ഒരു 'ദൈവിക മുന്നറിയിപ്പ്' ആണോ എന്ന് നാം പരിശോധിക്കണം. പ്രയാസത്തിന്റെ നാളുകൾ മുന്നറിയിപ്പും ഓർമപ്പെടുത്തലുമാണെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്: ''ഓരോ വർഷവും തങ്ങൾ ഒന്നോ രണ്ടോ തവണ പരീക്ഷിക്കപ്പെടുന്നത് അവർ കാണുന്നില്ലേ? എന്നിട്ടുമവർ പശ്ചാത്തപിക്കുന്നില്ല, ഓർമിക്കുന്നുമില്ല'' (9:126).



**മുന്നറിയിപ്പ്**

ഇതൊരു മുന്നറിയിപ്പാണെന്ന് കരുതാൻ ഒന്നിലധികം കാരണങ്ങളുണ്ട്. മനുഷ്യന് മുന്നറിയിപ്പ് നൽകാൻ ഏതൊക്കെ രീതികളാണ് പ്രകൃതി സ്വീകരിക്കുക എന്നു നാം ആലോചിക്കണം. ഇപ്പോൾ നാമെല്ലാവരും ഒരുതരം ജയിൽ ജീവിതമല്ലേ നയിക്കുന്നത്? നാം ജയിലിലടച്ച ആയിരക്കണക്കിന് നിരപരാധികൾക്കു വേണ്ടി സൃഷ്ടികർത്താവ് നൽകിയ മുന്നറിയിപ്പായി അതിനെ കണ്ടുകൂടേ? ലക്ഷക്കണക്കിന് നിരപരാധികൾ ഇന്ന് വലിയ കെടുതികൾ അനുഭവിക്കേണ്ടിവരുന്നത് നിക്ഷിപ്ത താൽപര്യക്കാർ നടത്തുന്ന, ഒരാൾക്കും നീതീകരിക്കാനാവാത്ത യുദ്ധങ്ങൾ കാരണമായല്ലേ? കഴിഞ്ഞ പതിറ്റാണ്ടിൽ ഒരുപാട് യുദ്ധങ്ങൾ നടന്നു. ധാരാളം നിരപരാധികളെ പിടികൂടി ജയിലിലേക്കെറിഞ്ഞു. ജയിലിൽ നരകയാതന അനുഭവിക്കുന്നവർ നിരപരാധികളാണെന്ന് വർഷങ്ങൾ കഴിഞ്ഞേ ലോകം തിരിച്ചറിഞ്ഞുള്ളൂ. മുഴുവൻ സമൂഹവും ഉപരോധിക്കപ്പെട്ടും തടഞ്ഞുവെക്കപ്പെട്ടും കഴിയുന്ന ധാരാളം ഇടങ്ങളുണ്ട് ലോകത്ത്. ദശലക്ഷക്കണക്കിന് പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ... അവരൊക്കെ ബന്ദികളാണ്. യാതൊരു അവകാശങ്ങളും അവർക്ക് നൽകപ്പെടുന്നില്ല. ഒരു രാജ്യത്തെയും ഒരു സംഭവത്തെയും ഞാൻ പേരെടുത്ത് പറയുന്നില്ല. നമ്മളെല്ലാവരും പുനരാലോചന നടത്തണം. ആത്മീയ നേതാക്കളും മതപണ്ഡിതന്മാരും ബുദ്ധിജീവികളുമൊക്കെ മുന്നോട്ടു വന്ന്, മനുഷ്യസമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പ്രകൃതി നൽകുന്ന വ്യക്തമായ മുന്നറിയിപ്പുകളാണെന്ന് ജനങ്ങളെ പഠിപ്പിക്കണം. ഇന്നത്തെ ഈ നിശ്ശബ്ദതയിൽ ഉയർന്നു കേൾക്കുന്നത് മർദിതരുടെ നിശ്വാസങ്ങളും നിലവിളികളുമാണ്. ഈ അടയാളങ്ങൾക്കും സൂചനകൾക്കും ചെവികൊടുക്കുക എന്നത് മാത്രമാണ് നമുക്ക് മുന്നിലുള്ള ഒരേയൊരു മാർഗം.

പ്രശ്നത്തിന്റെ ഒരു വശം സമ്പദ്ഘടനയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഭൗതിക, സാമ്പത്തിക വിഭവങ്ങളെല്ലാം ഉണ്ടായിട്ടും ലോക സമ്പദ്ഘടന തണുത്തുറഞ്ഞു പോയിരിക്കുന്നു. വിനാശകരമായ ഒരു സാമ്പത്തിക പ്രതിസന്ധി നമ്മുടെ വാതിലുകളിൽ കൊട്ടിവിളിക്കാൻ തുടങ്ങിയിരിക്കുന്നു. നാമൊന്ന് മനസ്സിലാക്കണം. സാമ്പത്തിക ചൂഷണവും അസമത്വവും ഒരുതരം പീഡനം തന്നെയാണ്. നമ്മുടെ കാലത്തെ ചങ്ങാത്ത മുതലാളിത്തം (Crony Capitalism) കാരണമായി സാമ്പത്തിക അസമത്വം അതിന്റെ ഏറ്റവും ബീഭത്സ രൂപം കൈക്കൊണ്ടിരിക്കുന്നു. ചരിത്രത്തിലാദ്യമായി, മൊത്തം ലോകസമ്പത്ത് ഏതാനും ചിലരുടെ കൈകളിലൊതുങ്ങിപ്പോയിരിക്കുന്നു. കഴിഞ്ഞ നാൽപത് വർഷത്തെ കണക്കെടുത്താൽ, ലോകത്തെ മൊത്തം മനുഷ്യരിൽ പകുതി പേർക്കുള്ള സമ്പത്ത് 0.1 ശതമാനം മാത്രം വരുന്ന സമ്പന്നരുടെ കൈകളിലുണ്ട്. ദരിദ്രൻ കൂടുതൽ മെലിഞ്ഞുണങ്ങുന്നു, ധനികൻ കൂടുതൽ തടിച്ചുകൊഴുക്കുന്നു. ഇതാണ് നമ്മുടെ കാലഘട്ടത്തെ നിർവചിക്കുന്ന ഒരു പ്രത്യേകത. രാഷ്ട്രങ്ങൾ നടപ്പാക്കുന്ന സാമ്പത്തിക നയങ്ങൾ പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിലുള്ളത് കൂടി കവർന്നെടുക്കുകയാണ്. കവർന്നെടുക്കപ്പെടുന്നത് എത്തിച്ചേരുന്നതാകട്ടെ നേരത്തേ അതിധനികരായവരുടെ മടിശ്ശീലയിലും. കോടിക്കണക്കിനാളുകളാണ് പട്ടിണി കിടക്കുന്നത്. മഹാമാരിക്കാലത്ത് നാം നമ്മുടെ രാജ്യത്ത് തന്നെ കണ്ടു, ഭരണകൂടങ്ങൾ നമ്മുടെ ദരിദ്രരായ സഹോദരീസഹോദരന്മാരെ കൈയൊഴിയുന്നത്.

**നമ്മുടെ കാലത്തെ അടയാളപ്പെടുത്തുന്നു**

''മനുഷ്യനെ അവന്റെ നാഥൻ

പരീക്ഷിക്കുകയും അങ്ങനെ അവനെ ആദരിക്കുകയും തന്റെ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്താൽ മനുഷ്യൻ പറയും: 'എന്റെ നാഥൻ എന്നെ ആദരിച്ചിരിക്കുന്നു.' എന്നാൽ അവന്റെ നാഥൻ അവനെ പരീക്ഷിക്കുകയും അങ്ങനെ അവന്റെ ജീവിത വിഭവം പരിമിതപ്പെടുത്തുകയും ചെയ്താലോ, മനുഷ്യൻ പറയും; 'എന്റെ നാഥൻ എന്നെ അപമാനിച്ചിരിക്കുന്നു.' കാര്യമതല്ല, നിങ്ങൾ അനാഥകളെ ആദരിക്കുന്നില്ല. അഗതിക്ക് അന്നം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നില്ല. പാരമ്പര്യമായി കിട്ടിയ സ്വത്ത് വെട്ടിവിഴുങ്ങുകയും ചെയ്യുന്നു. നിങ്ങൾ ധനത്തെ അതിരറ്റ് സ്നേഹിക്കുകയാണ്'' (ഖുർആൻ 85:15-20). ഈ ഖുർആനിക സൂക്തങ്ങൾ നമ്മുടെ കാലത്തിന്റെ ചിത്രം കൂടിയല്ലേ വരച്ചുവെക്കുന്നത്? പണത്തോടുള്ള അത്യാർത്തി മൂത്ത് നിങ്ങൾ പാവങ്ങളെയും ആവശ്യക്കാരെയും അവഗണിക്കുകയും പണം കുറച്ചാളുകൾക്ക് മാത്രം അനുഭവിക്കാനുള്ള ഒന്നാക്കി മാറ്റുകയും ചെയ്യുന്നതാണ് ദുരന്ത കാരണമെന്ന് വിശദീകരിക്കുകയാണ് ഇവിടെ. കഴിഞ്ഞ മാർച്ച് 15-ന് ന്യൂയോർക്ക് ടൈംസിൽ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. സാമ്പത്തിക അസമത്വമാണ് മഹാമാരി പടരാൻ ഒരു പ്രധാന കാരണമെന്ന് അതിൽ പറഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ, വസ്തുതകൾ നിരത്തിയുള്ള വിശകലനമാണിത്. ഇത്രമാത്രം സാമ്പത്തിക അസന്തുലനം ഇല്ലായിരുന്നെങ്കിൽ ഇത്ര വേഗം മഹാമാരി പടരുമായിരുന്നില്ല എന്ന് അതിൽ വിശദീകരിക്കുന്നു.

പ്രകൃതിയോട് പരമാവധി അതിക്രമം, അനീതി നാം ചെയ്തു കഴിഞ്ഞു. എല്ലാ മനുഷ്യർക്കും നല്ലൊരു ജീവിതം നയിക്കാൻ വേണ്ട സകലതും അല്ലാഹു ഇവിടെ ഒരുക്കിവെച്ചിട്ടുണ്ട്. പക്ഷേ ആഡംബര ഭ്രമവും മുതലാളിത്ത ജീവിത ശൈലിയും പ്രകൃതിയെ ശരിക്കും കൊള്ളയടിക്കുക തന്നെയായിരുന്നു. തദ്ഫലമായി നമ്മുടെ വെള്ളവും വായുവും പരിസ്ഥിതിയുമെല്ലാം വിഷമയമായി. കോവിഡ് ബാധയുടെ പ്രധാന കാരണങ്ങളിലൊന്ന് പാരിസ്ഥിതിക അസന്തുലിതത്വമാണെന്ന പഠന റിപ്പോർട്ടുകൾ ഇതിനകം പുറത്തു വന്നിട്ടുണ്ട്. ജൈവ വൈവിധ്യ ഹോട്ട് സ്പോട്ടുകളിൽനിന്നാണ് പലപ്പോഴും ഇത്തരം വൈറസുകൾ പ്രത്യക്ഷപ്പെടുന്നതായി കാണുന്നത്. അമിത വ്യവസായവത്കരണവും പാരിസ്ഥിതിക അസന്തുലിതത്വവുമാണ് അതിനു കാരണമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 'മനുഷ്യകരങ്ങൾ സമ്പാദിച്ചെടുത്തതിന്റെ ഫലമായി കരയിലും കടലിലും നാശവും അപഭ്രംശവും പ്രകടമായിരിക്കുന്നു. അവർ ചെയ്തുവെച്ചതിന്റെ കുറച്ചൊക്കെ അവനവരെ രുചിപ്പിക്കുകയാകുന്നു. അവർ നേർവഴിയിലേക്ക് മടങ്ങിയെങ്കിലോ!' (30:41).

നാം ചർച്ചകളിൽ ഉയർത്തിക്കൊണ്ടുവരേണ്ടത് ഇപ്പോഴും മറഞ്ഞുകിടക്കുന്ന ഈ ധാർമിക കാരണങ്ങളെയാണ്. ഇന്ന് ലോക മനസ്സാക്ഷി കൂടുതൽ സചേതനവും ജാഗ്രത്തുമായിരിക്കുന്നു. ദൈവവചനങ്ങളിൽ വിശ്വസിക്കുന്നവർ ലോക മനസ്സാക്ഷിയെ തൊട്ടുണർത്തണം. നമ്മുടെ മനോഭാവം മാറ്റിയേ തീരൂ എന്ന വലിയ പാഠമാണ് മഹാമാരി നൽകിയിരിക്കുന്നതെന്ന തിരിച്ചറിവ് പകർന്നു നൽകാൻ കഴിയണം. നമ്മുടെ പല സൗകര്യങ്ങളും സുഖങ്ങളും താൽക്കാലികമായെങ്കിലും എടുത്തു നീക്കിയതിലൂടെ മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതമാണെന്നു കൂടി പഠിപ്പിക്കുന്നുണ്ട് ഇത്തരം പരീക്ഷണങ്ങൾ. ഗാന്ധിജി പറഞ്ഞിട്ടുണ്ട്; 'എല്ലാവരുടെയും ആവശ്യങ്ങൾക്ക് മതിയായതൊക്കെ ഭൂമിയിലുണ്ട്; ഓരോരുത്തരുടെയും ആർത്തി തീർക്കാൻ അത് മതിയാവുകയുമില്ല.' ഖുർആൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ: 'തിന്നോളൂ, കുടിച്ചോളൂ, പക്ഷേ അമിതമാക്കരുത്. അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല' (7:31). ഈ മഹാമാരി മുഴുവൻ ലോകത്തെയും പഠിപ്പിച്ചത്, ഉപഭോഗം എല്ലാ പരിധികളും വിട്ടിരിക്കുന്നു എന്നാണ്. ഈ ആർത്തിയാണ് സാമ്പത്തിക അസന്തുലിതത്വമുണ്ടാക്കുന്നത്; പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വഴിവെക്കുന്നത്; നേരത്തേ വിശദീകരിച്ച അനീതിക്കും അടിച്ചമർത്തലിനും കാരണമാകുന്നത്. പ്രകൃതി പഠിപ്പിച്ച മിതവ്യയത്തിന്റെ ഈ പാഠം നമുക്കുൾക്കൊള്ളാനായാൽ, ഒട്ടുവളരെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാനാവും.

മഹാമാരി പഠിപ്പിച്ച മറ്റൊരു പാഠം, നാം, ഭൂമുഖത്തെ ഈ ഏഴ് ബില്യൻ മനുഷ്യർ പരസ്പരം ബന്ധിതമായും ആശ്രയിച്ചുമാണ് കഴിഞ്ഞുകൂടുന്നത് എന്നതാണ്. നമ്മൾ ഒരേ മാതാവിന്റെയും പിതാവിന്റെയും സന്തതികളാണ്. നമ്മുടെ പൊതുതാൽപര്യങ്ങൾ ഒന്നാണ്. ഒരാൾക്ക് ഒരു രോഗം വന്നാൽ, അയാൾ ധനികനോ ദരിദ്രനോ ആകട്ടെ, നമ്മുടെ മതക്കാരനോ മറ്റു മതക്കാരനോ ആകട്ടെ, ആ രോഗം അയാൾക്ക് മാത്രമല്ല, നമുക്കെല്ലാവർക്കുമാണ് വിപത് സന്ദേശം നൽകുന്നത്. 'ഒരാളുടെ ജീവൻ രക്ഷപ്പെടുത്തിയവൻ മനുഷ്യകുലത്തിന്റെ ജീവനാണ് രക്ഷപ്പെടുത്തിയത്' എന്ന് ഖുർആൻ (5:32) പറയുന്നുണ്ടല്ലോ. മഹാമാരി പടരുമ്പോൾ എല്ലാവരുടെയും ജീവൻ രക്ഷിക്കാനാണ് നാം ശ്രമിക്കുന്നത്. വ്യക്തിയുടെ വംശമോ ദേശമോ മതമോ ഒന്നും നാം നോക്കുന്നില്ല. പാവപ്പെട്ടവന്നും തുല്യ പരിഗണന കിട്ടുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ മാത്രമല്ല, മറ്റു സന്ദർഭങ്ങളിലും നമ്മുടെ ജീവിതം ഇത്രമേൽ പരസ്പര ബന്ധിതമാണ് എന്ന് നാം മനസ്സിലാക്കിയിരുന്നുവെങ്കിൽ! സമൂഹത്തിലെ വലിയൊരു വിഭാഗത്തെ ദരിദ്രരാക്കി അരികിലേക്ക് തള്ളിമാറ്റി, നമുക്കധിക കാലം സമ്പന്നരായി തുടരാൻ കഴിയില്ല. കുറേയാളുകളെ മർദിച്ചൊതുക്കിയും തടങ്കൽപാളയങ്ങളിലേക്ക് തള്ളിവിട്ടും സമാധാന ജീവിതം നയിക്കാനും നമുക്ക് സാധ്യമല്ല. സമാധാനത്തിന്റെ ഗുണഭോക്താക്കൾ മൊത്തം മനുഷ്യസമൂഹമാകണം. എല്ലാവരുടെയും ആവശ്യങ്ങൾ പരിഹരിക്കപ്പെടണം. എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. എല്ലാവർക്കും സ്വാതന്ത്ര്യവും ആദരവും ലഭിക്കണം.


ഈ മഹാമാരിക്കാലത്ത് നാം നമ്മുടെ പല ശീലങ്ങളും ഒഴിവാക്കി. കഴിഞ്ഞ ഏതാനും ആഴ്ചകളിലായി ലോകം മുഴുക്കെ അത്തരം മാറ്റങ്ങൾ കാണാനുണ്ട്. നാം ജീവിക്കുന്ന ഈ ലോകത്തെ രക്ഷിച്ചെടുക്കാൻ ആഡംബരങ്ങൾ പലതും നമ്മൾ ഉപേക്ഷിക്കുകയാണ്. അടിച്ചമർത്തൽ, വംശീയത, വിഭാഗീയത, വർഗീയത, ഹിംസ, വിവേചനം, ദാരിദ്ര്യം, വിശപ്പ്, സാമ്പത്തിക അസമത്വം, പരിസ്ഥിതി മലിനീകരണം തുടങ്ങി നമ്മെ നിരന്തരം വേട്ടയാടുന്ന പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാം എന്നതിന് ചില സൂചനകൾ നൽകുകയല്ലേ പ്രകൃതി ചെയ്തിരിക്കുന്നത്? ഒന്നേ നാം ചെയ്യേണ്ടതുള്ളൂ; നമ്മുടെ മനോഭാവവും ജീവിതശൈലിയും മാറ്റുക. ഒരു നല്ല നാളേക്കു വേണ്ടി, ശോഭനമായ ഭാവിക്കു വേണ്ടി പ്രകൃതി നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും മനസ്സിലാക്കി പ്രവർത്തിക്കാൻ നാം തയാറാവുക. അതിനുള്ള ശേഷി പ്രപഞ്ചനാഥൻ നമുക്ക് നൽകുമാറാകട്ടെ. ●

hwfindia2026

www.vision2026.org




# PURIFY YOUR WEALTH PAY YOUR ZAKAT TO THE MOST NEEDY


**അനാഥ സംരക്ഷണം**
18,000/- പ്രതിവർഷം


**സ്കൂൾ കിറ്റ് പ്രൊജക്റ്റ്**
1,500/- ഒരു കിറ്റ്



**സ്വയം തൊഴിൽ**
റിക്ഷ, തയ്യൽ മെഷീൻ
മറ്റു സ്വയം തൊഴിൽ ഉപകരണങ്ങൾ
8,000 - 50,000/-


**മാതൃകാ ഗ്രാമം**
ഗ്രാമ വികസനം
10,00,000/- പ്രതിവർഷം


**സ്കൂൾ പ്രൊജക്റ്റ്**
പുതിയ കെട്ടിടം, നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം
10,00,000 -1,00,00,000/-



**മൈക്രോ ഫിനാൻസ്**
പലിശ രഹിത വായ്പാ സംവിധാനം
15,000 - 50,000/-



**ഓർഫനേജ് / ഹോസ്റ്റൽ**
50,00,000 - 80,00,000


**കമ്മ്യൂണിറ്റി ലേർണിംഗ് സെന്റർ**
2,50,000/- പ്രതിവർഷം


**സ്കോളർഷിപ്പുകൾ**
ബിരുദം, ബിരുദാനന്തര ബിരുദം, സിവിൽ സർവീസ്
10,000 - 1,50,000/-


**കുടിവെള്ളം**
ഹാൻഡ് പമ്പ്, സബ്മെർസിബിൾ, ഓപ്പൺവെൽ
35,000 - 3,00,000/-


**സ്ത്രീ ശാക്തീകരണം**
സ്കോളർഷിപ്പ്, തൊഴിൽ പരിശീലനം
15,000 - 30,000/-


**ഭവന നിർമാണം**
ദരിദ്ര കുടുംബങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട്
1,50,000/-


**സ്കിൽ ഡെവലപ്മെന്റ് പ്രൊജക്റ്റ്**
10,000 - 3,50,000/-


**നാഗരിക് വികാസ് കേന്ദ്ര്**
(ഗവൺമെന്റ് സ്കീമുകൾക്കുള്ള ജനസേവന കേന്ദ്രം)
പ്രതിവർഷ നടത്തിപ്പ് ചിലവ്
3,00,000/-


**ആരോഗ്യ പരിരക്ഷ**
മെഡിക്കൽ ക്യാമ്പ്, ആംബുലൻസ് മെഡിക്കൽ സെന്റർ
25,000 - 25,00,000/-

ശൈത്യകാല ദുരിതാശ്വാസ പദ്ധതി | കമ്മ്യൂണിറ്റി സെന്റർ | അദാഹി പ്രൊജക്ട് | മൊബൈൽ മെഡിക്കൽ വാൻ | കരിയർ ഗൈഡൻസ് സെന്റർ

**HUMAN WELFARE FOUNDATION**
E-89, 4th Floor, Hari Kothi Lane,
Abul Fazl Enclave, Jamia Nagar,
New Delhi - 110025 (India)
Email: pr@hwfindia.org,
Phone: +91 11 29945999
Mob: +91 70428 98301 | 70428 98315

VISION 2026
Creating Partnership with the Needy

**DEPOSIT YOUR DONATIONS**
HUMAN WELFARE FOUNDATION
**INDIAN BANK**
JAMIA MILLIA ISLAMIA BRANCH
Saving A/C No. **894737750**
IFSC : **IDIB000J029**

ബാങ്ക് മുഖേന സംഭാവന നൽകുന്നവർ പോസ്റ്റൽ അഡ്രസ് സഹിതം ട്രാൻസ്ഫർ വിശദാംശങ്ങൾ account@hwfindia.org എന്ന മെയിൽ അഡ്രസിലേക്ക് മെയിൽ ചെയ്യുകയോ +91 7042892026 ൽ WhatsApp ചെയ്യുകയോ ചെയ്യുക.

— Core Implementing Partners —

ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷനിലേക്കുള്ള സംഭാവന ആദായനികുതി നിയമം സെക്ഷൻ 80G പ്രകാരം നികുതി ഇളവ് ലഭിക്കാൻ അർഹമാണ്.



# കോവിഡ് 19
# സാമ്പത്തിക ഞെരുക്കങ്ങളെ സകാത്തിലൂടെ മറികടക്കാം

ലേഖനം / ഡോ. ആഇശത്ത് മുനീസ

കോവിഡ് 19, ആരോഗ്യ പ്രശ്നം എന്നതിനൊപ്പം സാമ്പത്തിക പ്രശ്നം കൂടി ആയി മാറിയിരിക്കുകയാണ്. അപ്രതീക്ഷിതമായി വന്ന ലോക്ക് ഡൗൺ ഒറ്റ രാത്രി കൊണ്ടാണ് ബഹുഭൂരിക്ഷത്തെയും തൊഴിലില്ലായ്മയിലേക്ക് തള്ളിവിട്ടത്. മഹാമാരി പടരുന്നത് തടയാനാണ് എന്ന ന്യായം നിലനിൽക്കെ തന്നെ മറ്റൊരു ജോലി അന്വേഷിച്ച് പുറത്തിറങ്ങാൻ പോലും അനുവാദമില്ലാത്ത ഈ നിർബന്ധിത സാമൂഹിക അകലം പാലിക്കൽ നിർധനരും പട്ടിണിക്കാരുമായ ഇന്ത്യക്കാരുടെ എണ്ണം ക്രമാതീതമായി വർധിപ്പിച്ചിരിക്കുകയാണ്. കുനാൽ പുരോഹിത് *അൽ ജസീറ*യിൽ എഴുതിയ, കൊറോണ കാരണം സ്തംഭിച്ച സാമ്പത്തിക മേഖലയെ കുറിച്ച ലേഖനത്തിൽ, മഹാരാഷ്ട്രക്കാരിയായ തോട്ടം തൊഴിലാളി മനീഷ ഊക്കെയുടെ കദന കഥ വിവരിക്കുന്നുണ്ട്. ഇന്ത്യയിൽ കൊറോണ റിപ്പോർട്ട് ചെയ്തു തുടങ്ങിയ

ശേഷം ദിവസ വേതനമായ 100 രൂപയോ മാസത്തിൽ ലഭിക്കാറുള്ള 100 രൂപ വിധവാ പെൻഷനോ ഇല്ല. ലോക്ക് ഡൗൺ കൂടി പ്രഖ്യാപിച്ചതോടെ ആകെയുണ്ടായിരുന്ന സമ്പാദ്യവും എടുത്തു വെച്ചിരുന്ന പച്ചക്കറികളും മറ്റ് ഭക്ഷണ വസ്തുക്കളും തീർന്നു തുടങ്ങി. 'എനിക്ക് മൂന്ന് പെൺമക്കളാണ്. അവർക്ക് വിശക്കുമ്പോൾ ഞാൻ കുറച്ച് അരി വേവിച്ച് കൂടെ ഉള്ളിയുടെയോ തക്കാളിയുടെയോ ചമ്മന്തി ഉണ്ടാക്കി കൊടുക്കും. ഇടയ്ക്കൊരു ദിവസം അടുത്തുള്ള ഗ്രാമത്തിൽ ഒരു ചെറിയ ജോലിക്ക് പോയി. ആ പൈസ കൊണ്ട് 10 കിലോമീറ്റർ അകലെയുള്ള ചന്തയിൽ നിന്ന് അൽപം ഭക്ഷ്യവസ്തുക്കൾ വാങ്ങി. തിരിച്ചു വരാൻ പൊതു ഗതാഗതം

ഒന്നും ഇല്ലാത്തതിനാൽ ഓട്ടോ പിടിച്ച് പോരേണ്ടി വന്നു. ഓട്ടോ കൂലി 300 രൂപ, എന്റെ വേതനത്തിന്റെ 3 ഇരട്ടി. പിന്നെ തരാം എന്ന് പറഞ്ഞിട്ട് സമ്മതിക്കാത്തതിനാൽ കഴുത്തിലുണ്ടായിരുന്ന മാല ഊരി കൊടുക്കേണ്ടി വന്നു.'

ഇത് പോലെ അനേകം മനീഷമാർ ഈറനണിഞ്ഞ കഥകളുമായി നമ്മുടെ മുമ്പിലുണ്ട്. സാധാരണക്കാരന്റെ ജീവിതം അസഹ്യമായിക്കൊണ്ടിരിക്കുകയാണ്. ഒരു രൂപ പോലും സമ്പാദിക്കാൻ പെടാപ്പാട് പെടേണ്ട അവസ്ഥ. ആകെ ജോലി ചെയ്യുന്ന ആൾക്ക് കൂടി ജോലി നഷ്ടപ്പെട്ട് വീട്ടിലിരിക്കുമ്പോൾ കുടുംബം ഭക്ഷണം കഴിക്കുന്നത് എങ്ങനെയാണ്? വീടിന്റെ വാടക കൊടുക്കുന്നത് എങ്ങനെയാണ്? ഇത് വരെ ജോലി നൽകിയിരുന്നവർ ശമ്പളം കൊടുക്കാൻ കൈയിൽ ഒന്നും ഇല്ലാതായി മാനം നോക്കി ഇരിക്കുന്നു. ഇപ്പോൾ ലോകത്ത് പട്ടിണി കിടക്കുന്നവരും അശരണരുമായവരുടെ എണ്ണം ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുന്നു അതുകൊണ്ടുതന്നെ സകാത്ത് അവകാശികളുടെ എണ്ണവും.

സകാത്ത് ഇസ്‌ലാമിന്റെ മൂന്നാമത്തെ സുപ്രധാനമായ തൂണാണ്. കഴിവുള്ളവർ കൊടുക്കൽ നിർബന്ധവുമാണ്. ഈ മഹാമാരിയുടെയും കെടുതിയുടെയും കാലത്ത് വ്യക്തികൾ സകാത്ത് എത്രയും പെട്ടെന്ന് കൊടുക്കുക എന്നുള്ളതും സകാത്ത് സംരംഭകരും സ്ഥാപനങ്ങളും അത് എത്തേണ്ടിടത്ത് വൈകിക്കാതെ എത്തിക്കുക എന്നതും ദീനിയായ കടമയും മാനുഷികമായ ബാധ്യതയുമാണ്. കൊറോണ കാരണം സാമ്പത്തിക കഷ്ടതകൾ അനുഭവിക്കുന്ന അടിയന്തരഘട്ടത്തിൽ നമ്മുടെ സഹജീവികൾക്ക് താങ്ങാവാൻ സകാത്ത് സംവിധാനത്തെ ചലിപ്പിക്കുക. സകാത്ത് കൊണ്ട് എങ്ങനെ അവസ്ഥ മെച്ചപ്പെടുത്താമെന്നതിനു ചില നിർദേശങ്ങൾ താഴെ:

1. ഐസോലേഷൻ സംവിധാനങ്ങൾ ഒരുക്കുക.

രോഗബാധയുണ്ടെന്ന് സംശയമുള്ളവരെ കുടുംബാംഗങ്ങളിൽ നിന്ന് മാറ്റിപ്പാർപ്പിക്കാൻ തക്ക സാമ്പത്തിക സ്ഥിതി ഇല്ലാത്തവർക്കു വേണ്ടി സകാത്ത് ഫണ്ട് ഉപയോഗിച്ച് ഐസോലേഷൻ ഫെസിലിറ്റികൾ ഉണ്ടാക്കുക.

2. വീട് നഷ്ടപ്പെട്ടവർക്ക് താത്കാലിക വീടുകൾ ഒരുക്കുക.

ജോലി നഷ്ടപ്പെട്ടവരും വാടക കൊടുക്കാൻ കഴിയാത്തതിനാൽ വീട് ഒഴിയേണ്ടി വന്നവരും ഒരുപാട് ഉണ്ട്. മുമ്പ് മുതൽക്കേ വീടില്ലാതെ കടത്തിണ്ണകളിൽ ഉറങ്ങിയിരുന്നവരും ധാരാളം. ഇപ്പോൾ കടത്തിണ്ണകൾ പോലും ഇല്ലാതായ ഇവർക്കും താത്കാലിക താമസ സൗകര്യങ്ങൾ ഒരുക്കാൻ സകാത്ത് ഫണ്ട് ഉപയോഗിക്കണം.

3. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിദൂര വിദ്യാഭ്യാസം സാധ്യമാക്കുന്ന സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുക.

സാധാരണ നില എപ്പോഴാണ് കൈവരിക്കുക എന്നത് ഇപ്പോഴും അനിശ്ചിതമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുകയാണ്. മനുഷ്യമനസ്സുകൾക്ക് തുറസ്സു നൽകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്. ഇതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഒരുക്കാൻ സകാത്ത് വിനിയോഗിക്കാം.

4. ഓൺലൈൻ ദഅ്‌വാ പ്രവർത്തനങ്ങൾ

പള്ളികളിലൂടെയും മറ്റും നിരന്തരം നടന്നുകൊണ്ടിരിക്കണം. ദഅ്‌വാ പ്രവർത്തനങ്ങൾ ഓൺലൈൻ വഴി




തുടരാവുന്ന വിധത്തിൽ ദീനീ പ്രവർത്തകർക്കും ഇമാമുമാർക്കും മറ്റും ട്രെയിനിംഗ് കൊടുക്കാനും മറ്റും തുക നീക്കിവെക്കാം.

5. ഗ്രാമപ്രദേശങ്ങളിലെ കൊറോണ ശുശ്രൂഷയുമായി ബന്ധപ്പെട്ട ചെലവുകൾക്കും ഒരു വിഹിതം നീക്കിവെക്കേണ്ടി വന്നേക്കും.

പൊതു ആരോഗ്യ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്ത ഗ്രാമപ്രദേശങ്ങളിൽ ബാധയുണ്ടെന്ന് സംശയിക്കുന്ന ആളുകളെ ടെസ്റ്റ് ചെയ്യുക പോലെയുള്ള കാര്യങ്ങൾക്ക് ഫണ്ട് ആവശ്യമാണെങ്കിൽ സകാത്തിൽ നിന്നെടുക്കാം.

6. കോവിഡ് പ്രതിരോധ വാക്സിൻ കണ്ടുപിടിക്കുന്നതിന് ധനസഹായം നൽകാം. അത്തരമൊരു വാക്സിൻ കണ്ടെത്തുന്നതിന് വേണ്ടി മുഴുവൻ മനുഷ്യരാശിയും ഇന്ന് പ്രയത്നിച്ചു കൊണ്ടിരിക്കുകയാണ്. ഒരു വലിയ തുക ഇതിന് ആവശ്യമാണ്. ഈ വാക്സിൻ കണ്ടുപിടിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി സകാത്ത് ഫണ്ട് വിനിയോഗിക്കാം.

7. തൊഴിൽരഹിതന് സാമ്പത്തിക സഹായം.

തൊഴിൽരഹിതന് തന്റെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പണം ആവശ്യമാണ്. അത്തരം ആളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സകാത്ത് ഫണ്ട് പ്രയോജനപ്പെടുത്താം.

8. വിദേശ രാജ്യങ്ങളിൽ കുടുങ്ങിയ ആളുകൾക്ക് ധനസഹായം.

മെഡിക്കൽ സേവനങ്ങൾ തേടി വിദേശത്തേക്കോ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലേക്കോ സഞ്ചരിക്കേണ്ടി വന്ന ധാരാളം ആളുകൾ ലോക്ക് ഡൗൺ കാരണം ഒറ്റപ്പെട്ടുപോയിട്ടുണ്ട്. അവർക്ക് സകാത്ത് ഫണ്ട് വഴി ധനസഹായം നൽകാം.

9. ഉൽപാദനം വർധിപ്പിക്കുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം.

ഭക്ഷ്യവസ്തുക്കളുടെ ആവശ്യം ക്രമാതീതമായി വർധിച്ച സാഹചര്യത്തിൽ, കൂടുതൽ ഭക്ഷണം വിതരണം ചെയ്യേണ്ടതുണ്ട്. അതിനാൽ, കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുന്നതിനായി

കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനും സകാത്തിൽ വിഹിതം കണ്ടെത്താം.

10. വായ്പകൾ അടയ്ക്കുന്നതിന് സഹായം.

ദരിദ്രരും പണത്തിന് അത്യാവശ്യം നേരിട്ടവരും നിലനിൽപിനുവേണ്ടി വായ്പ എടുത്തിട്ടുണ്ടാകാം. അത് വീട്ടാൻ കഴിയാത്ത സാഹചര്യമുള്ളവരെ സകാത്ത് ഫണ്ട് മുഖേന സഹായിക്കാൻ സാധിക്കും.

11. സകാത്ത് ഓൺലൈൻ ഷോപ്പുകൾക്ക് രൂപം നൽകാം.

സാമ്പത്തിക പ്രയാസം നേരിടുന്നവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഓൺലൈൻ സകാത്ത് ഷോപ്പുകൾ ആരംഭിക്കാവുന്നതാണ്. ആവശ്യക്കാരന് വസ്തുവകകൾ ഈ ഷോപ്പ് വഴി ഓർഡർ ചെയ്യാൻ സാധിക്കും. നിർധനരുടെയും അത്യാവശ്യക്കാരുടെയും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ ഇത് സഹായകമാകും.

12. റമദാനിൽ സ്ഥിരമായി പള്ളികളിൽ വെച്ച് ഇഫ്ത്വാർ കഴിച്ചിരുന്നവർ ഉണ്ട്. ഈ റമദാനിൽ പള്ളികൾ അടച്ചിട്ടിരിക്കുന്നതിനാൽ ആവശ്യക്കാർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ട്.

13. പ്രവാസികൾക്ക് അഭയകേന്ദ്രവും ഭക്ഷണ കേന്ദ്രവും ഒരുക്കുന്നതിന്. ജോലി നഷ്ടപ്പെട്ട പ്രവാസി തൊഴിലാളികൾക്ക് വിദേശ രാജ്യത്ത് പാർപ്പിടവും ഭക്ഷണവും ഒരുക്കിക്കൊടുക്കണം. നാട്ടിലേക്ക് മടങ്ങുക ദുഷ്കരമായ പുതിയ സാഹചര്യത്തിൽ പ്രവാസികളെ സഹായിക്കുന്നതിനും സകാത്ത് ഫണ്ട് ഉപയോഗപെടുത്താം .

14. ഗാർഹിക പീഡനത്തിന്റെ ഇരകൾക്കായി ഷെൽട്ടർ ഹോമുകൾ ഒരുക്കാൻ.

ഗാർഹിക പീഡനത്തിനിരയാകുന്നവർ മറ്റു മാർഗങ്ങളില്ലാതെ പീഡനം സഹിച്ചു അപരാധികൾക്കൊപ്പം താമസം തുടരാൻ ഈ ലോക്ക് ഡൗൺ സാഹചര്യത്തിൽ നിർബന്ധിതരാകുന്നുണ്ട്. അതിനാൽ തന്നെ, ഈ അവസ്ഥയിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും അവർക്ക് അഭയം നൽകുന്നതിനും സകാത്ത് ഫണ്ടുകൾ ഉപയോഗപ്പെടുത്താം.

ഇന്ത്യയിലെ സകാത്ത് കൂട്ടായ്മകൾ സകാത്ത് സമാഹരിക്കുന്നതിനായി നൂതന മാർഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. സകാത്ത് പണമടയ്ക്കൽ



സുഗമമാക്കുന്നതിനായി ഓൺലൈൻ മാർഗമോ സാധ്യമായ മറ്റേതെങ്കിലും മാർഗമോ ഒരുക്കുന്നത് സകാത്ത് അടയ്ക്കുന്നവർക്ക് കൂടുതൽ സൗകര്യപ്രദമാവും. ഇവിടെ സകാത്ത് നൽകുന്നയാളുടെ ശാരീരിക സാന്നിധ്യം ആവശ്യമില്ല. ശാരീരിക അകലം പാലിച്ചുകൊണ്ടു തന്നെ സകാത്ത് സമാഹരണം സാധ്യമാവുന്നു. പണമടയ്ക്കുന്നയാൾക്ക് രോഗബാധയുണ്ടാവാനുള്ള സാഹചര്യം ഇതുവഴി ഒഴിവാക്കാനാവും. ഉദാഹരണത്തിന്, മലേഷ്യയിൽ ഓൺലൈനിലൂടെയും ഡ്രൈവ്-ത്രൂ പേയ്മെന്റ് പോലുള്ള പേയ്മെന്റ് രീതികളിലൂടെയും വീടുതോറുമുള്ള ശേഖരണം വഴിയും സകാത്ത് സമാഹരണം നടത്താവുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഒടുവിൽ പറഞ്ഞ സാഹചര്യത്തിൽ, സകാത്ത് നൽകുന്നവരും ശേഖരിക്കുന്നവരും അവരുടെ വ്യക്തിഗത ശുചിത്വവും ശാരീരിക അകലവും പാലിക്കുന്നതോടൊപ്പം തന്നെ മാസ്ക് ധരിക്കുകയും അണുനാശിനി ഉപയോഗിക്കുകയും ചെയ്യണമെന്ന് അറിയിച്ചിരുന്നു.

ഇന്ത്യയിൽ, നിലവിലെ ലോക്ക് ഡൗൺ സാഹചര്യത്തിൽ സകാത്തിനായി ഓൺലൈൻ പെയ്മെന്റ് സംവിധാനം കൊണ്ടുവരുന്നത് ബുദ്ധിമുട്ടാണെങ്കിൽ ഇത്തരം സംവിധാനങ്ങളുള്ള സ്ഥാപനങ്ങളെ സകാത്ത് ശേഖരണത്തിനായി ഉപയോഗപ്പെടുത്താൻ സാധിക്കും. ഇത് സകാത്ത് ദാതാക്കൾക്ക് കൂടുതൽ സൗകര്യപ്രദമാവുകയും ശേഖരിക്കപ്പെടുന്ന സകാത്ത് ധനത്തിന്റെ അളവ് വർധിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യും. കൂടാതെ സകാത്ത് ഫണ്ടിന്റെ സമയബന്ധിതമായ പുനർവിതരണത്തിനും ഇത് സൗകര്യമൊരുക്കും.

ജനങ്ങൾ അവശ്യവസ്തുക്കൾക്കായി അവലംബിക്കുന്ന കടകൾക്ക് സകാത്ത് നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവരിൽ അവബോധം സൃഷ്ടിക്കുന്നതിൽ സുപ്രധാനമായ പങ്ക് വഹിക്കാൻ സാധിക്കും. കൂടുതൽ പണം ശേഖരിക്കാൻ സഹായകരമാകുന്ന Charity Rounding up ഇക്കാര്യത്തിൽ പ്രായോഗികവൽക്കരിക്കാൻ സാധിക്കുന്ന ആശയമാണ്. റീട്ടെയിൽ സ്റ്റോറിന്റെ പോയിന്റ് ഓഫ് സെയിൽ (പി.ഒ.എസ്) ടെർമിനലിലോ അല്ലെങ്കിൽ ഒരു ഓൺലൈൻ വെബ്സൈറ്റ് വഴിയോ ചില്ലറ ഇടപാടുകളിലൂടെ ചാരിറ്റിക്ക് സൗകര്യമൊരുക്കുന്ന ഈ ആശയത്തെ സകാത്തുമായി ബന്ധിപ്പിക്കാം. ഒരു വ്യക്തി ഓൺലൈനിൽ സാധനങ്ങൾ തെരഞ്ഞെടുത്ത് പണം അടയ്ക്കുന്ന സമയത്തു തന്നെ സകാത്ത് അടയ്ക്കാൻ ഷോപ്പർക്ക് ഒരു ഓപ്ഷൻ നൽകാം. ഇത് സകാത്ത്, ചാരിറ്റി ഫണ്ടുകൾ വർധിപ്പിക്കാൻ സഹായകമാകും. സംഭാവന നൽകാൻ പ്രാപ്തരായവർക്ക് കൂടുതൽ സൗകര്യപ്രദമായ മാർഗമായിരിക്കും ഇത്. ഇത് നടപ്പിൽ വരുത്താൻ ഇന്ത്യയിലെ സകാത്ത് സംഘടനകൾക്ക് ഇത്തരം കടകളുമായി കൈകോർക്കാം.

മഹാമാരി മൂലമുണ്ടായ പെട്ടെന്നുള്ള ജോലി നഷ്ടം നിർധനരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാക്കിയിട്ടുണ്ട്. ഒരുക്കിവെച്ച സമ്പാദ്യമെല്ലാം തീർന്നു പോയവരും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പോലും പണം തികയാതെ വരുന്നവരുമായ ധാരാളം അവകാശികൾ പുതുതായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആഗോള തൊഴിലാളി സംഘടനയുടെ (ഐ.എൽ.ഒ) സമീപകാല റിപ്പോർട്ട് പ്രകാരം, കൊറോണാ വൈറസ് മഹാമാരി 400 ദശലക്ഷം ഇന്ത്യൻ തൊഴിലാളികളെ കടുത്ത ദാരിദ്ര്യത്തിൽ അകപ്പെടുത്താനിടയുണ്ട്. നിരവധി മാർഗങ്ങളിലൂടെ സകാത്ത് ഉപയോഗപ്പെടുത്തികൊണ്ട് ഈ മഹാമാരി സൃഷ്ടിച്ച ആരോഗ്യ പ്രതിസന്ധി നമുക്ക് മറികടക്കാൻ സാധിക്കും. അതിനുള്ള ചില മാർഗനിർദേശങ്ങളാണ് ഈ ലേഖനത്തിൽ നൽകിയത്. ●

(മലേഷ്യയിലെ ഇന്റർനാഷ്നൽ സെന്റർ ഫോർ എജുക്കേഷൻ ഇൻ ഇസ്ലാമിക് ഫിനാൻസ് എന്ന സ്ഥാപനത്തിൽ അധ്യാപികയാണ് ലേഖിക).

വിവ: **ഇഹ്സാൻ അലി കെ.സി, ഇർഫാൻ അലി കെ.സി)**


സകാത്ത്
സമ്പത്തിന്റെ ശുദ്ധീകരണം
ദാരിദ്ര്യത്തിന്റെ നിർമാർജ്ജനം
സകാത്ത്
അർഹരിലേക്ക് എത്താൻ
1596
വ്യക്തികൾക്ക് കടബാധ്യത തീർക്കാനുള്ള സഹായം
1742
വ്യക്തികൾക്ക് തൊഴിൽ പദ്ധതികൾ
3271
രോഗികൾക്ക് ചികിത്സാ സഹായം
2156
വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
690
വീടുകളുടെ നിർമാണത്തിന് പൂർണ്ണ സഹായം
1742
വ്യക്തികൾക്ക് റേഷൻ/ പെൻഷൻ
2643
വീടുകളുടെ നിർമ്മാണ പൂർത്തീകരണത്തിന് സഹായം
207
കുടിവെള്ള പദ്ധതികൾ
നിങ്ങളുടെ വിഹിതം
ബൈത്തുസ്സകാത്ത്
കേരളയെ
ഏൽപിക്കുക
Account details:
BAITHUZZAKATHKERALA
A/c No. 13890100118107
IFSCode : FDRL0001389, Federal Bank
Branch: S.M Street, Kozhikode
بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA
Calicut Charitable Trust Building
Mavoor Road, Calicut, Kerala, India - 673 004
Call: 0495 - 2729500, 9846888700
www.baithuzzakathkerala.org
For ensuring receipt please send transfer details to Mobile No: 9605000752(WhatsApp)
or mail to baithuzakathkerala@gmail.com




# ക്ഷാമകാലത്ത് ഉദാരതയുടെ അനിവാര്യത

കവർ സ്റ്റോറി / പി.കെ ജമാൽ
pkjamal@hotmail.com

കടുത്ത സാമ്പത്തിക മാന്ദ്യവും ക്ഷാമവും ദാരിദ്ര്യവുമാണ് കൊറോണാനന്തര ലോകം അഭിമുഖീകരിക്കാൻ പോകുന്നത്. രണ്ടാം ലോകയുദ്ധത്തിന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ലോകം മുഴുവൻ നേരിട്ട രൂക്ഷമായ സാമ്പത്തിക മാന്ദ്യമാണ് 'മഹാ സാമ്പത്തിക മാന്ദ്യം' അഥവാ 'ഗ്രേറ്റ് ഡിപ്രഷൻ'. ഈ മഹാ സാമ്പത്തിക മാന്ദ്യം മിക്ക രാജ്യങ്ങളിലും 1929-ൽ തുടങ്ങി 1940കളുടെ തുടക്കത്തിലാണ് അവസാനിച്ചത്. കഴിഞ്ഞ നൂറ്റാണ്ട് കണ്ട ഏറ്റവും ദൈർഘ്യമേറിയതും ആഴത്തിൽ പടർന്നു പിടിച്ചതുമായ ഈ സാമ്പത്തികതകർച്ചയെ, ആഗോളസാമ്പത്തിക രംഗത്ത് സംഭവിക്കാവുന്ന അധഃപതനത്തിന്റെ ഉദാഹരണമായി നാം ജീവിക്കുന്ന ഈ നൂറ്റാണ്ടിലും ചിത്രീകരിക്കാറുണ്ട്. മഹാ സാമ്പത്തിക മാന്ദ്യം സമ്പന്നരെന്നോ ദരിദ്രരെന്നോ വികസിത രാജ്യമെന്നോ അവികസിത രാജ്യമെന്നോ വ്യത്യാസമില്ലാതെ സർവരെയും ബാധിച്ചു.

2008-ൽ ഉണ്ടായ ആഗോള സാമ്പത്തിക മാന്ദ്യത്തെയും ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകളിലെ 'മഹാ സാമ്പത്തിക മാന്ദ്യ'ത്തെയും പിറകിലാക്കി ദ്രുതഗതിയിലുള്ളതും അതീവ ഗുരുതരവുമായ സാമ്പത്തിക പ്രതിസന്ധിയാണ് കൊറോണ സൃഷ്ടിക്കാൻ പോകുന്നതെന്ന് 'ഗാർഡിയൻ' പത്രത്തിൽ നോറിയൽ റോബിനി എഴുതുന്നു. 'ഗ്രേറ്റ് ഡിപ്രഷൻ' ദുരന്തഫലങ്ങൾ പ്രത്യക്ഷപ്പെടാൻ മൂന്ന് വർഷം എടുത്തുവെങ്കിൽ കൊറോണ വരുത്തിയ സാമ്പത്തിക കുഴപ്പം പ്രത്യക്ഷപ്പെടാൻ മൂന്നാഴ്ചയേ വേണ്ടിവന്നുള്ളൂ എന്ന് സാമ്പത്തിക വിദഗ്ധനായ അദ്ദേഹം പറയുന്നു. മുമ്പു കഴിഞ്ഞ സാമ്പത്തിക പ്രതിസന്ധികളൊന്നും ആഗോള 'ലോക്ക് ഡൗണി' ലേക്ക് ലോകത്തെ എത്തിച്ചിരുന്നില്ല. ആ 'ബഹുമതി' കൊറോണ വൈറസിന് മാത്രം അവകാശപ്പെട്ടതാണ്. ഇന്റർനാഷ്നൽ മോണിറ്ററി ഫണ്ട് ഡയറക്ടർ ക്രിസ്റ്റലീന ജോർജീവയുടെ അഭിപ്രായത്തിൽ 'ഗ്രേറ്റ് ഡിപ്രഷൻ' വരുത്തിവെച്ച കൊടിയ

സാമ്പത്തിക മാന്ദ്യത്തേക്കാൾ രൂക്ഷമായ പ്രതിസന്ധിയാണ് ലോകം അഭിമുഖീകരിക്കാൻ പോകുന്നത്. കിഴക്കൻ ഏഷ്യയിലെയും പെസിഫിക്കിലെയും 24 മില്യൻ ജനങ്ങളെങ്കിലും കടുത്ത ദാരിദ്ര്യത്തിൽ അകപ്പെടുമെന്ന് വേൾഡ് ബാങ്ക് നിരീക്ഷിച്ചതായി ബി. ബി. സി ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു.

തൊഴിലില്ലായ്മയും വരുമാനനഷ്ടവും ഉണ്ടാക്കുന്ന ദാരിദ്ര്യവും പട്ടിണിയും മറികടക്കാനാവാതെ ജനങ്ങൾ വീർപ്പുമുട്ടി മരിക്കുന്ന നിസ്സഹായാവസ്ഥയെയായിരിക്കും ഇന്ത്യൻ നഗരങ്ങളും ഗ്രാമങ്ങളും നേരിടേണ്ടി വരികയെന്ന് 'കൊറോണാനന്തര ഇന്ത്യ'യെ കുറിച്ച് പഠനം നടത്തിയ സാമ്പത്തിക വിദഗ്ധർ വ്യക്തമാക്കുന്നു. ഓരോ വ്യക്തിയും വീടും കുടുംബവും സമൂഹവും അനുഭവിക്കേണ്ടിവരുന്ന പച്ചയായ ജീവിത യാഥാർഥ്യങ്ങളെക്കുറിച്ച മുന്നറിയിപ്പിനിടയിലും മത-ജാതി-വർഗ വ്യത്യാസമില്ലാത്ത മാനവിക മൂല്യങ്ങളിൽ ഊന്നിയ നവസംസ്കൃതി രൂപപ്പെട്ടേക്കുമെന്ന ശുഭവിശ്വാസത്തിലാണ് സാമൂഹിക ശാസ്ത്രജ്ഞർ. യു.എൻ ഹൈകമീഷണർ ഓഫ് ഹ്യൂമൻ റൈറ്റ്സ് മിഷേൽ ബക് ലെറ്റും റെഫ്യൂജീസ് റൈറ്റ്സ് ഹൈക്കമീഷണർ ഫിലിപ്പി നോഗ്രാന്റിയും ടെലഗ്രാഫിൽ എഴുതിയ ലേഖനത്തിൽ സൂചിപ്പിക്കുന്നു: 'കൊറോണാ വൈറസ്, നിസ്സംശയം നമ്മുടെ തത്ത്വങ്ങളെയും പരമ്പരാഗത മൂല്യങ്ങളെയും മാനവിക പരികൽപനകളെയും പരിശോധനക്കും പരീക്ഷണത്തിനും വിധേയമാക്കുന്നുണ്ട്. ഈ മഹാമാരിയോടുള്ള നമ്മുടെ പ്രതികരണം സമൂഹം മുഖ്യധാരയിൽനിന്ന് തള്ളിമാറ്റി അരികു വൽക്കരിച്ചവരുടെ പ്രശ്ന പരിഹാരത്തിൽ കേന്ദ്രീകരിച്ചാവണം' (*ഗാർഡിയൻ* 13.03.2020).

കൊറോണാനന്തര കാലത്തെ പുതിയ ലോകം നമുക്ക് മുന്നിൽ തുറന്നിടാൻ പോകുന്നത് കടുത്ത ജീവിതക്കാഴ്ചകളുടെ ജാലകങ്ങളാണ്. 'ജനസേവനം ദൈവാരാധന'യായി കാണുന്ന മതവിശ്വാസികൾക്ക് ഏറെ പ്രവർത്തിക്കാനുള്ള സന്ദർഭമാണിത്. സമൂഹ ജീവിതത്തിന്റെ പൊടിയും പുകയുമേറ്റ് ജീവിക്കുന്ന വിശ്വാസിക്ക് നിസ്സംഗതയോടെ നോക്കി നിൽക്കാൻ കഴിയാത്ത കാലം. സങ്കീർണ ജീവിത പ്രതിഭാസങ്ങളുടെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാനാവാതെ ഒലിച്ചുപോകുന്ന മനുഷ്യജന്മങ്ങളുടെ ചുടുനിശ്വാസങ്ങളോട് സചേതനമായി പ്രതികരിച്ചും അവർക്ക് പുനർജനി നൽകാനുള്ള യത്നങ്ങളിൽ പങ്കു വഹിച്ചും നവലോക നിർമിതി നടത്തേണ്ട കാലം. ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളും അവയുടെ പ്രയോഗവത്കരണവും പുതിയ വായനയും പഠനവും അനിവാര്യമാക്കിത്തീർക്കുന്നു കൊറോണാനന്തരം ജീവിത യാഥാർഥ്യങ്ങൾ.

**മനുഷ്യക്ഷേമം സമുന്നത ലക്ഷ്യം**

ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥ ലക്ഷ്യമാക്കുന്നത് മനുഷ്യക്ഷേമമാണ്. 'ഓരോ പച്ചക്കരളിലും പ്രതിഫലമുണ്ട്' (ബുഖാരി, മുസ്ലിം) എന്ന് പഠിപ്പിക്കുന്ന മുഹമ്മദ് നബി(സ)യുടെ അധ്യാപനങ്ങളിലൂടെ സഞ്ചരിച്ചാൽ ബോധ്യമാകുന്ന ഒരു സത്യമുണ്ട്. വ്യക്തിക്കും സമൂഹത്തിനും ഗുണകരമായി ഭവിക്കുന്ന നന്മ നിറഞ്ഞ എല്ലാ പ്രവർത്തനങ്ങളെയും ആ ചര്യ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സമ്പത്തിന്റെ യഥാർഥ ഉടമ ദൈവമാണെന്ന യാഥാർഥ്യം കൂടെക്കൂടെ ഉണർത്തുന്നുണ്ട്. വ്യക്തിക്ക് അതിൽ ക്രയവിക്രയാധികാരം മാത്രം. ഏത് നേരത്തും ഒഴിവാക്കപ്പെട്ടേക്കാവുന്ന ഒരു കൈവശക്കാരൻ മാത്രമാണയാൾ. സമ്പത്തിനോടുള്ള ഇസ്ലാമിന്റെ അടിസ്ഥാന വീക്ഷണം വ്യക്തമാക്കുന്നുണ്ട് ഖുർആൻ, ചരിത്രത്തിലെ ഏറ്റവും ധനാഢ്യനായ ഖാറൂന്റെ ജീവിതകഥ പറയുമ്പോൾ. ഇനിപ്പറയുന്ന അടിസ്ഥാനങ്ങളിൽ ഊന്നിയാണ് ഇസ്ലാമിക സാമ്പത്തിക ശാസ്ത്രം വികസിക്കുന്നത്:

ഒന്ന്: മതിമറക്കരുത്. മതിമറന്ന് അർമാദിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. രണ്ട്: അല്ലാഹു തന്നിട്ടുള്ള സമ്പത്ത് കൊണ്ട് പാരത്രിക ഗേഹം തേടാൻ നോക്കണം.

മൂന്ന്: എന്നാൽ ഈ ലോകത്ത് നിനക്കുള്ള പങ്ക് വിസ്മരിക്കുകയും വേണ്ട. നാല്: അല്ലാഹു നിന്നോട് നന്മ ചെയ്തിട്ടുള്ളത് പോലെ നീയും നന്മ ചെയ്യുക.

അഞ്ച്: ഭൂമിയിൽ അധർമം പരത്താൻ ശ്രമിക്കരുത്. അധർമം പരത്തുന്നവരെ അല്ലാഹു സ്നേഹിക്കുന്നില്ല (*അൽ ഖസ്വസ്വ്:* 76-78).

ജനങ്ങൾ ഖാറൂന് നൽകിയ ഉപദേശം ശരിവെച്ചുകൊണ്ട് ഖുർആൻ നടത്തിയ പ്രതിപാദനം തന്നെയാണ് ഇസ്ലാമിക സാമ്പത്തിക കാഴ്ചപ്പാടിന്റെ നിദാന ശാസ്ത്രം. ''അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അവൻ നിങ്ങളെ പ്രതിനിധികളാക്കിയിട്ടുള്ള വിഭവങ്ങളിൽനിന്ന് ചെലവഴിക്കുകയും ചെയ്യുവിൻ'' (*അൽ ഹദീദ്* 7). ധനത്തിന്റെ ഉടമയുടെ ഇംഗിതമനുസരിച്ച്, അവന്റെ ഹിതപ്രകാരം വ്യയം ചെയ്യാനുള്ള അധികാരമേ മനുഷ്യന് നൽകപ്പെട്ടിട്ടുള്ളൂ എന്ന് സാരം. ജീ



വകാരുണ്യ രംഗങ്ങളിൽ ഉദാരമായി സമ്പത്ത് ചെലവഴിക്കാൻ പ്രേരിപ്പിക്കുന്ന നബി വചനങ്ങൾ നിരവധിയാണ്. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസിൽ നിന്ന്. ഒരാൾ നബി(സ)യോട് ചോദിച്ചു: ഏത് ഇസ്‌ലാമാണ് ഉത്തമം? നബി(സ): 'ആഹാരം നൽകുക, പരിചയമുള്ളവന്നും പരിചയമില്ലാത്തവന്നും സലാം പറയുക' (ബുഖാരി, മുസ്‌ലിം).

അബൂഹുറൈറ(റ): നബി (സ) പറഞ്ഞു: 'ഓരോ പ്രഭാതത്തിലും രണ്ട് മലക്കുകൾ ഇറങ്ങിവരും. ഒരാൾ പറയും: അല്ലാഹുവേ, ചെലവഴിക്കുന്നവന് നീ പകരം നൽകേണമേ, മറ്റേ ആൾ: അല്ലാഹുവേ ചെലവഴിക്കാതെ കെട്ടിപ്പൂട്ടി വെക്കുന്നവന് നീ നാശം വരുത്തേണമേ' (ബുഖാരി, മുസ്‌ലിം). അബ്ദുല്ലാഹിബ്നു മസ്ഊദ് (റ): നബി(സ) പറഞ്ഞു: 'രണ്ട് കാര്യങ്ങളിൽ മാത്രമേ അസൂയയുള്ളൂ. അല്ലാഹു സമ്പത്ത് നൽകിയ വ്യക്തി. സത്യമാർഗത്തിൽ വാരിക്കോരി വ്യയം ചെയ്യാൻ അയാൾ അത് നീക്കിവെച്ചിരിക്കുന്നു. വിജ്ഞാനം നൽകപ്പെട്ട വ്യക്തി. അയാൾ അത് പഠിപ്പിക്കുകയും അതുപയോഗിച്ച് ന്യായവിധി നടത്തുകയും ചെയ്യുന്നു' (ബുഖാരി, മുസ്‌ലിം). അദിയ്യുബ്നു ഹാതിം: നബി (സ) പറഞ്ഞു: 'ഒരു കാരക്കച്ചീളുകൊണ്ടെങ്കിലും നിങ്ങൾ നരകത്തെ സൂക്ഷിക്കണം' (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ സകാത്തിന്റെ പ്രാധാന്യം വിവരിക്കുന്ന നിരവധി ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളും കാണാം. നമസ്കാരത്തിനുള്ള പ്രാധാന്യം സകാത്തിനുമുണ്ട്. 28 ഇടങ്ങളിൽ നമസ്കാരത്തോട് ചേർത്താണ് സകാത്തിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. നബി(സ)യോ സ്വഹാബിമാരോ സകാത്തിനും നമസ്കാരത്തിനുമിടയിൽ വ്യത്യാസം കൽപിച്ചിട്ടില്ല. അബൂബക്ർ സ്വിദ്ദീഖ് (റ) ഭരണാധികാരം ഏറ്റെടുത്ത് പ്രഖ്യാപിച്ചു: 'അല്ലാഹുവാണ് സത്യം, നമസ്കാരത്തിന്റെയും സകാത്തിന്റെയും ഇടയിൽ വ്യത്യാസം കൽപിച്ചവരോട് ഞാൻ യുദ്ധം ചെയ്യും' (മുസ്‌ലിം).



സകാത്തിന്റെ അവകാശികൾ ആരാണ്? ''സകാത്ത് ദരിദ്രർക്കും അഗതികൾക്കും അതിന്റെ ജോലിക്കാർക്കും മനസ്സിണങ്ങിയവർക്കും അടിമ മോചനത്തിനും കടംകൊണ്ട് വലഞ്ഞവർക്കും ദൈവമാർഗത്തിൽ വിനിയോഗിക്കാനും വഴിപോക്കർക്കും മാത്രമുള്ളതാണ്. അല്ലാഹു നിർണയിച്ച കടമയാണിത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്'' (*അത്തൗബ* 60).

സമ്പത്ത്, കാർഷിക വിളകൾ, നിധികൾ, വളർത്തു മൃഗങ്ങൾ, സ്വർണം തുടങ്ങിയവയുടെ വാർഷിക കണക്കെടുത്ത് നിശ്ചിത ശതമാനം എട്ട് അവകാശികൾക്ക് നൽകുന്നതാണ് സകാത്ത്. നിർണിത അളവ് സമ്പത്തിന്റെ ഉടമയായി ഒരു വർഷം പൂർത്തിയാകുമ്പോഴാണ് മുസ്‌ലിമിന് സകാത്ത് നിർബന്ധമാകുന്നത്. സ്വർണം, വെള്ളി, പണം, വസ്തുവകകൾ, കച്ചവട സാമഗ്രികൾ, ഓഹരികൾ മുതലായവക്ക് 2.5 ശതമാനം ആണ് സകാത്ത്. കാർഷിക ഉൽപന്നങ്ങൾ പ്രകൃത്യാ മഴമൂലം വിളയുന്നവയാണെങ്കിൽ 10 ശതമാനവും ജലസേചനത്തിലൂടെ വിളയുന്നതാണെങ്കിൽ 5 ശതമാനവും ആണ് സകാത്ത്.

**സകാത്ത് മാത്രമോ?**

ഇവിടെ പ്രസക്തമായ ഒരു ചോദ്യമുണ്ട്: സമ്പത്തിൽ സകാത്തേതര ബാധ്യതകൾ ഉണ്ടോ? മതനിഷ്ഠയുള്ള പല ധനാഢ്യരും ധരിച്ചുവെച്ചിരിക്കുന്നത് വർഷം തോറും തങ്ങളുടെ സകാത്ത് കണക്കാക്കി നൽകിയാൽ സാമ്പത്തികമായ തങ്ങളുടെ ബാധ്യതകളും കടമകളും തീർന്നെന്നാണ്. സ്വദഖ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാമൂഹിക സേവന സംരംഭങ്ങൾ, പ്രബോധന പ്രവർത്തനങ്ങൾ, ചാരിറ്റി എന്നീ തുറകളിലൊന്നും സമ്പത്ത് ചെലവഴിക്കാൻ തങ്ങൾ ബാധ്യസ്ഥരല്ല എന്നവർ കരുതുന്നു. ഖുർആനും സുന്നത്തും ഈ വിഷയത്തിൽ എന്ത് പറയുന്നു?


സ്വഹാബിമാരുടെയും താബിഉകളുടെയും കാലഘട്ടം മുതൽക്കേ ധനത്തിൽ സകാത്ത് അല്ലാത്ത ബാധ്യതകളുമുണ്ട് എന്ന ശക്തമായ അഭിപ്രായമാണ് നിലനിന്നത്. സ്വഹാബിമാരിൽ ഉമർ(റ), അലി(റ), അബൂദർറ്(റ). ആഇശ(റ), ഇബ്നു ഉമർ(റ), അബൂഹുറൈറ(റ), ഹസനുബ്നു അലി (റ), ഫാത്വിമ ബിൻതു ഖൈസ് (റ) തുടങ്ങിയവരും താബിഉകളിൽ ശഅബി, മുജാഹിദ്, ത്വാവൂസ്, അത്വാഅ് തുടങ്ങിയവരും ഈ അഭിപ്രായമുള്ളവരാണ്.

ഫാത്വിമ ബിൻത് ഖൈസ് (റ) റിപ്പോർട്ട് ചെയ്യുന്നു: സകാത്തിനെ സംബന്ധിച്ച ഒരു ചോദ്യത്തിന് നബി(സ) മറുപടി പറഞ്ഞതിങ്ങനെ: 'അതേ, തീർച്ചയായും ധനത്തിൽ സകാത്ത് അല്ലാത്ത ബാധ്യതകളും ഉണ്ട്.' തുടർന്ന് നബി(സ) സൂറത്തുൽ *ബഖറ*യിലെ 177-ാം വചനം ഓതിക്കേൾപ്പിച്ചു: ''നിങ്ങൾ പടിഞ്ഞാറോട്ടോ കിഴക്കോട്ടോ മുഖം തിരിക്കുക എന്നതല്ല ധർമം. പിന്നെയോ, മനുഷ്യൻ അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും ആത്മാർഥമായി വിശ്വസിക്കുകയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ

# ലോക്ഡൗൺ കാലത്ത് ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഐ.പി.എച്ച് തുറന്ന് പ്രവർത്തിക്കും

## വമ്പിച്ച റമദാൻ ഓഫർ

400 രൂപയുടെ പുസ്തകങ്ങൾ 290 രൂപക്ക്
1000 രൂപയുടെ പുസ്തകങ്ങൾ 690 രൂപക്ക്
3000 രൂപയുടെ പുസ്തകങ്ങൾ 1990 രൂപക്ക്



Available on amazonkindle

ഡിജിറ്റൽ എഡിഷനുള്ള ഐ.പി.എച്ച് പുസ്തകങ്ങളിൽ ചിലത്..
(Kindle Edition)



MOBILE APP!

ഐ.പി.എച്ച് പുസ്തകങ്ങൾ നിങ്ങളുടെ വിരൽ തുമ്പിൽ..



ഐ.പി.എച്ചിന്റെ എല്ലാ പുസ്തകങ്ങളുടെയും ഡിജിറ്റൽ പതിപ്പ് കുറഞ്ഞ വിലക്ക് ലഭിക്കുന്ന ഐ.പി.എച്ച് ആപ് ഉടൻ..

**IPH BOOKS**
Fourland Building, Rajaji Road
Kozhikode - 673 004

Branches
I.P.H, THIRUVANANTHAPURAM, PH: 0471-2115093, I.P.H, ERANAKULAM, PH: 0484-2369784
I.P.H,THRISSUR, PH: 0487-2427356, I.P.H, KANNUR, PH: 0497-2701001
I.P.H, MALAPPURAM, PH: 0483-2735445, I.P.H. PALAKKAD, PH: 0491-2528010,
Pratheeksha Books, KOZHIKODE, PH: 0495-2720092

0495-2720072, 2724618 | iphkerala.com | iphcalicut | 9544299877 | Iphbooks

തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയുമാകുന്നു ധർമം. കരാർ ചെയ്താൽ അത് പാലിക്കുകയും പ്രതിസന്ധികളിലും വിപത്തുകളിലും സത്യാസത്യസംഘട്ടനവേളയിലും സഹനം അവലംബിക്കുകയും ചെയ്യുന്നവരാകുന്നു ധർമിഷ്ഠർ. അവരാകുന്നു സത്യവാന്മാർ. അവർ തന്നെയാകുന്നു ഭക്തരും'' (*അൽബഖറ* 177) (തിർമിദി).

തനിക്ക് പ്രിയപ്പെട്ട ധനം അല്ലാഹുവിനോടുള്ള സ്നേഹം മുൻനിർത്തി അനാഥർ, അഗതികൾ, സാധുക്കൾ തുടങ്ങിയവർക്ക് നൽകേണ്ടത് ധർമത്തിന്റെ യഥാർഥ താൽപര്യമാണെന്ന് ഉണർത്തിയതിനു ശേഷം 'നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും' ചെയ്യുന്നത് വീണ്ടും എടുത്തു പറഞ്ഞത് രണ്ടും രണ്ടാണെന്ന് സൂചിപ്പിക്കാനാണ്. ആദ്യത്തെ ദാനം സകാത്തേതരമായ ധർമമാണെന്ന് വ്യക്തം. സൂക്തത്തിൽ ആദ്യം സൂചിപ്പിച്ച ദാനം ഐഛികമാണെന്ന വാദം നിലനിൽക്കുന്നതല്ലെന്നും അത് നിർബന്ധ സ്വഭാവത്തിലുള്ളതാണെന്നും സകാത്തേതര ബാധ്യതയുടെ വക്താക്കൾ സമർഥിക്കുന്നു. അഖീദയുടെയും ഇബാദത്തിന്റെയും സ്വഭാവ സംസ്കരണങ്ങളുടെയും മൗലികാവകാശങ്ങൾ ഊന്നുന്ന സൂക്തത്തിൽ 'താൻ സ്നേഹിക്കുന്ന ധനം നൽകുന്നത് മാത്രം' ഐഛിക കർമമായിത്തീരുന്നതെങ്ങനെ എന്ന ചോദ്യമാണ് അവർ ഉയർത്തുന്നത്. സകാത്ത് കൊണ്ട് റദ്ദ് ചെയ്യപ്പെടാത്ത ഈ ദാനം നിർബന്ധ കർമങ്ങളും ശിക്ഷാവിധികളും പ്രാബല്യത്തിൽ വന്ന മദീനാഘട്ടത്തിലാണ് അവതരിച്ചതെന്നും അത് ഖണ്ഡിത വിധിയാണെന്നും ഇബ്നു അബ്ബാസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സൂക്തത്തിന് ഖുർത്വുബി നൽകിയ വ്യാഖ്യാനം പരിശോധിക്കാം: 'തനിക്ക് പ്രിയങ്കരമായ ധനം നൽകുക' എന്ന സൂക്തത്തിലെ പ്രതിപാദനം, ധനത്തിൽ സകാത്ത് അല്ലാത്ത ബാധ്യതകളും ഉണ്ടെന്നതിന്റെ തെളിവാണെന്നും 'ധർമം' പൂർത്തിയാവാൻ അത് കൂടി ആവശ്യമാണെന്നും ഒരു വിഭാഗം അഭിപ്രായപ്പെടുന്നു. നിർബന്ധ കർമമായ സകാത്തിനെക്കുറിച്ചാണ് ആ പ്രതിപാദനം എന്ന് ഇനിയും ഒരു വിഭാഗം. ആദ്യത്തെ അഭിപ്രായമാകുന്നു ഏറ്റവും ശരിയായിട്ടുള്ളത്. ദാറഖുത്നി ഉദ്ധരിച്ച ഫാത്വിമ ബിൻതു ഖൈസിന്റെ ഹദീസ് ഈ അഭിപ്രായത്തെ ശരിവെക്കുന്നു. ഇബ്നുമാജയും തിർമിദിയും ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീസിനെ കുറിച്ച തിർമിദിയുടെ അഭിപ്രായം: 'ഈ ഹദീസിന്റെ സനദ് അത്ര പ്രബലമല്ല. അബൂഹംസ മയ്മൂൻ ളഈഫ് ആണ്.' തുടർന്ന് ഖുർത്വുബി തന്റെ അഭിപ്രായം വ്യക്തമാക്കുന്നതിങ്ങനെ: 'ചില ചർച്ചകൾക്ക് വിരുദ്ധമായ ഹദീസാണെങ്കിലും സൂക്തത്തിലെ പ്രതിപാദനം ആ ഹദീസിന്റെ പ്രാമാണികത ശരിവെക്കുന്നതാണ്. 'നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് നൽകുകയും ആകുന്നു' 'ധർമം' എന്ന് സൂക്തത്തിൽ തുടർന്ന് പറയുമ്പോൾ: 'തനിക്ക് പ്രിയങ്കരമായ ധനം ചെലവഴിക്കുക' എന്ന പരാമർശം നിർബന്ധമായ സകാത്തിനെ കുറിച്ചല്ല എന്ന് വ്യക്തം. അങ്ങനെ കരുതിയാൽ അത് ആവർത്തനമാകും. സകാത്ത് നൽകിയ ശേഷവും മുസ്‌ലിംകൾക്ക് ഒരാവശ്യം നേരിട്ടാൽ അത്തരം രംഗങ്ങളിൽ ധനം വ്യയം ചെയ്യേണ്ടത് നിർബന്ധമാണെന്ന അഭിപ്രായത്തിൽ പണ്ഡിതന്മാർക്കെല്ലാം യോജിപ്പാണുള്ളത്. ഇമാം മാലിക് പറഞ്ഞു: തടവുകാരെ മോചിപ്പിക്കാൻ ധനം മുഴുവൻ ചെലവിടേണ്ടി വന്നാലും അങ്ങനെ ചെയ്യേണ്ടത് ജനങ്ങൾക്ക് നിർബന്ധമാണ്. ഇത് ഇജ്മാഅ് ആണ്. നമ്മുടെ അഭിപ്രായത്തിന് ശക്തിപകരുന്നതാണ് ഈ പ്രസ്താവന' (തഫ്സീർ ഖുർതുബി).

കാർഷിക വിളകൾക്ക് കൊയ്ത്തുവേളയിൽ നിർബന്ധമായി നൽകേണ്ട ദാനമുണ്ടെന്നതിന് തെളിവായുദ്ധരിക്കുന്നത് സൂറത്തുൽ *അൻആമിൽ* തദ്സംബന്ധമായി വന്ന സൂക്തമാണ്. 'പന്തലിൽ പടർത്തപ്പെടുന്നതും അല്ലാത്തതുമായ പലതരം തോട്ടങ്ങളും മുന്തിരിത്തോപ്പുകളും ഈത്തപ്പഴത്തോട്ടങ്ങളും ഉണ്ടാക്കിയത് അല്ലാഹു മാത്രമാകുന്നു; പലതരം ആഹാരങ്ങൾ ലഭിക്കുന്ന വിളകൾ ഉണ്ടാക്കിയതും; രൂപത്തിൽ സാദൃശ്യമുള്ളതും രുചിയിൽ വ്യത്യാസമുള്ളതുമായ ഫലങ്ങൾ ഉണ്ടാവുന്ന ഒലിവിന്റെയും അനാറിന്റെയും വൃക്ഷങ്ങൾ ഉണ്ടാക്കിയതും. അവ കായ്ക്കുമ്പോൾ ഫലങ്ങൾ ഭുജിച്ചുകൊള്ളുവിൻ. അവയുടെ കൊയ്ത്തുകാലത്ത് അല്ലാഹുവിന്റെ അവകാശം കൊടുക്കുകയും ചെയ്യുവിൻ. അതിര് കവിയാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ അതിരുകവിയുന്നവരെ അല്ലാഹു സ്നേഹിക്കുന്നില്ല' (*അൽ അൻആം*: 141).

ഈ സൂക്തത്തിൽ സൂചിപ്പിച്ചത് സകാത്തല്ലാത്ത സാമ്പത്തിക ബാധ്യതയെക്കുറിച്ചാണെന്നും സകാത്തല്ലാത്ത അവകാശങ്ങളും ധനത്തിൽ ഉണ്ടെന്നതിന്റെ തെളിവാണെന്നും വാദിക്കുന്നവർ നിരത്തുന്ന ന്യായങ്ങൾ:

* മദീനയിൽ കാർഷിക വിളകൾക്ക് പത്തിലൊന്ന് നിശ്ചയിക്കുന്നതിന് മുമ്പ് മക്കയിൽ അവതരിച്ചതാണ് ഈ സൂക്തം. ഈ ആയത്ത് മാത്രം മദീനയിൽ അവതരിച്ചതാണെന്ന വാദം നിലനിൽക്കുന്നതല്ല. കാരണം ഈ അധ്യായം ഒറ്റത്തവണ ഒന്നിച്ച് മക്കയിൽ അവതരിച്ചതാണ്. പിന്നെ ഈ ഒരു സൂക്തം മാത്രം എങ്ങനെ മദനിയായിത്തീരുന്നു?

* വിളവെടുപ്പ് വേളയിൽ നൽകാനാണ് നിർദേശം. ഇത് പത്തിലൊന്നിൽ പെടില്ല. കാരണം വിത്തുകൾ ചേറിയും പെറുക്കിയും പതിരു കാലത്ത് ശുദ്ധീകരിച്ചു ശേഷമുണ്ടാകുന്ന ധാന്യം കണക്കാക്കിയാണല്ലോ പത്തിലൊന്ന് നിശ്ചയിക്കുന്നത്.

ഇബ്നു ഹസം വെട്ടിത്തുറന്നു പറയുന്നതിങ്ങനെ: സൂക്തത്തിലെ നിർബന്ധമായ അവകാശം എന്നാൽ എന്താണ്? നമുക്ക് പറയാനുള്ളത്: അതേ, അത് സകാത്ത് അല്ലാത്ത അവകാശമാണ്. വിളവെടുക്കുന്ന കർഷകൻ വിളവെടുപ്പ് വേളയിൽ തനിക്ക് ഹിതകരമായത് നൽകുക. അതിന് പരിധിയില്ല. ഇതാണ് സൂക്തത്തിന്റെ ആശയ പ്രത്യക്ഷം. സലഫിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായവും ഇതാകുന്നു.''

ഈ സൂക്തത്തിൽ ഇബ്നു ഉമർ: 'സകാത്തല്ലാത്ത ഒരു വിഹിതം അവർ നൽകുമായിരുന്നു.'

അതാഅ്: 'അന്ന് കൃഷിയിടത്തിൽ വന്നവർക്ക് തങ്ങളാൽ ആവുന്നത് നൽകണം. സകാത്ത് ആയിട്ടല്ല.'

മുജാഹിദ്: 'പാവങ്ങൾ വന്നാൽ അവർക്ക് നൽകണം.'

ഇബ്റാഹീം അന്നഖഇ, സഈദുബ്നു ജുബൈർ, അലി ഇബ്നു ഹുസൈൻ, റബീഉബ്നു അനസ് തുടങ്ങിയവരും ഇതേ അഭിപ്രായക്കാർ തന്നെ.' ഇബ്നു കസീർ: 'കൊയ്ത്തു നടത്തി

ദാനം ചെയ്യാത്തവരെ അല്ലാഹു അധിക്ഷേപിച്ചതായി കാണാം. സൂറത്തു നൂനിലെ തോട്ടക്കാരുടെ കഥ ഓർമിക്കുക.' ആടുമാടുകൾ, കന്നുകാലികൾ, ഒട്ടകം, കുതിര തുടങ്ങിയ വളർത്തുമൃഗങ്ങളുടെ വിഷയത്തിലും നബി(സ) നൽകിയ നിർദേശം ഈ വിഭാഗം തെളിവായി ഉദ്ധരിക്കുന്നുണ്ട്: അവകാശങ്ങൾ കൊടുത്തുതീർക്കാത്ത മൃഗങ്ങൾ അവയുടെ ഉടമകൾക്ക് പരലോകത്ത് വിനയാകുമെന്ന് വ്യക്തമാക്കുന്ന ഹദീസിന്റെ അവസാനം നബി(സ) പറയുന്നുണ്ട്: 'അവയുടെ അവകാശമെന്ന് പറഞ്ഞാൽ ജലാശയത്തിനരികെ വെച്ചുതന്നെ അവയുടെ കറന്ന പാൽ ദാനമായി നൽകുക എന്നാണ്' (ബുഖാരി, കിതാബുസകാത്ത്). കാലികളുടെ അവകാശത്തെക്കുറിച്ച അന്വേഷണത്തിന് നബി(സ) നൽകിയ മറുപടി ബീജ സങ്കലനത്തിന് അവയെ വിട്ടുനൽകുക, വെള്ളം ചുമന്നുകൊണ്ടുവരാൻ അവയെ അനുവദിച്ചുകൊടുക്കുക, അല്ലാഹുവിന്റെ മാർഗത്തിൽ സവാരി പോലുള്ള മറ്റാവശ്യങ്ങളും (നസാഈ). ഈ വിഷയത്തിലും ഇബ്നു ഹസ്മിന്റെ അഭിപ്രായം ഖണ്ഡിതമാണ്.

'ധനത്തിൽ സകാത്ത് അല്ലാത്ത മറ്റ് അവകാശങ്ങളൊന്നുമില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ വ്യാജമാണ് ആ പ്രസ്താവന. അയാളുടെ വാദത്തെ സാധൂകരിക്കുന്ന ഒരു തെളിവുമില്ല പ്രമാണങ്ങളിലും ഇജ്മാഉകളിലും. സമ്പത്തിൽ നബി(സ) നിർബന്ധമാക്കിയതെല്ലാം നിർബന്ധം തന്നെയാണ്. ജലസേചനം, ബീജസങ്കലനം തുടങ്ങിയ കാര്യങ്ങൾ 'ലളിത സേവനങ്ങൾ തടയുകയും ചെയ്യുന്നവരാണവർ' (*അൽ മാഊൻ*: 7) എന്ന സൂക്തത്തിന്റെ പരിധിയിൽ വരുന്നു.

അതിഥികൾക്കുള്ള അവകാശനിർവഹണം ഈമാനിന്റെ വിവക്ഷയിൽ പെടുമെന്ന നബിവചനവും സകാത്തേതര സാമ്പത്തിക ബാധ്യതക്ക് തെളിവായി അവർ ഉയർത്തിക്കാട്ടുന്നു.

സാമൂഹിക ജീവിതത്തിൽ അന്യോന്യം ചെയ്യുന്ന പരോപകാരങ്ങളും സകാത്തിന് പുറമെയുള്ള ബാധ്യതയായി എണ്ണുന്നു ഇവർ. 'സ്വന്തം നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാകുന്ന നമസ്കാരക്കാർക്ക് മഹാനാശമാണുള്ളത്. അവർ കപടനാട്യക്കാരാകുന്നു. ചെറിയ ചെറിയ പരോപകാരങ്ങൾ പോലും വിലക്കുന്നവരും' (*അൽ മാഊൻ* 7).

സർവോപരി സത്യവിശ്വാസികൾക്കിടയിൽ സംജാതമാവേണ്ട സഹകരണവും ഐക്യദാർഢ്യവും സാമൂഹിക സുരക്ഷാ സംവിധാനങ്ങളും ഊന്നിപ്പറയുന്ന ഖുർആൻ സൂക്തങ്ങളും നബിവചനങ്ങളും ധനത്തിൽ സകാത്തിന് പുറമെയും ബാധ്യതകൾ നിർവഹിക്കാനുണ്ട് എന്നതിന് തെളിവാണ്. ഖുർആൻ അസന്ദിഗ്ധമായി പറയുന്നത് കാണുക: 'പക്ഷേ അവർ ദുർഘടമായ പാത താണ്ടാൻ തയാറായില്ല. ദുർഘടപാത എന്തെന്ന് നിനക്കെന്തറിയാം? ഒരു കഴുത്തിനെ അടിമത്ത നുകത്തിൽനിന്ന് മോചിപ്പിക്കുക, അല്ലെങ്കിൽ പട്ടിണികാലത്ത് ബന്ധുവായ അനാഥക്കോ വശംകെട്ട് മണ്ണിനോടൊട്ടിയ അഗതിക്കോ അന്നം കൊടുക്കുക, പിന്നെ അതോടൊപ്പം അവൻ വിശ്വാസം കൈക്കൊണ്ടവരും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുന്നവരുമായ ജനത്തിൽ ഉൾപ്പെടുക. ഇവരാകുന്നു വലത് പക്ഷം' (*അൽബലദ്* 11-18).



**മിച്ചവിഭവങ്ങളുടെ അവകാശികൾ**

തന്നെ പോലെ തന്റെ സഹോദരനെയും സ്നേഹിക്കാൻ അനുശാസിക്കുന്ന നബിവചനങ്ങൾ നിരവധിയുണ്ട്. മിച്ചമുള്ള വിഭവങ്ങൾ സഹജീവികൾക്കു കൂടി അവകാശപ്പെട്ടതാണെന്ന് നബി (സ) പഠിപ്പിച്ചു. പള്ളിച്ചരുവിൽ അന്തേവാസികൾ (അസ് ഹാബുസ്സുഫ്ഫ) ആയി കഴിഞ്ഞ സ്വഹാബിമാർ ദരിദ്രരായിരുന്നു. അവരെ ഊട്ടാൻ പ്രേരണ നൽകി റസൂൽ(സ): 'രണ്ട് പേരുടെ ഭക്ഷണം കൈവശമുള്ളവൻ മൂന്നാമതൊരാളെയും കൊണ്ട് പോകട്ടെ. നാല് പേരുടേത് കൈവശമുള്ളവൻ അഞ്ചാമനായും ആറാമനായും ആരെയെങ്കിലും കൂട്ടിക്കൊണ്ട് പോകട്ടെ' (അഹ്മദ്).

അബൂസഈദിൽ ഖുദ്രി: 'നബി(സ) പറഞ്ഞു: 'അധിക വാഹനമുള്ളവർ വാഹനം ഇല്ലാത്തവർക്ക് നൽകണം, ഭക്ഷണം മിച്ചമുള്ളവർ അതില്ലാത്തവർക്ക് നൽകണം.' അങ്ങനെ നബി വിവിധയിനം വസ്തുക്കൾ എണ്ണിയെണ്ണി പറഞ്ഞു. ആവശ്യത്തിൽ അധികമുള്ളതും മിച്ചമുള്ളതുമായ ഒന്നിലും ഞങ്ങൾക്ക് ഒരവകാശവും അവശേഷിച്ചിട്ടില്ലെന്ന് ഞങ്ങൾക്ക് മനസ്സിലാക്കേണ്ടിവന്നു.'

സ്വഹാബിമാരുടെ ഏകകണ്ഠമായ അഭിപ്രായമാണിത്. അബൂസഈദ് ആ മനോഭാവമാണ് വ്യക്തമാക്കിയത്.

പരോപകാര - ജീവകാരുണ്യ സേവനങ്ങൾക്ക് പ്രേരിപ്പിക്കുന്ന അനേകം ഹദീസുകൾ ഉദ്ധരിക്കുന്നുണ്ട്. അവയുടെയെല്ലാം ആകത്തുക സകാത്ത് അല്ലാത്ത അവകാശങ്ങളും ധനത്തിൽ കൊടുത്തു വീട്ടാൻ ഉണ്ടെന്ന് തന്നെയാണ്.

''അവരുടെ മുതലുകളിൽ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും ആവകാശമുണ്ട്'' (*അദ്ദാരിയാത്ത്:* 19). ഈ അവകാശം സകാത്തിന് പുറമെ ഐച്ഛി

കമായി ചെയ്യുന്ന ദാനധർമങ്ങളെക്കുറിച്ചാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ഇതേ ആശയം സൂറത്തുൽ മആരിജിൽ കാണാം. 'അവരുടെ ധനത്തിൽ ചോദിച്ചുവരുന്നവർക്കും ഉപജീവനം തടയപ്പെട്ടവർക്കും നിർണിതമായ വിഹിതമുണ്ട്' (*അൽമആരിജ്* 24, 25). സകാത്തിനെക്കുറിച്ചാണ് ഈ സൂക്തത്തിലെ സൂചന.

'ധനാഢ്യരുടെ മിച്ചധനം പിടിച്ചെടുത്ത് സാധുക്കൾക്കിടയിൽ വിതരണം ചെയ്യാൻ ഞാൻ അമാന്തിക്കില്ല' എന്ന ഉമറി(റ)ന്റെ പ്രഖ്യാപനം അങ്ങേയറ്റം വിശ്വസനീയമായ പരമ്പരയിലൂടെ നിവേദനം ചെയ്യപ്പെട്ടതാണെന്ന് ഇബ്നു ഹസം വ്യക്തമാക്കുന്നു.

അലിയ്യുബ്നു അബീത്വാലിബ്: 'സാധുക്കളുടെയും ദരിദ്രരുടെയും ആവശ്യങ്ങൾക്ക് മതിയാവുന്ന വിഹിതം ധനികരുടെ സമ്പത്തിൽ അല്ലാഹു നിർബന്ധമാക്കി നിർണയിച്ചിട്ടുണ്ട്. എന്നിട്ടും അവർ വിശന്നും ഉടുതുണിക്ക് മറുതുണിയില്ലാതെയും ക്ലേശിച്ചും ജീവിക്കേണ്ടി വരുന്നു എന്നതിനർഥം ധനികന്മാർ അവർക്ക് അവകാശപ്പെട്ട ധനം നൽകാതെ തടഞ്ഞു വെക്കുന്നു എന്നാണ്. അതിന്റെ പേരിൽ അല്ലാഹു അവരെ വിചാരണ ചെയ്യും. ശിക്ഷിക്കും.'

പ്രമുഖരായ സ്വഹാബിവര്യന്മാരെല്ലാം ഈ വിഷയത്തിൽ ഏകാഭിപ്രായം രേഖപ്പെടുത്തിയതിന് അനിഷേധ്യ തെളിവുകളുണ്ട്.

സകാത്ത് അല്ലാത്ത മറ്റ് അവകാശങ്ങളും സാധുക്കൾക്ക് ധനികരുടെ സമ്പത്തിലുണ്ട് എന്ന് സ്ഥാപിക്കാൻ ശ്രമിച്ചവരുടെ അവകാശവാദങ്ങളോട് പൂർണമായി യോജിക്കാൻ കഴിയില്ലെങ്കിലും സകാത്തോടെ എല്ലാം തീർന്നു എന്നാശ്വസിക്കാൻ വകയില്ലെന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ട്. വിളവെടുപ്പു ദിനം ദാനം ചെയ്യാൻ സൂറത്തുൽ *അൻആമിൽ* നൽകപ്പെട്ട നിർദേശം സകാത്തിനെക്കുറിച്ചാണെന്നതാണ് കൂടുതൽ ശരി. സൂക്തം മക്കയിൽ അവതരിച്ചതാണെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകപ്പെട്ടത് മദീനയിൽ വെച്ചാണ്.

ചുരുക്കത്തിൽ, സകാത്ത് എന്നത് സമ്പത്തിൽ വർഷം പ്രതി നിർണിത തോതിൽ നൽകേണ്ട നിർബന്ധ ദാനമാണ്. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദിസൂചകമായും ധനത്തിന്റെയും ആത്മാവിന്റെയും ശുദ്ധീകരണത്തിനും അനുശാസിക്കപ്പെട്ട നിർബന്ധമായ ഇബാദത്താകുന്നു അത്. അതിൽ ഇളവില്ല. സാധാരണ സാഹചര്യത്തിൽ സകാത്ത് നൽകാൻ ബാധ്യസ്ഥമായ ധനം കൈവശമുള്ള മുസ്‌ലിം സകാത്ത് നൽകുന്നതോടെ അയാളുടെ കടമ നിറവേറി. മനസ്സറിഞ്ഞ് ഇഷ്ടപ്രകാരം അയാൾ നൽകുന്ന ദാനധർമങ്ങൾക്ക് മഹത്തായ പ്രതിഫലമുണ്ട്.

ധനത്തിൽ സകാത്തേതരമായ മറ്റ് അവകാശങ്ങൾ ഓരോ സാഹചര്യത്തിലും ഉണ്ടാവുന്ന ആവശ്യങ്ങളെ അഭിസംബോധന ചെയ്യാനാണ്. അതിന് സകാത്തിനെ പോലെ നിശ്ചിത തോതും നിസാബും നിശ്ചയിക്കപ്പെട്ടിട്ടില്ല. ആവശ്യങ്ങളും സാഹചര്യങ്ങളും അനുസരിച്ച് കൊടുക്കേണ്ട തോതിൽ വ്യത്യാസം വരാവുന്നതാണ്.

സ്റ്റേറ്റിന്റെ ഇടപെടൽ ഇല്ലാതെ ഓരോ വ്യക്തിയും തന്റെ വിശ്വാസവും മനസ്സാക്ഷിയും മുന്നിൽ വെച്ച് കൈകാര്യം ചെയ്യേണ്ടതാണ് ഇവ. വ്യക്തികൾ നൽകുന്ന സകാത്ത് മതിയാവാതെ വരികയും ആവശ്യങ്ങൾ വർധിക്കുകയും ജനക്ഷേമത്തിന് വൻ സാമ്പത്തിക ബാധ്യതകൾ കൈയേൽക്കേണ്ടി വരികയും ചെയ്യുമ്പോൾ സ്റ്റേറ്റിന് ഇടപെട്ട് വ്യക്തികളിൽനിന്ന് സകാത്തേതരമായ സംഭാവനകളും ദാനധർമങ്ങളും പിടിച്ചെടുക്കാവുന്നതാണ്.

ഏത് ഘട്ടത്തിലും ധനവ്യയത്തിലെ ധൂർത്തും ധാരാളിത്തവും ഒഴിവാക്കപ്പെടേണ്ടതുണ്ട്.

''തങ്ങൾ ചെലവഴിക്കേണ്ടത് എന്തെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക: നിങ്ങളുടെ ആവശ്യം കഴിച്ച് മിച്ചമുള്ളത്'' (*അൽബഖറ* 219).

ഈ സൂക്തത്തിന്റെ വ്യാഖ്യാനമായി സയ്യിദ് ഖുത്വ്ബ് എഴുതിയ വരികൾ ശ്രദ്ധേയമാണ്: 'ആഢംബരവും പൊങ്ങച്ചവുമില്ലാതെ ഒരാളുടെ വ്യക്തിപരമായ ചെലവ് കഴിച്ച് മിച്ചമുള്ളത് ചെലവഴിക്കേണ്ട തുറകളുണ്ട്. ഏറ്റവും അടുത്തവർ, തൊട്ടുതാഴെയുള്ളവർ, പിന്നെ മറ്റുള്ളവർ- സകാത്ത് മാത്രം ആവശ്യങ്ങൾക്ക് തികയില്ല. സകാത്തിന്റെ സൂക്തം ഈ ഖണ്ഡിതപ്രമാണത്തെ റദ്ദ് ചെയ്തിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. സകാത്ത് ഇസ്‌ലാമിക ബൈത്തുൽ മാലിൽ ഒടുക്കേണ്ട നിർബന്ധാവകാശമാണ്. ഗവൺമെന്റാണ് അത് പിടിച്ചെടുക്കുന്നത്. നിശ്ചയിക്കപ്പെട്ട തുറകളിൽ അത് വിനിയോഗിക്കേണ്ടതും ഗവൺമെന്റാണ്. പക്ഷേ, അതിനു ശേഷവും മുസ്‌ലിമിന് അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള ബാധ്യതകൾ നിലനിൽക്കുന്നുണ്ട്. മിച്ചമുള്ള സമ്പത്ത് മുഴുവൻ ആരും സകാത്തായി നൽകുന്നില്ലല്ലോ. വ്യക്തമായ ഈ നിർദേശപ്രകാരം മിച്ചമുള്ളതെല്ലാം ചെലവഴിക്കേണ്ട രംഗങ്ങളുണ്ട്. 'സകാത്ത് അല്ലാത്ത ബാധ്യതകളും ധനത്തിലുണ്ട്' എന്ന നബിവചനം ദൈവപ്രീതി കാംക്ഷിച്ച് ചെയ്യുന്ന ദാനധർമങ്ങളാണ്. സുന്ദരവും സമ്പൂർണവുമായ കാഴ്ചപ്പാടാണിത്. വ്യക്തി ഈ കടമ നിറവേറ്റുന്നതിന് സ്വയം സന്നദ്ധനാകുന്നില്ലെങ്കിൽ സ്റ്റേറ്റിന് ഇടപെട്ട് ഇസ്‌ലാമിക സമൂഹത്തിന്റെ പൊതുക്ഷേമ തുറകളിൽ അത് വിനിയോഗിക്കാവുന്നതാണ്.'' (*ഫീ ളിലാലിൽ ഖുർആൻ*).

കൊറോണ മഹാമാരിമൂലം 50 കോടി ജനങ്ങൾ കൊടും ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും തള്ളിവിടപ്പെടുമെന്നാണ് ഓക്സ്ഫാം റിപ്പോർട്ട് (ആഗോള ദാരിദ്ര്യ നിർമാർജനത്തിന് രൂപവൽക്കരിക്കപ്പെട്ട 19 സ്വതന്ത്ര ചാരിറ്റി സംഘടനകളുടെ ഫെഡറേഷനാണ് ഓക്സ്ഫാം. 1942-ൽ ഇംഗ്ലണ്ടിൽ പിറവിയെടുത്ത ഓക്സ്ഫാമിന്റെ ഹെഡ്ക്വാർട്ടേഴ്സ് നൈറോബിയിലാണ്). സബ് സഹാറൻ ആഫ്രിക്ക, പശ്ചിമേഷ്യ, നോർത്ത് ആഫ്രിക്ക ഭൂ പ്രദേശങ്ങളെ 30 വർഷം പിറകിലേക്ക് തള്ളിയേക്കും മഹാമാരി എന്നാണ് അവരുടെ അനുമാനം. Dignity Not Destitution (അന്തസ്സാണ്, അനാഥത്വമല്ല) എന്ന ശീർഷകത്തിൽ ഓക്സ്ഫാം തയാറാക്കിയ റിപ്പോർട്ട് കഴിഞ്ഞയാഴ്ചയാണ് യു.എന്നിനും വേൾഡ് ബാങ്കിനും ഇന്റർനാഷ്നൽ മോണിറ്ററി ഫണ്ടിനും സമർപ്പിച്ചത്. വരുംകാല യാഥാർഥ്യങ്ങളെ നേരിടാൻ പാകത്തിൽ സജ്ജമാകണം മനുഷ്യമനസ്സ്. ●


**റഫറൻസ്:**

- *ഫിഖ്ഹുസ്സകാത്ത്*, ഡോ. യൂസുഫുൽ ഖറദാവി
- *അബ്ഹാസുൻ ഫിഖ്ഹിയ്യത്തുൻ ഫീ ഖളായസ്സകാത്തിൽ മുആസറ*
- *ഫിഖ്ഹുസ്സുന്ന*, സയ്യിദ് സാബിഖ്
- *ഫീ ളിലാലിൽ ഖുർആൻ*, സയ്യിദ് ഖുത്വ്ബ്.

# ദാറുന്നുജൂം പേരാമ്പ്ര

പേരാമ്പ്ര,673525,കോഴിക്കോട് ജഒ :0496 2610272,ഞിയശഹല:9497410272
www.darunnujoomorphanage.org , Email:dnoperambra@gmail.com

1971 ൽ പ്രവർത്തനമാരംഭിച്ച് ദാറുന്നുജൂം ഇന്ന് പേരാമ്പ്രയിലെയും സമീപ പ്രദേശങ്ങളിലെയും അഗതികൾക്കും അനാഥർക്കും വിജ്ഞാന ദാഹികൾക്കും ആശാകേന്ദ്രമാണ്.പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച സ്ഥാപനമിന്ന് സുമനസ്സുകളുടെ അകൈതവമായ സഹായത്താൽ 150 ഓളം വിദ്യാർത്ഥികളുള്ള യതീംഖാനയ്ക്കൊപ്പം ഒരു എയ്ഡഡ് എൽ പി സ്കൂൾ,2 നഴ്സറി, 2 മദ്രസ, 3 മസ്ജിദ് ,കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റഡ് ചെയ്ത ഒരു കോളേജും നടത്തിവരുന്നു.

2 വർഷം മുമ്പ് തുടക്കം കുറിച്ച ദാറുന്നുജൂം പുനരധിവാസ പദ്ധതിയിലൂടെ ഉദാരമതികളുടെ സഹകരണത്തോടെ നാല് കുടുംബങ്ങൾക്ക് കിടപ്പാടമൊരുക്കി നൽകുവാൻ ഇതിനോടകം സാധിച്ചു.

കുട്ടികളുടെ മുഴുവൻ സാമ്പത്തിക ചിലവുകളുമേറ്റെടുത്ത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക് പ്രതിമാസം നാല് ലക്ഷത്തിൽ പരം രൂപ ചിലവ് വരും.ഉദാരമനസ്കരുടെ ദാനധർമ്മങ്ങളും നാമമാത്രമായ ഗ്രാന്റുമാണ് മുഖ്യവരുമാനം.

പുണ്യങ്ങൾക്ക് ഏറെ പ്രതിഫലം ലഭിക്കുന്ന റമദാനിലാന്ന് ചെലവിന്റെ ഗണ്യമായ വിഹിതം വന്നു ചേരാറുള്ളത്. ലോകം തന്നെ അടച്ചു പൂട്ടപ്പെട്ട ഈ കോവിഡ് കാലത്ത് വന്നെത്തിയ പുണ്യമാസത്തിൽ താങ്കളുടെ സക്കാത്ത് സദഖകളുടെ വലിയ വിഹിതം നൽകി ഈ അനാഥ അഗതി മന്ദിരത്തെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു, സ്ഥാപനത്തെ അകമഴിഞ്ഞ് സഹായിച്ചവരും, ഇപ്പോഴും സഹായിക്കുന്നവരുമായ എല്ലാവർക്കും അള്ളാഹു അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

സെക്രട്ടറി

## Bank Details

**Holder Name :SECRETARY DARUNNUJOOM ORPHANAGE**

State Bank of India
Perambra Branch
Kozhikode (dt)
A/C No : 10671812380
IFSC : SBIN0003995

Canara Bank
Perambra Branch
Kozhikode (dt)
A/C No :0762101024147
IFSC :CNRB0000762



# സകാത്ത് ആത്മീയതയുള്ള സാമ്പത്തികായുധം

കവർ സ്റ്റോറി / ബാബുലാൽ ബശീർ
babulalmb@gmail.com

സകാത്ത് ഇസ്‌ലാമിന്റെ അഞ്ച് തൂണുകളിൽ ഒന്നാണ്. പലപ്പോഴും ആത്മാവില്ലാതെ, കൃത്യതയില്ലാതെ മനസ്സിലാക്കപ്പെട്ട സ്തംഭം. ഇസ്‌ലാമിക നാഗരികതയുടെ നാഡിയും നട്ടെല്ലും ആവേണ്ടിയിരുന്ന കർമം. മൂന്ന് കാര്യങ്ങൾ മുസ്‌ലിം സമൂഹം വഴിയിൽ ഉപേക്ഷിച്ചു എന്ന് ഉൾക്കാമ്പുള്ള പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. ചരിത്രം, ഗവേഷണം, സകാത്ത് എന്നിവയാണവ. ചരിത്രം തങ്ങൾ ആരാണെന്ന തിരിച്ചറിവാണെങ്കിൽ, ഇജ്തിഹാദ് ഭാവിയെ കരുപ്പിടിപ്പിക്കലാണ്. സകാത്ത് ഇന്നിന്റെ നാഗരികതയും സമൃദ്ധിയും നിർമിക്കലും. വെറും പട്ടിണി മാറ്റലിന്റെ പേരല്ല സകാത്ത്. വളരെ സുഭദ്രവും സന്തോഷകരവുമായ ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിനായി ദൈവം പറഞ്ഞു തന്ന സാമ്പത്തിക പദ്ധതിയാണ് സകാത്ത്.

സകാത്ത് സാമൂഹിക ബോധമുള്ള സാമ്പത്തിക പദ്ധതിയാണ്. അത് സമൂഹത്തിന്റെ അടിത്തട്ടിനെ മേൽത്തട്ടിലേക്ക് (ക്രീം ലയർ) എത്തിക്കുന്ന തുല്യതകളില്ലാത്ത വിഭാവനയാണ്. അതിന്റെ അവസാനത്തെ ഭാവനയിൽ സകാത്ത് വിഹിതം വാങ്ങാൻ അർഹതയില്ലാത്തവർ ഉണ്ടായിത്തീരുക എന്നുള്ളതാണ്. അതൊരു മാജിക്കൽ വിഭാവനയല്ല. ഇസ്‌ലാമിന്റെ ഖലീഫമാർ സാധിച്ചതാണ്. പ്രത്യുൽപാദനപരമായി സകാത്ത് സങ്കൽപത്തിന് ആവിഷ്കാരം നൽകി അവർ പട്ടിണി കടങ്കഥയാക്കി മാറ്റിയത് ചരിത്രം. ഇന്ത്യയിൽ മാത്രം 60 ശതമാനം ജനങ്ങളും ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് മനസ്സിലാക്കുമ്പോഴാണ്, സകാത്ത് പോലുള്ള ഒരു സാമ്പത്തിക ആയുധം കൈയിലുണ്ടാവേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുക. പക്ഷേ ആയുധം പ്രയോഗിക്കാൻ അറിയുന്നവർ വേണമെന്ന് മാത്രം. നിർഭാഗ്യവശാൽ, അറബി / ഇസ്‌ലാമിയ കോളേജുകളിലെ ഒരു കർമശാസ്ത്ര വിഷയം മാത്രമാണിന്ന് സകാത്ത്. അല്ലെങ്കിൽ സമ്പന്നന്റെ വാതിൽപടിയിൽ വരിനിന്നു കിഴി വാങ്ങുന്നതിന്റെ പേരാണ്. കാര്യങ്ങൾ പറഞ്ഞു കൊടുക്കേണ്ട മതപണ്ഡിതർ സമ്പത്തിന്റെ കാര്യം വരുമ്പോൾ മുട്ടിടിക്കുന്നു. ഒന്നുകിൽ അവർക്ക് സകാത്തിന്റെ ഫിഖ്ഹേ അറിയൂ, അല്ലെങ്കിൽ അവർ ആരെയും പിണക്കാൻ ഉദ്ദേശിക്കുന്നില്ല.

മനുഷ്യരിൽ ഉള്ളവനും ഇല്ലാത്തവനും ഉണ്ട്. ഇസ്‌ലാം ആ യാഥാർഥ്യം അംഗീകരിക്കുന്നുമുണ്ട് (ഖുർആൻ, *അന്നഹ്ൽ:* 71). അത് അഭിമാനവുമായും അവകാശങ്ങളുമായും കൂട്ടിക്കെട്ടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല (*അൽ ഇസ്റാഅ്* : 70). എന്ന് മാത്രമല്ല, സമ്പത്ത് സ്ഥാനം കിട്ടുന്നതിനുള്ള ഒരു ഉപാധിയേ ആവരുത് എന്ന് കർശനമായി പറഞ്ഞിരിക്കുന്നു (*അത്തൗബ:* 18). അതിനു കാരണം ധനം അല്ലാഹുവിന്റേതാണ് എന്ന അടിസ്ഥാന സങ്കൽപമാണ്. തീർച്ചയായും അധ്വാനിച്ചു പണം നേടാനും അത് അനുഭവിക്കാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട് (*അൽ ജുമുഅ:* 10). ധനം ഒരുവൻ സമ്പാദിക്കുമ്പോൾ അതിന്റെ മാർഗങ്ങളെക്കുറിച്ചും ജാഗ്രത പുലർത്തണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. പലിശ, ചൂതാട്ടം, മദ്യം, മറ്റുള്ള ഊഹാധിഷ്ഠിത ബിസിനസ്സുകൾ (*അൽമാഇദ:* 90)

എന്നിവ പ്രകടമായും വ്യഭിചാരത്തിന്റെ സാധ്യതകൾ കടന്നുവരുന്ന Hospitality Industry പരോക്ഷമായും (*അൽ ഇസ്റാഅ്*: 32) ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. പക്ഷേ അടച്ചാക്ഷേപിച്ചുകൊണ്ടോ, പുതിയ ലോകക്രമത്തിലെ മാറ്റങ്ങൾ കണ്ടില്ല എന്ന് നടിച്ചു കൊണ്ടോ മുസ്‌ലിംകൾക്ക് മാത്രം മുന്നോട്ട് പോവുക അസാധ്യമായത് കൊണ്ട്, പ്രകടവും പ്രത്യക്ഷവുമായ നിരോധിത മാർഗങ്ങൾ ഒഴികെയുള്ളതിനെ നല്ലതിനു വേണ്ടി ഉപയോഗപ്പെടുത്തുക എന്ന തത്ത്വവും പുതിയകാല പണ്ഡിതന്മാർ മുന്നോട്ട് വെക്കുന്നുണ്ട്. മുസ്‌ലിംകൾ അന്യഗ്രഹ ജീവികളല്ലല്ലോ.

സകാത്ത് വിശുദ്ധിയാണ്. യഹ്‌യാ നബിയെ വിശുദ്ധപ്പെടുത്തിയതായി ഖുർആൻ പറയുന്നുണ്ട് (സൂറ *മർയം*). അവിടെ സകാത്ത് എന്ന പദമാണ് ഉപയോഗിച്ചത്. സകാത്തിന് സമൃദ്ധി അഥവാ ക്രമപ്രവൃദ്ധമായ വളർച്ച (Gradual Growth) എന്നും അർഥം പറയാറുണ്ട്. അതിനാൽ തന്നെ ഈ സിസ്റ്റം കഴിഞ്ഞുപോയ പ്രവാചകന്മാരെല്ലാം നടപ്പിലാക്കിയതായി കാണാം (*മർയം* : 31). കാരണം ഇതൊരു പ്രാപഞ്ചിക സംവിധാനത്തിന്റെ ഭാഗമാണ്. സാമ്പത്തിക ഏറ്റക്കുറവുകൾ ഉണ്ടാകുമെന്നിരിക്കെ അതിന്റെ ആഘാതങ്ങൾ മറികടക്കാൻ സംവിധാനമുണ്ടാവുക എന്നത് അല്ലാഹുവിന്റെ കാരുണ്യം എന്ന ഗുണത്തിന്റെ പ്രകടനമാണ്. അതിന്റെ പേരാണ് സകാത്ത്. അതിനു മനുഷ്യൻ തലപുകക്കേണ്ടതില്ല എന്ന് റബ്ബ് തീരുമാനിച്ചിരിക്കുന്നു. അതിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഖുർആൻ പറയുന്നുണ്ട്. വിശദാംശങ്ങൾ റസൂലും പറഞ്ഞുവെച്ചു. ഖുലഫാഉർറാശിദുകൾ അത് പ്രവൃത്തിയിൽ കൊണ്ടുവന്നു വൻവിജയമാക്കി. 'പട്ടിണിക്കാരുണ്ടോ' എന്ന് വിളിച്ചു ചോദിച്ചിട്ട് അറിയേണ്ടതായി വന്നു. ഭിക്ഷക്കാരും നാടോടികളും അതിഥി തൊഴിലാളികളും മുണ്ടുമുറുക്കിയിട്ട് അഭിമാനം കാത്തവരും പാവപ്പെട്ട ദീനീപ്രവർത്തകരും യുദ്ധത്തിന് പോയവരും കടംകൊണ്ട് പൊറുതിമുട്ടിയവരുമെല്ലാം അന്ന് സകാത്ത് വാങ്ങി സ്വയം പര്യാപ്തരായി. അടുത്ത വർഷമോ അതിന്റെ അടുത്ത വർഷമോ അവർ 'വാങ്ങുന്നവർ' എന്നതിൽനിന്ന് 'കൊടുക്കുന്നവർ' ആയി മാറി. സകാത്ത് നീതിക്കും സാമ്പത്തിക നിർഭയത്വത്തിനുമുള്ള ദൈവത്തിന്റെ 'മാജിക്' ആയി മാറുന്നത് ഈ അവസ്ഥ സംജാതമാവുമ്പോഴാണ്.

സകാത്തിന് എട്ടു അവകാശികളെ ഖുർആൻ എണ്ണിപ്പറഞ്ഞു. ഖുർആൻ ഒരു സാമ്പത്തിക ശാസ്ത്ര ഗ്രന്ഥമാണെന്ന് പറഞ്ഞാൽ, ഒരു നൊബേൽ സമ്മാന ജേതാവ് 'അതേ' എന്ന് പറയുമാറ് കൃത്യമാണ് അതിന്റെ തെരഞ്ഞെടുപ്പ്. ആദ്യത്തെ അഞ്ചു വിഭാഗങ്ങളെ മുകളിൽ പറഞ്ഞു (പരമ ദരിദ്രൻ, പാവപ്പെട്ടവൻ, കടംകൊണ്ട് പൊറുതിമുട്ടിയവൻ, വഴിയാത്രക്കാരൻ അല്ലെങ്കിൽ പ്രവാസി (അതിഥി തൊഴിലാളി), ദൈവ മാർഗത്തിലുള്ളവൻ). പിന്നെയുള്ള മൂന്ന് വിഭാഗം നമ്മുടെ ചിന്തകളിൽ ഒരു തട്ട് തന്ന് നമ്മെ ഉണർത്തേണ്ടവയാണ്. ആ അവകാശികൾ ഇവരാണ്; സകാത്ത് പിരിക്കാനും വിതരണം ചെയ്യാനുമുള്ള ഉദ്യോഗസ്ഥർ, മുസ്‌ലിംകളുമായി ഹൃദയം ഇണക്കപ്പെടേണ്ടവർ, പിന്നെ അടിമമോചനം. സകാത്ത് കണക്കു പറഞ്ഞു പിരിച്ചെടുക്കേണ്ടതാണെന്നും അത് മുൻഗണനാ ക്രമത്തിൽ വിതരണം ചെയ്യപ്പെടണമെന്നും അല്ലാഹു ഉദ്ദേശിക്കുന്നുണ്ടോ? 'ഉണ്ട്' എന്നാണ് ഉത്തരം. അല്ലെങ്കിൽ പിന്നെ ഉദ്യോഗസ്ഥർക്ക് എന്ത് പ്രസക്തി? 'ഈ കാലത്തോ' എന്നുള്ളത് നമ്മുടെ തടയാണ്.

പള്ളിയില്ലാത്തിടത്ത് പള്ളി കെട്ടാൻ എത്ര ശുഷ്കാന്തി ഉണ്ടോ, അത്രത്തോളം തന്നെ വേണ്ടതാണ് സകാത്ത് നിസ്വാബ് കണക്കാക്കി പിരിച്ചെടുത്ത് ഓരോ മഹല്ല് നിവാസിയെയും സ്വയം പര്യാപ്തനാക്കുക എന്നുള്ളത്. കാരണം വിശുദ്ധ ഖുർആൻ നമസ്കാരത്തെയും സകാത്തിനെയും ഇരട്ട പെറ്റ പോലെയാണ് പറഞ്ഞിട്ടുള്ളത്. ഒന്നിനെ താലോലിച്ചിട്ട് മറ്റൊന്നിനെ വേണ്ടെന്നു വെക്കുക അസാധ്യമാണല്ലോ! മറ്റൊരു വിഭാഗം 'ഹൃദയം ഇണക്കപ്പെട്ടവർ' എന്നതാണ്. അല്ലാഹു വളരെ നിഗൂഢത ഒളിപ്പിച്ച വാക്കാണത്. ഹൃദയങ്ങൾ അല്ലാഹുവിന്റെ കൈപ്പിടിയിലാണല്ലോ. ഇതിനെ ചുറ്റിപ്പറ്റി ഒരുപാട് പണ്ഡിതാഭിപ്രായങ്ങളുണ്ട്. ഏറ്റവും മനോഹരമായി തോന്നിയത് സകാത്തിൽ മുസ്‌ലിംകളല്ലാത്തവർക്കും അവകാശമാവാം എന്നതാണ്. ഇങ്ങനെ പറഞ്ഞപ്പോൾ വാളെടുത്തവർ ഏറെയാണ്. പക്ഷേ, കാലാന്തരത്തിൽ ആ വാൾ തുരുമ്പെടുക്കുന്നു എന്നതാണ് യാഥാർഥ്യം. കാരണം ഇന്ന് അസ്തിത്വം പോലും അപകടത്തിൽപെട്ട് പാകിസ്താനിലോട്ടാണോ ഖബ്റിലോട്ടാണോ എന്നറിയാതെ നിൽക്കുന്നവരാണ് ഇന്ത്യൻ മുസ്‌ലിംകൾ. അവർക്കു വേണ്ടി ശബ്ദമുയർത്തുന്നവരിൽ വലിയൊരു വിഭാഗം മുസ്‌ലിംകളല്ലാത്ത ആക്ടി



വിസ്റ്റുകളാണ്. അവരിൽ ഭൂരിഭാഗവും അവരുടെ ശബ്ദമെത്താനും കേസ് നടത്തിക്കൊണ്ടു പോകാനും ഒക്കെ കഷ്ടപ്പെടുമ്പോൾ ഫിഖ്ഹിന്റെ മസ്അല സകാത്തിന്റെ വിഹിതം അവർക്കും ചിലപ്പോഴൊക്കെ കൊടുക്കുന്നതിനു തടസ്സമാവരുത് എന്നാണ് എന്റെ പക്ഷം. അടിസ്ഥാന വിഭാഗങ്ങൾക്ക് ആദ്യ പരിഗണന നൽകണമെന്നും മറ്റുമുള്ള ഉപാധികൾ പാലിക്കണമെന്നും മാത്രം. ഹൃദയങ്ങൾ ഇണക്കപ്പെട്ടവരിൽ പരിഗണിക്കപ്പെടേണ്ട മറ്റൊരു വിഭാഗം പുതു മുസ്‌ലിംകൾ ആണ്. തീർച്ചയായും അവരാണ് നമ്മളേക്കാൾ നന്നായി ശഹാദത്ത് പുതുക്കിയവർ.

ഭൂമുഖത്ത് ഇപ്പോൾ ഇല്ല എന്ന് ഐക്യരാഷ്ട്ര സഭ പറയുന്നവരാണ് അവസാനത്തെ വിഭാഗം- 'അടിമകൾ.' അവരുടെ മോചനം ഇസ്‌ലാം അതിന്റെ മൗലിക ദൗത്യങ്ങളിലൊന്നായി ഏറ്റെടുത്തിരിക്കുന്നു. അതിനെ പുണ്യമുള്ള ആരാധനാ കർമമായി പരിവർത്തിപ്പിച്ചിരിക്കുന്നു. ലോകം കണ്ടതിൽ വെച്ച് ഏറ്റവും മോശമായ സമ്പ്രദായമായിരുന്നു അടിമത്തം. മനുഷ്യൻ മനുഷ്യനോട് മൃഗത്തേക്കാൾ മോശമായി പെരുമാറുന്ന രീതി. സ്വപ്നം കാണണമെങ്കിൽ അനുവാദം വാങ്ങണമെന്നായിരുന്നു. റസൂലിനെ ഇത് ഏറെ വേദനിപ്പിച്ചു. അടിമകളെ റസൂൽ ചേർത്തു പിടിച്ചു. ഇത് അതിശയോക്തിയല്ല. ഇസ്‌ലാമില്ലെങ്കിൽ ബിലാലിനെയും അമ്മാറിനെയും യാസിറിനെയും ഖബ്ബാബിനെയും സുമയ്യയെയും ആരറിയാൻ? അവർ എഴുതപ്പെട്ടത് 'റളിയല്ലാഹു അൻഹും' (അല്ലാഹു തൃപ്തിപ്പെട്ടവർ) എന്നാണ്. അടിമയായ സൈദ് റസൂലിന്റെ വളർത്തു പുത്രനും മാരിയ്യത്ത് റസൂലിന്റെ അടിമയായ ഭാര്യയും ഇബ്‌റാഹീം അവരിൽ ജനിച്ച മകനുമാണ്.

അല്ലാഹുവിനു ഏറെ ഇഷ്ടമുള്ള പേരത്രെ 'റഹ്മാൻ' (കാരുണ്യവാൻ). ആ കാരുണ്യത്തിന്റെ വർഷമായിരുന്നു അടിമ മോചനത്തിനായി സകാത്തിൽ ഒരു വിഹിതം എന്നത്. ഇന്ന് അദൃശ്യ അടിമകളുടെ കാലമാണ്. നമുക്കു ചുറ്റും അവകാശങ്ങൾ നിഷേധിക്കപ്പെട്ട അത്തരം ഒരുപാട് അടിമകളുണ്ട്. ഭരണകൂട ഭീകരതയുടെ ഇരകൾ. വിചാരണ ഇല്ലാതെ തടവറയിൽ കഴിയുന്ന പതിനായിരക്കണക്കിന് മുസ്‌ലിം ചെറുപ്പക്കാർ ഈ ഇനത്തിൽ പെടില്ലേ?

സകാത്തിന് റമദാനുമായി എന്തോ അഭേദ്യ ബന്ധമുള്ളതായി ആളുകൾക്ക് തോന്നാറുണ്ട്. അതൊരു ശരിയല്ലാത്ത സാമാന്യ ബോധമാണ്. സകാത്ത് ഒരു വർഷത്തെ കാലയളവിൽ കണക്കാക്കപ്പെടേണ്ട നിർബന്ധ കർമമാണ്. മുഹർറം മാസമാണ് സകാത്ത് കൊടുക്കാൻ നല്ലതെന്നു 'ഇഹ്‌യാ'യിൽ ഇമാം ഗസ്സാലി പറയുന്നുണ്ട്. മുഹർറം ഇസ്‌ലാമിക കലണ്ടറിന്റെ തുടക്കമാസമായതു കൊണ്ട് സൂക്ഷ്മതക്ക് അതാണ് നല്ലതെന്നു അഭിപ്രായമുള്ളവരുണ്ട്. കൂടുതൽ കൂലി കിട്ടുന്നതുകൊണ്ട് റമദാൻ അടിസ്ഥാനമാക്കുന്നതിൽ തെറ്റില്ല എന്ന് മാത്രമല്ല, അതാണ് കുറച്ചുകൂടി നല്ലത് എന്ന് കരുതുന്നവരാണ് വലിയൊരു പക്ഷം. സ്വർണവും വെള്ളിയും ഡെപ്പോസിറ്റുകളും ഉൾപ്പെടെ സകല ലാഭോൽപാദന ക്ഷമതയുള്ളവക്കും സകാത്ത് ഉണ്ട്. പണ്ടത്തെ കിതാബുകളിലെ കാലിയും ഒട്ടകവുമൊക്കെ ഇന്ന് മറ്റു പലതിനും വഴി മാറിയതിനാൽ, മൂലധന നിക്ഷേപവും ലാഭവുമുള്ള ബിസിനസ്സുകൾ എല്ലാം സകാത്തിന്റെ പരിധിയിൽ വരും. കടബാധിതർക്ക് അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ നിസാബിന്റെ കണക്കുകൂട്ടലിൽ വരുത്താം എന്നു മാത്രം. പുതിയകാല വരുമാന മാർഗങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, നിയമത്തിനുമപ്പുറം ഒരു പ്രാർഥനയും ആരാധനയുമാണ് സകാത്ത്. ഖബ്‌റും പരലോകവും സകാത്തുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. 'വെട്ടിക്കുക' എന്ന മനസ്സ് പോലും അതിന്റെ ആത്മാവിനെ ചോർത്തിക്കളയും. ഇഹവും പരവും അപകടത്തിലായിത്തീരുക എന്നതായിരിക്കും അതിന്റെ അനന്തരഫലം.




സകാത്ത് ഉമർ രണ്ടാമന്റെ കാലത്തേത് പോലെ തിരിച്ചുപിടിക്കുക എന്നത് ഈ കാലം തേടുന്ന ദൗത്യമാണ്. പോസ്റ്റ് കൊറോണ എന്നൊരു കാലം വരാൻ പോകുന്നുണ്ട്. നിലനിൽക്കുന്ന സാമ്പത്തിക സംവിധാനങ്ങളും സിദ്ധാന്തങ്ങളും വലിയ വെല്ലുവിളി നേരിടും. രണ്ടു സാധ്യതകളാണ് മുസ്‌ലിം സമൂഹത്തിനു മുന്നിലുള്ളത്; ഒന്ന്, സ്വന്തം നിലനിൽപ്പും സമുദായത്തിന്റെ സാമ്പത്തിക ഭദ്രതയും. രണ്ട്, ലോകത്തിനു ചൂഷണവിമുക്തമായ ഒരു സാമ്പത്തിക സംവിധാനം തങ്ങളുടെ കൈയിലുണ്ട് എന്ന് പറയുകയും ചെറു മാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുക. ഈ രണ്ടു ലക്ഷ്യത്തിനും വലിയ സംഭാവന ചെയ്യാൻ സകാത്തിനും അനുബന്ധ കാര്യങ്ങൾക്കും കഴിയും. കുറച്ചുകൂടി ലോകത്തെ അറിയാനും അക്ഷരങ്ങളുടെ അച്ചുകൂടിൽനിന്നു പുറത്തിറങ്ങി ശുദ്ധവായു ശ്വസിക്കാനും നമ്മുടെ ഉമറാക്കളും ഉലമാക്കളും തയാറാവണമെന്നു മാത്രം. ഇഖ്ബാൽ പാടിയതാണ് ശരി: 'ഈ സമുദായം ഒരു സാർഥവാഹക സംഘമാണ്. അവരുടെ പാഥേയം വഴിയിലെവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടപ്പെട്ടു എന്നു മാത്രമല്ല, നഷ്ടപ്പെട്ടു എന്ന ബോധം പോലും നഷ്ടപ്പെട്ടിരിക്കുന്നു.' ●

# മെഡിക്കൽ ഗൈഡൻസ് & ഇൻഫർമേഷൻ സെന്റർ

(Run by Trivandrum Islamic Mission Trust, Reg. No. 265/78)
Chalakkuzhy Road, Medical College P.O., Thiruvananthapuram- 695 011
Tel: 0471 -2446169, 9446157946, 9400287904
E-mail: medicalguidancetvm@gmail.com

ശാരീരിക മാനസിക പരീക്ഷണങ്ങൾ അനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങായി തിരുവനന്തപുരം മെഡിക്കൽ കോളേജിനു സമീപം 2001 മുതൽ പ്രവർത്തിച്ചു വരുന്ന മെഡിക്കൽ ഗൈഡൻസ് ആൻഡ് ഇൻഫർമേഷൻ സെന്റർ സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും ചികിത്സാർഥം എത്തുന്ന നിരവധി രോഗികളുടെ ആശാകേന്ദ്രമാണ്.

ആശുപത്രികളെയും ഡോക്ടർമാരെയും സംബന്ധിച്ചുള്ള മാർഗനിർദേശം, ദരിദ്രരും നിത്യ ചെലവുകൾക്ക് വളരെയധികം ബുദ്ധിമുട്ടുള്ളവരുമായ രോഗികളുടെ ചെലവുകൾ പൂർണമായോ ഭാഗികമായോ ഏറ്റെടുക്കൽ , ലഭ്യതയനുസരിച്ച് രക്തദാനം , മാനസിക പ്രയാസങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ധരുടെ കൗൺസലിംഗ്. കിടപ്പുരോഗികൾക്ക് സാധ്യമായ പരിചരണം തുടങ്ങിയ സേവനങ്ങൾക്ക് മാസംതോറും ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്നു.

രോഗികൾക്ക് നൽകുന്ന ചികിത്സാസഹായം അല്ലാഹുവിനെ സഹായിക്കലാണല്ലോ. ദാനധർമങ്ങൾക്ക് അളവറ്റ പ്രതിഫലം ലഭിക്കുന്ന വിശുദ്ധ റമദാനിൽ സക്കാത്ത് സ്വദക്കകളുടെ ഒരു വിഹിതം നൽകി ഈ മഹത് സംരംഭത്തെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സർവശക്തൻ അനുഗ്രഹിക്കട്ടെ .

**എസ്. അമീൻ**
ചെയർമാൻ

**ടി.എ. ഹസ്സൻ**
സെക്രട്ടറി

**A/c No. 16230100007001, IFS Code: IOBA 0001623,**
**Indian Overseas Bank, Ulloor Branch**



# നബി(സ)യുടെ നോമ്പുകാലങ്ങൾ

ലേഖനം / റഹ്മത്തുല്ലാ മഗ്‌രിബി

rmagribi@gmail.com

നബി(സ)യും സ്വഹാബത്തും ചരിത്രത്തിലെ ആദ്യത്തെ നോമ്പുകാലത്തിന്റെ ഉത്സാഹത്തിലും ആകാംക്ഷയിലും ക്ഷീണത്തിലും ഇരിക്കുമ്പോഴാണ് ബദ്ർ യുദ്ധത്തിനു വേണ്ടി പുറപ്പെടാനുള്ള കൽപന ലഭിക്കുന്നത്. മദീനയിൽ നിന്ന് 130 - ഓളം കിലോമീറ്റർ ദൂരമുള്ള ബദ്റിലേക്ക് സ്വഹാബികളെയും കൂട്ടി നബി (സ) നടന്നു തുടങ്ങി. റമദാൻ 12-നായിരുന്നു യാത്ര തുടങ്ങിയത്. വളരെ ദരിദ്രമായ അവസ്ഥയിൽ യുദ്ധക്കോപ്പുകൾ കാര്യമായൊന്നുമില്ലാതെയാണ് പുറപ്പെടൽ. രണ്ടു കുതിരപ്പടയാളികൾ, വളരെക്കുറച്ച് ഒട്ടകങ്ങൾ, വളരെ കുറഞ്ഞ വാളുകൾ, ഏതാനും കുന്തങ്ങൾ ഇതേ കൈവശമുള്ളൂ. ഒരു യുദ്ധത്തെ നേരിടാനുള്ള കാര്യമായ ഭൗതിക സന്നാഹങ്ങളൊന്നുമില്ല. ആളും കുറവ്. 131 അൻസ്വാരികൾ, 182 മുഹാജിറുകൾ. മൊത്തം 313 പേർ. അതിനാൽ തന്നെ അബൂസുഫ്‌യാന്റെ നേതൃത്വത്തിലുള്ള കച്ചവട സംഘത്തെ നേരിടാനായിരുന്നു സ്വഹാബികളിൽ പലരും ആഗ്രഹിച്ചത്. എന്തായാലും ആദ്യത്തെ നോമ്പുകാലം യാത്രയും യുദ്ധവുമൊക്കെ നിറഞ്ഞു നിന്ന അതിസാഹസികമായ ദിനരാത്രങ്ങൾ ആയിരുന്നു.

നബി (സ) മദീനയിൽ എത്തിയ രണ്ടാം വർഷം, അതായത് ഹിജ്റ രണ്ടാം വർഷം, ശഅ്ബാൻ മാസത്തിലാണ് റമദാനിലെ നോമ്പ് നിർബന്ധമാക്കിക്കൊണ്ടുള്ള ഖുർആൻ സൂക്തമിറങ്ങുന്നത്. പിന്നെ രണ്ടോ മൂന്നോ ആഴ്ചകളേ നോമ്പുകാലം തുടങ്ങാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. റമദാൻ ആദ്യ പത്ത് പിന്നിട്ടപ്പോൾ തന്നെ ബദ്ർ യുദ്ധത്തിനു വേണ്ടി യാത്ര പുറപ്പെടേണ്ടി വരികയും ചെയ്തു. റമദാൻ 17-ന് ബദ്റിൽ വെച്ച് ആയിരത്തോളം വരുന്ന ശത്രു

സൈന്യവുമായി സത്യവിശ്വാസികൾ പോരാടുകയും ഐതിഹാസികമായ വിജയം കൈവരിക്കുകയും ചെയ്തു. അങ്ങനെ ആദ്യ നോമ്പുകാലത്തിലെ രണ്ടാം പത്ത് പ്രവാചക ചരിത്രത്തിലെ നിസ്തുലമായ ബദ്ർ വിജയത്തിന്റെ സംഭവബഹുലമായ ചരിത്ര നിമിഷങ്ങളായി അടയാളപ്പെടുത്തി.

ആദ്യ നോമ്പുകാലം തന്നെ കടുത്ത പരീക്ഷണവേദി കൂടിയായി നബി(സ)ക്കും സ്വഹാബികൾക്കും. നബി(സ)യുടെ ജീവിതത്തിൽ നോമ്പ് നിർബന്ധമാക്കിയ ശേഷം ഒമ്പത് നോമ്പുകാലങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതിൽ ആദ്യത്തെ നോമ്പിന്റെ ചിത്രമാണ് ബദ്റിൽ നമ്മൾ കാണുന്നത്. റമദാൻ പന്ത്രണ്ടിന് പുറപ്പെട്ട മുസ്‌ലിം സൈന്യം ബദ്റിൽ വിജയക്കൊടി നാട്ടി റമദാൻ ഇരുപത്തിമൂന്നിനാണ് മദീനയിൽ തിരിച്ചെത്തിയത്. തിരിച്ചുവരുമ്പോൾ പോയവരിൽ പതിനാല് പേർ കൂടെയില്ല. അവർ നോമ്പുകാലത്ത് രക്തം കൊണ്ട് ചരിത്രം രചിച്ചവരാണ്. ആ ശുഹദാക്കൾ അല്ലാഹുവിന്റെ അർശിന്റെ ചാരെ നിന്ന് നബി(സ)യുടെയും വിശ്വാസി സംഘത്തിന്റെയും മടക്കം നോക്കി കണ്ടിരിക്കണം. തിരിച്ചുവന്ന മിക്ക ആളുകൾക്കും മുറിവേറ്റിരുന്നു. ഖുറൈശികളിൽ നിന്ന് പ്രഗത്ഭരായ എഴുപത് പേരെ തടവുകാരായി പിടിച്ചിട്ടുണ്ട്. അവരെ മദീനയിലെ പള്ളിയിലെ തൂണുകളിൽ ബന്ധിച്ച് അവർക്കുവേണ്ട ചികിത്സയും ശുശ്രൂഷയും നൽകി. അവർക്കുവേണ്ടി കാവൽ നിന്നു. അവരുടെ മോചന കാര്യത്തിൽ ആലോചനകൾ നടത്തി. വിശ്വാസികൾ ഇതിലെല്ലാം വ്യാപൃതരായിരിക്കെ ആ നോമ്പിലെ ദിനരാത്രങ്ങൾ കടന്നു പോയി.

**രണ്ടാം നോമ്പ് കാലം**

ഹിജ്റ മൂന്നാം വർഷമായിരുന്നു രണ്ടാമത്തെ നോമ്പുകാലം. പ്രത്യേകിച്ച് പ്രശ്നങ്ങളൊന്നുമില്ലാതെ ആ ദിനരാത്രങ്ങൾ കടന്നുപോകുന്നതിനിടയിലാണ് മക്കയിൽനിന്ന് അബ്ബാസുബ്നു അബ്ദുൽ മുത്ത്വലിബ് ഒരു രഹസ്യദൂതനെ അയച്ച് നബി(സ)യെ സ്വകാര്യമായി ഒരു കാര്യം അറിയിക്കുന്നത്. നോമ്പുകാലത്ത് ലഭിച്ച അറിയിപ്പ് മദീനാവാസികൾക്ക് അത്ര സന്തോഷകരമായിരുന്നില്ല. ബദ്റിൽ ഏറ്റ കനത്ത പരാജയത്തിന് പകരം വീട്ടാൻ ശത്രുക്കൾ ഖുറൈശികളിലെ ധനാഢ്യനായ അബൂസുഫ്‌യാനോട് മുസ്‌ലിംകൾക്കെതിരെ പടയോട്ടത്തിനു സാമ്പത്തിക അഭ്യർഥന നടത്തുകയും പടയുടെ നേതൃത്വം ഏറ്റെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു എന്നതായിരുന്നു അത്. അബൂസുഫ്‌യാൻ വിഷയം അബ്ബാസിനോട് ചർച്ച ചെയ്തതായിരുന്നു. മാത്രമല്ല, ഈ ആവശ്യത്തിലേക്ക് തന്റെ സമ്പത്തിൽ നിന്ന് 50,000 ദീനാർ (ഇന്നത്തെ കണക്കിൽ പതിനൊന്നു കോടിയോളം രൂപ) നൽകാൻ അബൂസുഫ്‌യാൻ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. വിഷയം നബി(സ)യുടെ പിതൃവ്യനായ അബ്ബാസ്, തന്റെ പ്രിയപ്പെട്ട ജ്യേഷ്ഠപുത്രനായ നബി(സ)യെ അറിയിക്കുകയായിരുന്നു. ബദ്റിൽ യുദ്ധം ചെയ്തു തടവുകാരനായി വിട്ടയക്കപ്പെട്ട അബ്ബാസ് ഇനിയൊരിക്കലും മറുപക്ഷത്ത് എത്തില്ല എന്ന ധൈര്യം അബൂസുഫ്‌യാന് ഉണ്ടായിരുന്നിരിക്കാം. അറിയിപ്പ് ലഭിക്കുമ്പോൾ നബി (സ) തന്റെ ജീവിതത്തിലെ രണ്ടാമത്തെ റമദാനിൽ പ്രവേശിച്ചിരുന്നു. കഴിഞ്ഞ റമദാൻ ബദ്ർ യുദ്ധത്തിന്റെ പോരാട്ടമായിരുന്നു. ഈ റമദാൻ ശാന്തമായിരിക്കാൻ അവർ ആഗ്രഹിച്ചിരുന്നു. റമദാനിൽ ആണല്ലോ കൂടുതൽ സൽക്കർമങ്ങൾ അനുഷ്ഠിച്ച് നാഥനിലേക്ക് കൂടുതൽ അടുക്കാൻ സാധിക്കുക.

പക്ഷേ സർവായുധ സജ്ജരായി മൂവായിരത്തിലധികം വരുന്ന ഖുറൈശീ സൈന്യം മക്കയിൽനിന്ന് താമസിയാതെ പുറപ്പെടുമെന്ന് വിവരം ലഭിച്ചു കഴിഞ്ഞതിനാൽ ഇനി മദീനയെ സംരക്ഷിക്കുക എന്നുള്ള അടിയന്തര ഉത്തരവാദിത്തം ഏറ്റെടുക്കുക എന്നതല്ലാതെ മറ്റൊന്നും ചെയ്യാനില്ല. ശാമിലേക്കുള്ള തങ്ങളുടെ കച്ചവട യാത്രയുടെ നട്ടെല്ലൊടിക്കാൻ കെൽപ്പുള്ള ഭീഷണിയായി മുസ്‌ലിം മദീനയെ വളരാൻ അനുവദിച്ചു കൂടായെന്നും, ഇതോടുകൂടി അവരെ ഒതുക്കി തങ്ങളുടെ കാൽക്കീഴിൽ ആക്കണമെന്നുമുള്ള സ്വപ്നവുമായാണ് ഖുറൈശികൾ വരുന്നത്. അതിനാൽ തന്നെ രണ്ടാമത്തെ റമദാനിന്റെ രണ്ടാം പകുതി, മദീനയെ ആക്രമിക്കാൻ വരുന്നവരെ എവിടെ വെച്ച് എങ്ങനെ പ്രതിരോധിക്കും എന്ന ദീർഘിച്ച ചർച്ചകളിൽ പെട്ടുപോയിട്ടുണ്ടാവും എന്നുവേണം മനസ്സിലാക്കാൻ. മദീനയിൽ നിന്നു കൊണ്ട് പ്രതിരോധിക്കണോ പുറത്തു ചെന്ന് പ്രതിരോധിക്കണോ എന്നിങ്ങനെയുള്ള ചർച്ചകളുടെ അവസാനത്തിൽ, കപടന്മാരുടെ പിന്തിരിയൽ സാധ്യത കൂടി മുന്നിൽ കണ്ട്, പുറത്തു ചെന്ന് പ്രതിരോധിക്കുക എന്ന തീരുമാനത്തിലാണ് അവസാനം എത്തിയത്. അതുകൊണ്ടുതന്നെ ഈ ദുൽഫിത്വ്റിന്റെ ആഘോഷപ്പകിട്ടില്ലാ



തെ ശവ്വാൽ മാസം ആദ്യ ആഴ്ചയിൽ തന്നെ രണ്ടാമത്തെ പോരാട്ടം ഉഹുദിൽ വെച്ച് നടത്തേണ്ടിവന്നു നബി(സ)ക്കും സ്വഹാബത്തിനും. അതിലാകട്ടെ, ചെറിയ തോതിൽ തിരിച്ചടിയും നേരിട്ടു, മുസ്‌ലിം സമൂഹത്തിന്.

**മൂന്നാം നോമ്പുകാലം**

നബി(സ)യുടെ മൂന്നാമത്തെ റമദാൻ, അതായത് ഹിജ്റ നാലാം വർഷം, നോമ്പ് തുടങ്ങുന്നത് യുദ്ധത്തിനു വേണ്ടി പുറപ്പെട്ട ഒരു യാത്രയുടെ സമാപനത്തോടു കൂടിയാണ് എന്നു പറയാം. ഉഹുദിൽ നിന്ന് പോകുമ്പോൾ 'വീണ്ടും ബദ്റിൽ വെച്ച് കാണാം' എന്ന് അബൂസുഫ് യാൻ പറഞ്ഞിരുന്നു. അതിനാൽ തന്നെ പിറ്റേ വർഷം ശഅ്ബാൻ 3-ന് നബി(സ)യുടെ നേതൃത്വത്തിലുള്ള 1500 പേരടങ്ങുന്ന സംഘം ബദ്റിൽ എത്തുകയും 8 ദിവസം അവിടെ ശത്രുക്കൾക്കു വേണ്ടി കാത്തുനിൽക്കുകയും ചെയ്തിരുന്നു. രണ്ടാം ബദ്ർ എന്നാണ് ഇത് അറിയപ്പെടുന്നത്. പക്ഷേ പേടിച്ചുപോയ അബൂസുഫ്‌യാൻ അതുവഴി വന്നില്ല. ശഅ്ബാൻ രണ്ടാം പകുതിയിൽ നബിയും സംഘവും മദീനയിൽ തിരിച്ചെത്തുകയും ചെയ്തു. ഉഹുദിൽ ഏറ്റ തിരിച്ചടി തങ്ങളെ ബാധിച്ചിട്ടില്ല എന്ന് ഖുറൈശികളെയും മറ്റു ശത്രുവിഭാഗങ്ങളെയും ബോധ്യപ്പെടുത്താനുള്ള പടനീക്കമായിരുന്നു അത്.

നബി(സ)യും സ്വഹാബത്തും ബദ്റിലേക്ക് പോയ സമയത്താണ് നബി(സ)യുടെ മകൾ ഫാത്വിമ (റ) പ്രസവിക്കുന്നത്. ശഅ്ബാൻ മൂന്നിന് ആയിരുന്നു അത്. മദീനയിലെത്തിയ നബി(സ)യെ വരവേൽക്കാൻ ഒരു പൊന്നോമനയുണ്ടായിരുന്നു. തന്റെ പ്രിയപ്പെട്ട കണ്ണിലുണ്ണിയെ ഹസൻ എന്ന് നബി (സ) വിളിച്ചു. ആദ്യ ബദ്ർ കഴിഞ്ഞു വന്നതിനു ശേഷം, രണ്ട് മൂന്ന് മാസം കഴിഞ്ഞപ്പോഴാണ് അലി(റ)ക്ക് നബി (സ) ഫാത്വിമയെ കല്യാണം കഴിച്ചുകൊടുത്തത്. ഏതാണ്ട് ഇരുപത് മാസം പിന്നിട്ട ദാമ്പത്യത്തിൽ പിറന്ന അരുമക്കനി. പിതാമഹനായ സന്തോഷത്തിലാണ് നബി (സ) മൂന്നാം റമദാനിലേക്ക് കാലെടുത്തുവെക്കുന്നത്. ഉഹുദ് യുദ്ധത്തിൽ പരിക്കേറ്റ ചില സ്വഹാബികൾ പൂർണമായി സുഖപ്പെട്ടുവരുന്നതേ ഉണ്ടായിരുന്നുള്ളൂ. കൂട്ടത്തിൽ പരിക്കേറ്റ അബൂസലമ (റ) തൊട്ടുമുമ്പ് ദുൽഹജ്ജ് മാസത്തിലാണ് മരണപ്പെട്ടത്. മറ്റു പ്രയാസങ്ങൾ ഇല്ലാതെ യുദ്ധം ചെയ്യാതെ വിജയിച്ച സന്തോഷം, പേരക്കുട്ടി ഉണ്ടായ സന്തോഷം എന്നിവയോടുകൂടിയാണ് മൂന്നാമത്തെ റമദാനിനെ നബി (സ) വരവേൽക്കുന്നത്. വളരെ സന്തോഷത്തോടുകൂടി തന്നെ ആ റമദാൻ മുന്നോട്ടു പോയി. റമദാനു ശേഷം പെരുന്നാളും കഴിഞ്ഞ് മരണപ്പെട്ട അബൂസലമയുടെ വിധവ ഉമ്മുസലമയെ നബി (സ) ഭാര്യയായി സ്വീകരിച്ചു.

**നാലാം നോമ്പുകാലം**

അതി പ്രക്ഷുബ്ധമായ ദിനരാത്രങ്ങളിലൂടെയാണ് നബി(സ)യുടെ ജീവിതത്തിലെ നാലാമത്തെ നോമ്പുകാലം കടന്നുവരുന്നത്. ഹിജ്റ അഞ്ചാം വർഷം. ബനുൽ മുസ്ത്വലഖ് യുദ്ധത്തിനു വേണ്ടി നബി (സ) പുറപ്പെട്ടത് ശഅ്ബാൻ രണ്ടിന് ആയിരുന്നു. മുറൈസീഇൽ വെച്ച് നടന്ന യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ധാരാളം ഗനീമത്ത് സ്വത്തുക്കൾ ലഭിച്ചു. ബനുൽ മുസ്ത്വലഖ് നേതാവിനെ തടവുകാരനായി പിടിച്ചു. അദ്ദേഹത്തിന്റെ മകൾ ജുവൈരിയ്യയെ നബി (സ) പിന്നീട് വിവാഹം കഴിച്ചു. ശഅ്ബാൻ പകുതി പിന്നിട്ടപ്പോഴേക്കും മദീനയിൽ തിരിച്ചെത്തി. പക്ഷേ അപ്പോഴേക്കും വലിയൊരു വെല്ലുവിളി നബി(സ)യുടെ മുന്നിൽ എത്തിയിരുന്നു. തന്റെ പ്രിയ പത്നിക്ക് എതിരെ ദുരാരോപണം ഉന്നയിച്ചുകൊണ്ട് കപടന്മാർ രംഗത്തു വന്നു. അപൂർവം ചില സ്വഹാബികളും അതിൽ പങ്കുകൊണ്ടു. എന്തുചെയ്യണമെന്നറിയാതെ നബി (സ) അസ്വസ്ഥതയോടെ ഇരിക്കുന്ന ഈ ഘട്ടത്തിലാണ് റമദാൻ കടന്നുവരുന്നത്.

സാഹചര്യം കൂടുതൽ സങ്കീർണമാക്കി, റമദാനിന്റെ ആദ്യപാദത്തിൽ തന്നെ ശത്രുക്കളുടെ ഒരു വിശാല സഖ്യം മദീനയെ ലക്ഷ്യം വെച്ച് വരുന്നു എന്ന വാർത്ത കിട്ടി. സന്ധി ലംഘിച്ച ബനുന്നദീർ എന്ന ജൂത ഗോത്രത്തെ നബി (സ) മദീനയിൽ നിന്ന് പുറത്താക്കിയപ്പോൾ, അവർ നബി(സ)യോടും മുസ്‌ലിംകളോടും ശത്രുത പുലർത്തുന്ന ഖുറൈശികളും അവരുടെ സഖ്യകക്ഷികളുമായ അറബ് ഗോത്രങ്ങളെയെല്ലാം കൂട്ടി പതിനായിരത്തോളം വരുന്ന സൈന്യവുമായി മദീനക്കു നേരെ വരുന്നു. ഈ സഖ്യ കക്ഷികൾക്ക് പുറമെ, മദീനക്ക് അകത്തുനിന്നുള്ള ബനൂഖുറൈള എന്ന ജൂത ഗോത്രത്തിന്റെ സഹായവും ശത്രുക്കൾ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു.

കൂടിയാലോചിച്ചപ്പോൾ പ്രമുഖ സ്വഹാബി സൽമാനുൽ ഫാരിസി, കിടങ്ങ് കുഴിച്ചു പ്രതിരോധിക്കാം എന്ന യുദ്ധമുറ മുന്നോട്ടു വെക്കുകയും ഹർഷാരവത്തോടെ മുഹാജിറുകളും അൻസ്വാറുകളും അതിന് അംഗീകാരം നൽകുകയും ചെയ്തു. നോമ്പുകാലത്ത് തന്നെ 40 മുഴം പത്തു പേർ ചേർന്നു കുഴിക്കുക എന്ന വ്യവസ്ഥയിൽ നബി (സ) എല്ലാവർക്കുമായി ജോലി വീതിച്ചു നൽകി. വളരെ അത്യാവശ്യത്തിനല്ലാതെ ആരും പണിക്കിടയിൽ നിന്ന് പോകരുതെന്നും സഖ്യകക്ഷികൾ എത്തുന്നതിനുമുമ്പ് ജോലി തീർക്കേണ്ടതുണ്ടെന്നും നബി (സ) അവരെ ഉണർത്തി. എന്തായാലും റമദാനും പെരുന്നാളുമൊക്കെ ഈ കിടങ്ങ് കുഴിക്കലും അനുബന്ധ പ്രവൃത്തികളുമായി മുന്നോട്ടു പോയിരിക്കാനാണ് സാധ്യത. സൂക്ഷ്മമായ റിപ്പോർട്ടുകളനുസരിച്ച് ശഅ്ബാൻ ആദ്യവാരത്തിൽ സഖ്യകക്ഷികൾ (അഹ്സാബ്) മദീനയിൽ എത്തുകയും അവിടെ കിടങ്ങു കണ്ട് അന്തം വിടുകയും ചെയ്യുന്നുണ്ട്. അമ്പെയ്ത്തുകളും ദ്വന്ദ യുദ്ധങ്ങളുമൊക്കെ ചെറിയ തോതിൽ നടന്നുവെങ്കിലും പ്രത്യേകിച്ച് ഒന്നും നേടാനാവാതെ സഖ്യകക്ഷികൾ തിരിച്ചുപോയി. തുടർന്ന് മദീനക്കകത്തു നിന്ന് തങ്ങളെ ചതിച്ച ബനൂ ഖുറൈളക്കെതിരെ നബി (സ) നടപടികൾ സ്വീകരിച്ചു. കൂട്ടത്തിൽ അമ്പുകൊണ്ട് അവശനായ പ്രമുഖ സ്വഹാബി സഅ്ദുബ്നു മുആദ് (റ) ഒരു മാസത്തിനുശേഷം മരണപ്പെടുകയുണ്ടായി. ചുരുക്കത്തിൽ, സംഭവബഹുലമായ ചരിത്ര കാലത്തിലൂടെയാണ് നാലാമത്തെ നോമ്പുകാലം കടന്നുപോയത്. നോമ്പുകാലത്തിന്റെ പരിസമാപ്തിക്കു ശേഷം ആഇശാ ബീവിയുടെ നിരപരാധിത്വം തെളിയിച്ചുകൊണ്ടുള്ള ഖുർആനിക ആയത്തുകളിറങ്ങി; പിന്നെ സഖ്യകക്ഷികൾ പിന്തിരിഞ്ഞോടിയ സന്തോഷവാർത്തയും വന്നെത്തി.

**അഞ്ചാം നോമ്പുകാലം**

നബി(സ)യുടെ അഞ്ചാമത്തെ നോമ്പുകാലം അഥവാ ഹിജ്റ ആറാം വർഷം മദീനയിൽ കടുത്ത വരൾച്ച ഉണ്ടായ സന്ദർഭമായിരുന്നു. ചൂട് അത്ര കഠിനമായിരുന്നില്ലെങ്കിലും മഴ ലഭിക്കാ

തെയും വെള്ളം കിട്ടാതെയും നബിയും സ്വഹാബികളും വളരെയധികം പ്രയാസപ്പെട്ടു. ഇതിനിടെ ശാമിലേക്ക് കച്ചവടത്തിനു പോയ സൈദുബ്നു ഹാരിസ(റ)യുടെ നേതൃത്വത്തിലുള്ള സ്വഹാബികളെ ബദ്റിനു അടുത്തുവെച്ച് ഫസാറ ഗോത്രത്തിൽ പെട്ട ചിലർ തടഞ്ഞുവെക്കുകയും കൊള്ളയടിക്കുകയും ചെയ്തിരുന്നു. ആ ഗോത്രത്തെ കൈകാര്യം ചെയ്യാൻ വേണ്ടി സൈദുബ്നു ഹാരിസയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നബി (സ) അയക്കുകയും അവർ അക്രമികളെ തുരത്തി തിരിച്ചുവരികയും ചെയ്തു. മദീനയിലെ കഠിനമായ വരൾച്ചയിൽ നിന്ന് രക്ഷ തേടി നബി(സ) അല്ലാഹുവോട് പ്രാർഥിക്കുകയും മഴ വർഷിക്കുകയും ചെയ്തു.

**ആറാം നോമ്പുകാലം**

മക്കക്കാരുമായുള്ള ഹുദൈബിയ സന്ധിക്കും ഖൈബറിലെ ജൂതന്മാരുമായുള്ള ഖൈബർ യുദ്ധത്തിനും ശേഷമാണ് നബി(സ)യുടെ ജീവിതത്തിലെ ആറാമത്തെ നോമ്പുകാലം കടന്നുവരുന്നത്. ഹിജ്റ ഏഴാം വർഷം. ഖൈബറിൽ യുദ്ധം ജയിച്ചപ്പോൾ അവിടത്തെ കാർഷിക ആദായത്തിൽ ഒരു ഭാഗം മുസ്ലിംകൾക്ക് വിട്ടുകൊടുക്കാൻ ജൂതന്മാർ തയാറായിരുന്നു. സൽക്കരിക്കാൻ വിളിച്ചു വരുത്തി ഭക്ഷണത്തിൽ വിഷം കലർത്തിയ ജൂത സ്ത്രീയുടെ കുടിലത മൂലം ഒരൽപം വിഷം പുരണ്ട ശാരീരിക പ്രയാസത്തോടു കൂടിയാണ് നബി (സ) ആറാം നോമ്പുകാലത്തേക്ക് കാലെടുത്തുവെക്കുന്നത്. ഈ നോമ്പുകാലത്താണ് ഗാലിബുബ്നു അബ്ദുല്ല അല്ലൈസിയുടെ നേതൃത്വത്തിൽ നബി (സ) മൈഫഅയിലേക്ക് ഒരു സൈന്യത്തെ അയച്ചത്.

**ഏഴാം നോമ്പുകാലം**

മക്കാ പടയോട്ടത്തിനു തയാറെടുക്കവെയാണ് ഏഴാമത്തെ നോമ്പുകാലം മദീനയിലെത്തുന്നത്. പ്രവാചകനും അനുയായികളും മക്കയിലേക്ക് പടയുമായി പുറപ്പെടുന്നുണ്ട് എന്ന വിവരം മക്കയിലെ തന്റെ ബന്ധുക്കളെ അറിയിക്കാൻ ബദ്റിൽ പങ്കെടുത്ത പ്രമുഖ സ്വഹാബി ഹാത്തിബുബ്നു അബീ ബൽത്തഅ (റ) ശ്രമിക്കുകയും അതു പിടിക്കപ്പെടുകയും ചെയ്തു. നബി(സ)ക്ക് മാനസികമായി വളരെ പ്രയാസം ഉണ്ടാക്കി ഈ പ്രവൃത്തി. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളുകൾക്ക് അല്ലാഹു പൊറുത്തുകൊടുത്തിരിക്കുന്നു, അതുകൊണ്ട് നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യുക എന്നു പറഞ്ഞ് ഒഴിയുകയായിരുന്നു അവിടുന്ന് ചെയ്തത്. റമദാൻ മാസത്തിൽ തന്നെ മക്കയിലേക്ക് സൈന്യത്തോടൊപ്പം നബി (സ) പുറപ്പെടുന്നതാണ് കാണുന്നത്. ഹുദൈബിയ സന്ധി അനുസരിച്ച് മുസ്ലിംകളുമായി സന്ധിയിൽ ഏർപ്പെട്ടിട്ടുള്ള ഒരു ഗോത്രത്തെയും ഖുറൈശികളോ സഖ്യകക്ഷികളോ ആക്രമിക്കില്ല എന്നുള്ളതായിരുന്നു കരാർ. പക്ഷേ അത് ലംഘിച്ചുകൊണ്ട് മുസ്ലിംകളുടെ സഖ്യകക്ഷിയായ ഖുസാഅ ഗോത്രത്തെ ഖുറൈശികളുടെ സഖ്യകക്ഷിയായ ബനീദായിൽ ഗോത്രം ആക്രമിച്ചു. സന്ധിലംഘനം നടന്നതിനാൽ മക്ക പിടിച്ചടക്കാൻ പതിനായിരം പേരടങ്ങുന്ന സൈന്യവുമായി നബി


# വാടാനപ്പള്ളി ഓർഫനേജ് കമ്മിറ്റി

**പി.ബി നമ്പർ 09, ഫാറൂഖ് നഗർ, വാടാനപ്പള്ളി. പി.ഒ, തൃശൂർ 680614**
**ഫോൺ: 04872600294, 2602268, ഇമെയിൽ: vorphanage@gmail.com**

## അഡ്മിഷൻ അറിയിപ്പ്

കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെക്കാലമായി അനാഥ-അഗതി സംരക്ഷണ രംഗത്തെ കേരളത്തിലെ മുൻനിര സ്ഥാപനമാണ് വാടാനപ്പള്ളി ഓർഫനേജ്. ഗൃഹാന്തരീക്ഷത്തിലെ സംരക്ഷണവും പരിലാളനയും സ്കൂൾ തലം മുതൽ ബിരുദം വരെ മത-ഭൗതിക വിദ്യാഭ്യാസവും നൽകി അനാഥ അഗതികളെ സമൂഹത്തിന്റെ മുഖ്യധാരയുടെ മുന്നിൽ നടത്തുകയെന്ന മഹത്തായ ദൗത്യമാണ് സ്ഥാപനം നിർവഹിച്ചുകൊണ്ടിരിക്കുന്നത്.
സർക്കാർ-അർധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികളും ഉന്നത ഉദ്യോഗസ്ഥരും ഇസ്ലാമിക പ്രസ്ഥാന ഘടകങ്ങൾക്ക് നേതൃത്വം വഹിക്കുന്നവരും നാട്ടിലും മറുനാട്ടിലും ഇസ്ലാമിക സാമൂഹിക സേവന മേഖലകളിൽ വ്യാപൃതമായ സ്ഥാപനത്തിന്റെ സന്തതികൾ അതിനെ തെളിവാണ്.
അടുത്ത അധ്യയന വർഷവും (2020-2021) മിടുക്കന്മാരും മിടുക്കികളുമായ ഏതാനും അനാഥ-അഗതികൾക്ക് സ്കൂൾ ക്ലാസുകളിലേക്ക് സ്ഥാപനത്തിൽ അഡ്മിഷൻ നൽകുന്നു. ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർഥികളുടെ രക്ഷകർത്താക്കൾ എത്രയും പെട്ടെന്ന് സ്ഥാപനത്തിൽ ബന്ധപ്പെടേണ്ടതാണ്.

ഡയറക്ടർ
വാടാനപ്പള്ളി ഓർഫനേജ്

(സ) മക്കയിലേക്ക് പുറപ്പെട്ടു.

നബി (സ) മക്കയിലേക്ക് പുറപ്പെടുന്നതിന് തൊട്ടുമുമ്പാണ് സന്തോഷവാർത്ത എന്നോണം മക്കയിൽനിന്ന് ഹിജ്റ ചെയ്ത തന്റെ പിതൃവ്യൻ അബ്ബാസ് മദീനയിൽ എത്തുന്നത്. അവസാനത്തെ മുഹാജിർ.

തിരിച്ച് മക്കയിലേക്ക് പ്രവാചകന്റെ കൂടെ വന്ന അബ്ബാസ് (റ) മക്കാ വിജയവേളയിലും ഹുനൈൻ യുദ്ധവേളയിലും നബിയുടെ കൂടെ നിഴൽ പോലെ ഉണ്ടായിരുന്നു. പ്രത്യേക എതിർപ്പുകളൊന്നും കൂടാതെ മക്ക കീഴടങ്ങി. മുസ്‌ലിം സൈന്യത്തിന്റെ കെട്ടുറപ്പും അച്ചടക്കവും കണ്ട് അബൂസുഫ്‌യാനും അബ്ദുല്ലാഹിബ്നു ഉമയ്യയുമൊക്കെ ഇസ്‌ലാമിലേക്ക് കടന്നുവരുന്നു. അതിനു പിന്നിൽ പ്രവർത്തിച്ചത് അബ്ബാസുബ്നു അബ്ദുൽ മുത്ത്വലിബ് ആയിരുന്നു.

ഇതേ നോമ്പുകാലത്താണ് ചരിത്രത്തിലെ ഏറ്റവും വലിയ പൊതു മാപ്പ് നബി (സ) പ്രഖ്യാപിക്കുന്നത്. മക്കാ വിജയകാലത്തിനു ശേഷം 'നിങ്ങൾക്കു മേൽ ഒരു പ്രതികാര



നടപടിയുമില്ല. പൊയ്ക്കൊള്ളുക, നിങ്ങളെല്ലാവരും സ്വതന്ത്രരാണ്' എന്ന ചരിത്രത്തിൽ ഇടം പിടിച്ച പ്രഖ്യാപനം. തന്നെ ഇത്രയും കാലം ഉപദ്രവിച്ചവർക്ക് നബി (സ) മാപ്പരുളിയ ആ സന്ദർഭം നോമ്പിന്റെ പവിത്രത കൂടി മുന്നിൽ വെച്ചായിരുന്നു എന്നു കൂടി മനസ്സിലാക്കണം. ഈ നോമ്പുകാല യാത്രയിലാണ് നബി(സ) 19 ദിവസത്തോളം മക്കയിൽ വെച്ച് നമസ്കാരം ജംഉം ഖസ്റും ആയി നിർവഹിച്ചത്.

### എട്ടാം നോമ്പുകാലം

മക്കാ വിജയത്തിനു ശേഷമുള്ള ശാന്തമായ അന്തരീക്ഷത്തിലാണ് നബി(സ)യുടെ എട്ടാമത്തെ നോമ്പുകാലം കടന്നുവരുന്നത്. ഹിജ്റ ഒമ്പതാം വർഷം. ഈ സന്ദർഭത്തിലാണ് ഥിലെസ് ഗോത്രത്തിലെ നിവേദകസംഘം നബി(സ)യെ കാണുന്നതും അവർ ഇസ്‌ലാം സ്വീകരിക്കുന്നതും. നോമ്പുകാലമായതിനാൽ ധാരാളം സ്വഹാബികൾ പള്ളിയിൽ ഉണ്ടായിരുന്നു. പള്ളിയുടെ ഒരു ഭാഗത്ത് മാറി അവർക്കു വേണ്ടി നബി (സ) ഒരു കൂടാരം കെട്ടിക്കൊടുത്തു. ആ കൂടാരത്തിൽ ഇരുന്നുകൊണ്ട് അവർ മുസ്‌ലിംകൾ നമസ്കരിക്കുന്നതും ഖുർആൻ പാരായണം ചെയ്യുന്നതും കണ്ടും കേട്ടുമിരുന്നു. ശേഷം അവർ മുസ്‌ലിംകളായി.

ഈ റമദാനിലാണ് ഹിംയർ ഗോത്രത്തിലെ നിവേദക സംഘം ഇസ്‌ലാം ആശ്ലേഷത്തിനുള്ള ആഗ്രഹം അറിയിച്ചുകൊണ്ട് നബി(സ)യെ കാണാൻ വന്നത്.

### ഒമ്പതാമത്തെ നോമ്പുകാലം

നബി(സ)യുടെ ജീവിതത്തിലെ അവസാനത്തെ നോമ്പുകാലം. ഒരുപാട് നിവേദക സംഘങ്ങൾ ഇസ്‌ലാമാശ്ലേഷം അറിയിച്ച് എത്തിച്ചേർന്ന സന്തോഷ നിമിഷങ്ങൾ. ശഅ്ബാൻ മാസത്തിലാണ് പ്രമുഖ ജൂത പണ്ഡിതൻ ഹാതിമുത്താഈയുടെ മകൻ അദിയ്യു ബ്നു ഹാതിം ഇസ്‌ലാം സ്വീകരിച്ചത്. അദ്ദേഹത്തോട് റോമാ സാമ്രാജ്യവും പേർഷ്യൻ സാമ്രാജ്യവും പരാജയപ്പെടുമെന്ന വലിയ പ്രവചനമാണ് നബി (സ) നടത്തുന്നത്.

വഫ്ദു ഗാമിദ അഥവാ ഗാമിദ നിവേദക സംഘം മദീനയിൽ വരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. മറ്റു വർഷങ്ങളിൽ നിന്ന് ഭിന്നമായി നബി (സ) ഈ വർഷം 20 ദിവസം പള്ളിയിൽ ഇഅ്തികാഫ് ഇരുന്നു. മുമ്പുള്ള വർഷങ്ങളിൽ അവസാനത്തെ പത്തിൽ ആയിരുന്നു അവിടുന്ന് ഇരുന്നിരുന്നത്. നബി(സ)യുടെ കൂടെ അവിടുത്തെ ഭാര്യമാരും പള്ളിയിൽ പല ഭാഗത്തായി മറച്ചുകെട്ടി ഇരിക്കുമായിരുന്നു. കൂടാതെ അവസാനത്തെ ഈ നോമ്പുകാലത്ത് ജിബ്‌രീൽ വരികയും രണ്ടു തവണ നബി(സ)യിൽ നിന്ന് ഖുർആൻ പൂർണമായും ആവർത്തിച്ചു കേൾക്കുകയും ചെയ്തു. ഇനിയൊരു റമദാന് സാക്ഷിയാകാൻ നബി (സ) ഉണ്ടാകില്ലല്ലോ. 23 വർഷം മുമ്പ് ആദ്യമായി വിശുദ്ധ ഖുർആൻ ഇറങ്ങിയത് ഒരു റമദാൻ കാലത്തു തന്നെ ആയിരുന്നു. ഗസ്സാൻ ഗോത്രക്കാരുടെ നിവേദക സംഘം നബി(സ)യുടെ അടുത്തു വന്നതും ഈ വർഷമായിരുന്നു. വന്ന മൂന്നു പേരും ഇസ്‌ലാം സ്വീകരിച്ചു. ഈ റമദാനിലാണ് അലി(റ)യുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെ യമനിലേക്ക് അയച്ചത്. യമനിൽ നിന്ന് തിരിച്ചുവന്ന അലി(റ)യെ അതേ റമദാനിൽ രണ്ടാം തവണയും നബി (സ) യമനിലേക്ക് അയച്ചതായി കാണാം.

ഈ ഒമ്പത് വർഷങ്ങളും പലതരം രാഷ്ട്രീയ നീക്കങ്ങളാൽ സംഭവബഹുലമായിരുന്നെങ്കിലും ഖുർആൻ പാരായണം, സുന്നത്ത് നമസ്കാരങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ റസൂൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു. റമദാനിൽ നബി (സ) ധാരാളമായി ദാനധർമങ്ങൾ നിർവഹിക്കുകയും ചെയ്തിരുന്നു. എല്ലാ നോമ്പുകാലത്തും അവസാനമായാൽ നബി (സ) അരമുറുക്കിയുടുക്കുകയും രാത്രി പ്രാർഥനാനിരതമാവുകയും പത്നിമാരെ വിളിച്ചുണർത്തി നമസ്കരിക്കാൻ പറയുകയും ചെയ്തിരുന്നു. സ്വല്ലല്ലാഹു അലൈഹി വസല്ലം. ●

### റഫറൻസ്:


1. *അൽ ഖുലാസ്വത്തുൽ ബഹിയ്യ ഫീ തർത്തീ ബി അഹദാസ് സീറത്തിന്നബവിയ്യ* - ശൈഖ് വഹീദ് അബ്ദുസ്സലാം
2. *സീറത്തു ഇബ്നു ഹിശാം*
3. www.wikipedia.com, ബദ്ർ, ഉഹുദ്, അഹ്സാബ് യുദ്ധങ്ങൾ
4. www.mawdoo3.com

PO
PALAKKAD ORPHANAGE

"നമ്മൾ മറന്നുപോയ ബാല്യങ്ങൾ ഇവിടെയുണ്ട്"

## 'നിങ്ങളുടെ കൈതാങ്ങ്; ഈ കുരുന്നുകളുടെ പുതുജീവിത തുടക്കത്തിനായ്.'




# പാലക്കാട് ഓർഫനേജ്

Pezhumkara, Mepparamba,
Pallipuram P.O. 678 006
Palakkad Dt., Kerala, India
Phone : 9539700111, 9846100111
E-mail: pkdorphanage@gmail.com

സഹൃദയരേ,

വിശ്വാസിയുടെ ജീവിതത്തിൽ വസന്തം വിടർത്തികൊണ്ട്, കർമ്മങ്ങൾക്ക് പതിന്മടങ്ങ് പ്രതിഫലം ലഭിക്കുന്ന പുണ്യ റമദാൻ വീണ്ടും ആഗതമായിരിക്കുന്നു. കഴിഞ്ഞ മൂന്നര പതിറ്റാണ്ടായി അനാഥരുടേയും അഗതികളുടേയും സംരംക്ഷണം ഏറ്റെടുത്ത് നിർവ്വഹിക്കുന്ന ഈ സ്ഥാപനത്തിന് മാസം തോറും വരുന്ന ഭീമമായ ചിലവ് കണ്ടെത്തുന്നത് താങ്കളെ പോലുള്ളവരുടെ സക്കാത്ത് / സ്വദഖ വിഹിതങ്ങളിലൂടെയാണ്. ഈ പുണ്യമാസത്തിൽ നിങ്ങളുടെ ദാന ധർമ്മങ്ങളിൽ ഈ സ്ഥാപനത്തേയും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഞങ്ങളെ മറക്കാതിരിക്കുക.

**CHEQUE / DD / BANK TRANSFER TO :**
PALAKKAD ORPHANAGE, Canara Bank, Sulthanpet Branch Palakkad
A/c No: 0812101009077 | IFSC CNRB0000812

UPI
BHIM UPI Payments Accepted at
PALAKKAD ORPHANAGE

- പാലക്കാട് ഓർഫനേജിലേക്ക് നൽകുന്ന സംഭാവനകൾ 50% ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്. (80G പ്രകാരം)
- ബാങ്ക് മുഖേന സംഭാവന നൽകുന്നവർ പോസ്റ്റൽ അഡ്രസ്സ് സഹിതം ട്രാൻസ്ഫർ വിശദാംശങ്ങൾ 9539700111 എന്ന നമ്പറിലേക്ക് WhatsApp ചെയ്യുകയോ വിളിക്കുകയോ ചെയ്യുക.

180 ഓളം അനാഥരും അഗതികളുമായ കുട്ടികൾക്ക് സംരക്ഷണം

മികവാർന്ന പഠനവും താമസവും ഭക്ഷണവും മറ്റു സൗകര്യങ്ങളും

100ൽ പരം യുവതികൾക്ക് വിവാഹ സൗഭാഗ്യം

ഓർഫനേജിന് കീഴിൽ ഇസ്ലാമിയ കോളേജ്, ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഹെവൻസ് പ്രീ സ്കൂൾ, മദ്രസ്സ തുടങ്ങി ആയിരങ്ങൾക്ക് അറിവ് പകരുന്ന സ്ഥാപനങ്ങൾ

സമ്പത്തിന്റെ വിശുദ്ധി യഥാർത്ഥ അവകാശികൾക്കുള്ള വിഹിതത്തിലാണ്.
നിങ്ങളുടെ സക്കാത്ത് സ്വദഖകളുടെ ഒരു വിഹിതം പാലക്കാട് ഓർഫനേജിന്.



# വിട്ടുനിൽക്കുന്നതിലൂടെ പലതും തിരിച്ചുപിടിക്കുകയാണ് വ്രതം

ലേഖനം / ഡോ. അബ്ദുൽ വാസിഅ്
mail2vasy@gmail.com

ഖുറൈശികളുടെ ചരിത്രത്തിലെ ഏറ്റവും കനത്ത ആഘാതമായിരുന്നു ബദ്റിലെ പരാജയം. തങ്ങളുടെ ദൂതൻ ഹൈസുമാനുബ്നു അബ്ദില്ലാഹ് പരാജയ വാർത്തയുമായി മടങ്ങിയെത്തിയപ്പോൾ ആ വാർത്ത വിശ്വസിക്കുന്നതിനു പകരം അദ്ദേഹത്തിന്റെ വിശ്വാസ്യതയിൽ സംശയം പ്രകടിപ്പിക്കുകയായിരുന്നു അവർ ചെയ്തത്. മക്കയിൽ ഇടിത്തീപോലെ വന്നെത്തിയ പ്രസ്തുത ദുഃഖവാർത്ത ഒടുവിൽ അബൂസുഫ്‌യാൻ നേരിട്ട് പറഞ്ഞപ്പോൾ മാത്രമേ ഖുറൈശികൾക്ക് വിശ്വാസമായുള്ളൂ. ഇസ്‌ലാമിക വ്യവസ്ഥിതിയുടെ ഉന്മൂലനത്തിനു വേണ്ടി നടത്തിയ യുദ്ധം അതിന്റെ അവിശ്വസനീയമായ വളർച്ചക്ക് നിദാനമായി എന്നതായിരുന്നു ബദ്റിന്റെ ഫലങ്ങളിലൊന്ന്. ഖുറൈശികളുടെ പ്രതാപത്തിന് മങ്ങലേൽക്കുകയും, ഇതര ഗോത്രങ്ങൾക്കിടയിൽ അവർക്കുണ്ടായിരുന്ന ബഹുമാനവും ആദരവും നഷ്ടപ്പെടുകയും ചെയ്തു. ഖുറൈശികളുടെ നടുവൊടിച്ച ബദ്റിന്റെ രണാങ്കണത്തിൽ അവരിൽനിന്ന് എഴുപതു പേർ വധിക്കപ്പെട്ടു; അത്രയും പേർ ബന്ദികളാക്കപ്പെടുകയും ചെയ്തു. അബൂജഹ്ൽ, ഉത്ബത്, ശൈബത്, നള്റുബ്നു ഹാരിസ്, ഉഖ്ബതുബ്നു അബീ മുഈത്വ്, ഉമയ്യതു ബ്നു ഖലഫ് തുടങ്ങിയ ഖുറൈശി നേതൃനിര ഒരൊറ്റ ദിവസം കൊണ്ട് ഇല്ലാതായത് തീർത്തും അവിശ്വസനീയമായിരുന്നു.

ബദ്റിലെ പരാജയം കേവലം രാഷ്ട്രീയമെന്നതിനേക്കാളുപരി സാമ്പത്തികം കൂടിയായിരുന്നു. മദീന വഴി ശാമിലേക്കുള്ള കച്ചവടയാത്ര മുടങ്ങിയതോടെ ഖുറൈശികളുടെ സാമ്പത്തിക സ്രോതസ്സും വറ്റിവരണ്ടുപോയി.

ബദ്റിന്റെ ചരിത്രമോ അപഗ്ര



ഥനമോ അല്ല ഇവിടെ ഉദ്ദേശ്യം. ഖുറൈശികളുടെ ചരിത്രത്തിലെ ഏറ്റവും കനത്ത പരാജയത്തെയും, ഭീകരമായ രാഷ്ട്രീയ - സാമ്പത്തിക പ്രതിസന്ധിയെയും അവരെങ്ങനെ മറികടന്നു എന്നത് പ്രസക്തമായ വിശകലനമാണ്. ദുരന്തവാർത്തയറിഞ്ഞ ഖുറൈശികൾ ആദ്യഘട്ടത്തിൽ താങ്ങാനാവാതെ പൊട്ടിക്കരഞ്ഞുവെങ്കിലും പിന്നീട് കരയുന്നത് വിലക്കിയെന്ന് ചരിത്ര ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നുണ്ട്. പ്രമുഖ ചരിത്രകാരനായ ഇബ്നു ഇസ്ഹാഖ് ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: കൊല്ലപ്പെട്ടവരെയോർത്ത് ഖുറൈശികൾ തേങ്ങിക്കരഞ്ഞു. പിന്നീട് അവർ പറഞ്ഞു; 'നിങ്ങൾ കരയുന്നത് മുഹമ്മദും അനുയായികളുമറിഞ്ഞാൽ അതവരെ സന്തോഷിപ്പിക്കും. അതിനാലത് ചെയ്യരുത്. നിങ്ങൾ ധൃതിപിടിച്ച് ബന്ദികളെ മോചിപ്പിക്കുകയും ചെയ്യരുത്. അതിന് മുതിർന്നാൽ അവർ നിങ്ങളോട് വില പേശുകയാണ് ചെയ്യുക.'

മക്കളെ നഷ്ടപ്പെട്ടവർ, സഹോദരന്മാരെ നഷ്ടപ്പെട്ടവർ, പിതാക്കൾ കൊല്ലപ്പെട്ടവർ, ഉറ്റ ബന്ധുക്കളെ നഷ്ടപ്പെട്ടവർ തുടങ്ങി പ്രതികാരദാഹവുമായി ജീവിക്കുന്ന നിരവധി പേർ മക്കയിലുണ്ടായിരുന്നു. അന്ധനായ അസ് വദുബ്നു മുത്ത്വലിബിന് ബദ്റിൽ മൂന്ന് മക്കളെയാണ് നഷ്ടപ്പെട്ടത്. അവരുടെ പേരിൽ തേങ്ങിക്കരയാൻ വല്ലാതെ വെമ്പൽകൊള്ളുകയായിരുന്നു അദ്ദേഹം. അതിനിടെയാണ് അർധരാത്രിയിൽ അദ്ദേഹം ആരോ പൊട്ടിക്കരയുന്നത് കേട്ടത്. തന്റെ വേലക്കാരനോട് അദ്ദേഹം പറഞ്ഞു; 'ആരാണ് കരയുന്നതെന്ന് നോക്കുക. നഷ്ടപ്പെട്ടവരുടെ പേരിൽ കരയാൻ ഖുറൈശികൾ അനുവാദം നൽകിയിട്ടുണ്ടെങ്കിൽ എന്റെ മക്കൾക്കു വേണ്ടി എനിക്ക് കരയാമായിരുന്നു'. ഭൃത്യൻ പുറത്തിറങ്ങി കാര്യമന്വേഷിച്ച് തിരിച്ചുവന്നു പറഞ്ഞുവത്രെ; 'ഒട്ടകം വഴിതെറ്റി നഷ്ടപ്പെട്ടതിന്റെ പേരിൽ കരയുന്ന സ്ത്രീയാണ് അത്.'

മുസ്‌ലിംകളോട് പ്രതികാരം ചെയ്യാനും നഷ്ടപ്പെട്ട പ്രതാപം തിരിച്ചുപിടിക്കാനും നേർച്ച നേർന്നിരിക്കുകയാണ് ഖുറൈശികൾ. ഇനിയൊരു യുദ്ധസന്നാഹത്തിന് ആവശ്യമായ ധനം അവരുടെ കൈയിലുണ്ടായിരുന്നില്ല. അതിനാൽ തന്നെ അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ തിരിച്ചു വന്ന കച്ചവടസംഘത്തിലെ മുഴു നിക്ഷേപവും അമ്പതിനായിരം സ്വർണനാണയവും സൈനികസജ്ജീകരണത്തിന് ചെലവഴിക്കാനവർ തീരുമാനിച്ചു.

അറബികൾക്കിടയിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ഒരു പതിവുണ്ടായിരുന്നു; ശത്രുക്കൾ അവരെ പരാജയപ്പെടുത്തിയാൽ ആഡംബരവും ധൂർത്തും ഉപേക്ഷിച്ച്, വിനോദങ്ങളിൽ നിന്ന് അകന്ന്, സന്തോഷപ്രകടനങ്ങൾ മാറ്റിവെച്ച് പ്രതികാരത്തിനൊരുങ്ങുകയെന്നതായിരുന്നു അത്. ബദ്റിൽ പരാജയപ്പെട്ടതിനു ശേഷവും മക്കയിലെ ജനങ്ങൾ ആ പതിവ് തെറ്റിച്ചില്ല. മുഹമ്മദിനെ പരാജയപ്പെടുത്തുന്നതു വരെ ഭാര്യാസംസർഗം പുലർത്തുകയില്ലെന്ന് അവരുടെ നേതാവ് അബൂസുഫ്‌യാൻ പരസ്യമായി ശപഥം ചെയ്തു. ഇത് കേവലം അബൂസുഫ്‌യാന്റെ മാത്രം തീരുമാനമായിരുന്നില്ല, അറേബ്യയിൽ നിലനിന്നിരുന്ന പതിവിന്റെ ഭാഗമായിരുന്നു എന്ന് കവി പറയുന്നുണ്ട്;

'യുദ്ധത്തിനൊരുങ്ങിയാൽ ശുദ്ധികാലത്തു പോലും

ഇണകളിൽ നിന്ന് മുണ്ട് മുറക്കുന്നവരാണവർ.'

ബദ്റിന്റെ ശേഷമുള്ള ഖുറൈശികളുടെ ചരിത്രവും, അറേബ്യയിൽ നിലനിന്നിരുന്ന സമ്പ്രദായവും ലോകം മുഴുക്കെ അംഗീകരിക്കുന്ന ഒരു പൊതു തത്ത്വത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ചിലതൊക്കെ ത്യജിച്ചാൽ മാത്രമേ, പലതും നേടിയെടുക്കാൻ കഴിയുകയുള്ളൂ എന്ന ലളിതമായ തത്ത്വം. ഖുറൈശികൾ മുസ്‌ലിംകളോട് പ്രതികാരം ചെയ്ത ഉഹുദ് യുദ്ധത്തെ നിരൂപണം ചെയ്തവതരിച്ച വചനങ്ങളിൽ 'ചിലരുടെ ഐഹികമോഹങ്ങളുടെ കനത്ത വിലയാണ്' മുസ്‌ലിംകളുടെ പരാജയ കാരണമെന്ന് വ്യക്തമാക്കുന്നതും ഈ



തലത്തിൽ നിന്ന് തന്നെയാണ്. വലിയ വലിയ സ്വപ്നം കാത്തുസൂക്ഷിക്കുന്നവർക്ക് ചിലതൊക്കെ മാറ്റിവെക്കേണ്ടി വരും എന്ന് ചുരുക്കം. ഒന്നും മാറ്റിവെക്കാൻ തയാറാകാത്തവർക്ക് ഒന്നും നേടിയെടുക്കാൻ കഴിയുകയില്ലെന്നത് ഇതിന്റെ മറുവായന. ഒരു സമൂഹത്തെ

നശിപ്പിക്കാൻ ഉദ്ദേശിച്ചാൽ അവിടെയുള്ള ധൂർത്തരും ആഡംബരപ്രിയരും രംഗം കൈയാളുമെന്ന ഖുർആനിക വചനവും (*ഇസ്റാഅ്* 16) ഈ യാഥാർഥ്യത്തെ ഊട്ടിയുറപ്പിക്കുന്നതാണ്.

ഇവിടെയാണ് പരിശുദ്ധ റമദാനും, അതിലെ വ്രതവും പ്രസക്തമാവുന്നത്. ചിലതൊക്കെ ഉപേക്ഷിച്ച്, താൽക്കാലികമായി മാറ്റിവെച്ച് മറ്റ് പലതും നേടിയെടുക്കാനുള്ള അതിമനോഹരമായ അനുഷ്ഠാനമാണ് വ്രതം.



വ്രതത്തെക്കുറിക്കുന്ന 'സൗം' എന്ന അറബി പ്രയോഗം അർഥവത്താകുന്നത് ഇവിടെയാണ്. ഉപേക്ഷിക്കുക (തറക), പിടിച്ചുവെക്കുക (അംസക) തുടങ്ങിയ രണ്ട് വിപരീതാർഥങ്ങളുള്ള അപൂർവം ചില പദങ്ങളിലൊന്നാണത്. ചിലതൊക്കെ ഉപേക്ഷിച്ച് പലതും പിടിച്ചുവെക്കാനാണ് നോമ്പ് പഠിപ്പിക്കുന്നത്/ പഠിപ്പിക്കേണ്ടത്. റമദാനിന്റെ ചരിത്രം ഉപേക്ഷയുടെ മാത്രം ചരിത്രമല്ല, മറിച്ച് തിരിച്ചുപിടിക്കലിന്റെയും പിടിച്ചുവാങ്ങലിന്റെയും ചരിത്രമാണ്. ഭൗതികവിഭവങ്ങൾ ത്യജിച്ച്, ആഡംബരവും ധൂർത്തും ഉപേക്ഷിച്ച്, ആരാധനകളിൽ നിന്ന് ഊർജം സംഭരിച്ച ചരിത്രത്തിലെ മഹത്തായ വീണ്ടെടുപ്പുകളെയാണ് റമദാൻ അടയാളപ്പെടുത്തിയിട്ടുള്ളത്. ബദ്റും മക്കാ വിജയവും ഖാദിസിയ്യയും ഐൻജാലൂത്വും അമൂരിയയുമെല്ലാം പകർന്നു നൽകുന്ന പാഠമാണത്. പിറന്നുവീണ നാടുപേക്ഷിച്ച് ഹിജ്റ ചെയ്ത മുഹാജിറുകളും ജീവിതകാലത്തെ മുഴുസമ്പാദ്യവും അവർക്ക് പകുത്തു നൽകിയ അൻസ്വാറുകളും ചേർന്നാണ് ബദ്ർ മുതൽ മക്കാ വിമോചനം വരെയുള്ള വിജയങ്ങളുടെ ഘോഷയാത്ര നടത്തിയിട്ടുള്ളത്.

ചുരുക്കത്തിൽ, റമദാന്റെ കണക്ക് ഉപേക്ഷയുടെയോ മാറ്റിവെപ്പുകളുടെയോ അല്ല; വീണ്ടെടുപ്പിന്റേതും ചരിത്രനിർമിതിയുടേതുമാണ്. വിശുദ്ധ ഖുർആൻ സവിസ്തരം ഉദ്ധരിക്കുന്ന ഒരു യുദ്ധചരിത്രമുണ്ട്. മൂസാ പ്രവാചകനു ശേഷം ഇസ്രായേലികളോട് യുദ്ധത്തിനൊരുങ്ങിയ ജാലൂത്ത് എന്ന ഭീമാകാരനായ ധിക്കാരിയെ തടയിടുന്നതിന് അല്ലാഹു ത്വാലൂത്ത് എന്ന ദരിദ്രന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ സജ്ജീകരിക്കുകയും അവർ രണാങ്കണത്തിലേക്ക് യാത്രയാവുകയും ചെയ്യുന്നതാണ് ആ ചരിത്രശകലത്തിന്റെ ഇതിവൃത്തം. യാത്രക്കിടയിൽ അല്ലാഹു ത്വാലൂത്തിന്റെ നേതൃത്വത്തിലുള്ള കൊച്ചുസംഘത്തെ പരീക്ഷിക്കുന്നുണ്ട്. യാത്രക്കിടയിൽ അവർക്ക് മുറിച്ചുകടക്കേണ്ടി വന്ന നദിയിൽ നിന്ന് ഒരു കൈക്കുമ്പിളിലധികം വെള്ളം കുടിക്കരുതെന്നായിരുന്നു പരീക്ഷണം. പക്ഷേ, അവരിലധികവും വയറു നിറയെ വെള്ളം കുടിച്ചു. പിന്നീട് ജാലൂത്തിന്റെ ഭീമാകാരമായ സൈന്യത്തെ മുന്നിൽ കണ്ടപ്പോൾ ദൈവത്തെ ധിക്കരിച്ച് വെള്ളം കുടിച്ചവർ മാറിക്കളയുകയും, മറ്റുള്ളവർ പോരാടി വിജയം വരിക്കുകയും ചെയ്തുവെന്നാണ് ചരിത്രം. ചില മാറ്റിവെക്കലുകളാണ് ചരിത്രപരമായ മുന്നേറ്റത്തിന്റെ ഇന്ധനമെന്നതാണ് പ്രസ്തുത ചരിത്രം പഠിപ്പിക്കുന്നത്. ആകാശത്തു നിന്ന് അന്നം നൽകി ദൈവം ആദരിച്ച സമൂഹമായിരുന്നു ഇസ്രാഈല്യർ. എന്നാൽ സുഖസൗകര്യങ്ങളിൽ ആറാടിയ അവരോട് മൂസാ(അ)യുടെ കൂടെ യുദ്ധത്തിനിറങ്ങാൻ കൽപിച്ചപ്പോൾ അവർ പിന്തിരിഞ്ഞു കളയുകയാണ് ചെയ്തത്. അതേത്തുടർന്ന് അവർക്ക് ചില വിഭവങ്ങൾ നിഷിദ്ധമാക്കി, അവരുടെ സുഭിക്ഷതക്ക് തടയിടുകയാണ് അല്ലാഹു ചെയ്തത്. ഒരു കൈക്കുമ്പിൾ വെള്ളം കൊണ്ട് ജീവിക്കാൻ തന്നെയാണ് വ്രതം പഠിപ്പിക്കുന്നത്. പക്ഷേ, പ്രസ്തുത ബഹിഷ്കരണം ഐഹിക വിഭവങ്ങളോടുള്ള വെറുപ്പ് കൊണ്ടോ, വിരക്തി കൊണ്ടോ അല്ല. മറിച്ച്, മഹത്തായ വിജയങ്ങൾക്ക് മുന്നോടിയായി നടത്തുന്ന കേവല സന്നാഹം മാത്രമാണത്.

സ്വാതന്ത്ര്യസമരവേളയിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ ബഹിഷ്കരിക്കാനുള്ള ഗാന്ധിജിയുടെ ആഹ്വാനം ഇവിടെ ഓർക്കാം. ബ്രിട്ടീഷ് ഉൽപന്നങ്ങളിൽ നിന്ന് ഇന്ത്യൻ ജനത നോമ്പെടുത്തതു/ ഉപേക്ഷിച്ചതു വഴി ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ കെട്ടുകെട്ടിക്കാൻ ഇന്ത്യൻ ജനതക്ക് സാധിച്ചു. അതേക്കുറിച്ച് പ്രശസ്ത അറബി കവി റശീദ് സലീം അൽകൂരി പാടിയതിപ്രകാരമാണ്:

'അക്രമികളുടെ കരൾ പിളർക്കാൻ ഈ വ്രതത്തിന് കഴിഞ്ഞിട്ടില്ല, ഉറങ്ങിക്കിടക്കുന്നവരെ പിടിച്ചുകുലുക്കാനും അതിന് സാധിച്ചില്ല, ഒരു ഇന്ത്യക്കാരൻ വ്രതമെടുത്ത് മറ്റൊരു രാഷ്ട്രത്തെ പഷ്ണിയിലാക്കിയിരിക്കുന്നു, മില്യൻ വരുന്ന മുസ്‌ലിംകൾ വ്രതമെടുത്തിട്ട് ഒരു ഉറുമ്പിനു പോലും നഷ്ടമില്ലത്രെ!'

ചിലതൊക്കെ ഉപേക്ഷിച്ചാൽ പലതും നേടിയെടുക്കാൻ കഴിയുമെന്ന യാഥാർഥ്യം കോവിഡ് കാലത്തെ മനുഷ്യരെ പ്രത്യേകം പഠിപ്പിക്കേണ്ടതില്ല. സുപ്രധാനമായത് നേടിയെടുക്കാനും സംരക്ഷിക്കാനും പ്രിയപ്പെട്ടതൊക്കെയും മാറ്റിവെക്കാൻ ലോകം തയാറായിരിക്കുന്ന വേളയിലാണ് മാറ്റിവെച്ച് തിരിച്ചുപിടിക്കുകയെന്ന മഹത്തായ ആശയം പകർന്നു നൽകുന്ന റമദാൻ കടന്നു വന്നതെന്നത് ചിന്തനീയമാണ്. ●



# കാരുണ്യകേന്ദ്രം

**Registration Number 216/07**

പ്രിയസുഹൃത്തെ, ക്ഷേമംനേരുന്നു,

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ നടന്നുവരുന്ന ഒരു ജനസേവന സംരംഭമാണ് കാരുണ്യകേന്ദ്രം' അത്താണിക്കൽ.

രോഗികൾ, വൃദ്ധർ, അനാഥർ, വിധവകൾ, ഭിന്നശേഷിക്കാർ, ദരിദ്രർ, ഭവനരഹിതർ, കുടിവെള്ളത്തിന് പ്രയാസപ്പെടുന്ന വർ.... തുടങ്ങിയവർക്കിടയിലാണ് കഴിഞ്ഞ പതിനഞ്ച് വർഷമായി 'കാരുണ്യകേന്ദ്രം' ഇടപെട്ട് കൊണ്ടിരിക്കുന്നത്. പ്രതിമാസം ഭീമമായസംഖ്യ ഈരംഗത്ത് ചെലവ് വരുന്നുണ്ട്.

ലോകത്തെയാകെ ഭീതിയിലാഴ്ത്തിയ കോവിഡ്–19 മഹാമാരി നമ്മുടെ സാമൂഹികജീവിതത്തെയാകെ നിശ്ചലമാക്കിയ സമയമാണല്ലോ ഇത്.

എന്നാലും, ദുരിതക്കയത്തിൽ നാം കൈപിടിച്ചുയർത്തിയ നൂറ്കണക്കിന് നിരാലംബരായ രോഗികളെ പെരുവഴിയിലേക്ക് തന്നെ തള്ളിവിടാൻ നമുക്കാവില്ലല്ലോ! നമ്മുടെ തലോടലിലൂടെ നഷ്ടപ്പെട്ടുപോയ ജീവിതം വീണ്ടെടുത്തവരാണവർ. ഈ പ്രതിസന്ധിഘട്ടത്തിലും അവരെ ചേർത്ത്പിടിച്ചേ മതിയാകൂ.

സമൂഹം ഞങ്ങളെ ഏൽപ്പിക്കുന്നതെന്തും ഏറ്റവും ആവശ്യക്കാരുടെ വീട്ട്പടിക്കലേ എത്തൂവെന്ന് ഞങ്ങൾ ഉറപ്പ് തരുന്നു. നമുക്കായി വിധി കുറിച്ചുവെച്ച ഏതെങ്കിലും ദുരന്തങ്ങളെ തട്ടിയകറ്റാൻ ദാനധർമ്മങ്ങൾക്ക് കരുത്തുണ്ടെന്ന് വിശ്വസിക്കുന്നവരാണല്ലോ നമ്മൾ. താങ്കളടക്കമുള്ളവരുടെ സകാത്ത്–സ്വദഖകളിലൂടെ വെയിലേറ്റ് വാടിയ ഒട്ടേറെ ദുരിതജീവിതങ്ങൾ കാരുണ്യകേന്ദ്രത്തിലൂടെ പൂക്കുകയും തളിർക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിലും കാരുണ്യകേന്ദ്രത്തിനൊപ്പം താങ്ങുംതണലുമായി താങ്കളുണ്ടാവണം.

പ്രാർത്ഥനയോടെ,

Account Name:
Karunyakendram Palliative Care Society
**A/c. No: 67230686179**
SBI Mongam. **IFSC: SBIN0070840**

**കാരുണ്യകേന്ദ്രം, അത്താണിക്കൽ, വള്ളുവമ്പ്രം പി.ഒ**
**മലപ്പുറം – 673 642, ഫോൺ: +91 483 2772692 / +91 8281 302692**

✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1063

# സൂറ – 34 / സബഅ്

## സൂക്തം: 34 – 37

മക്കളെ സത്യവിശ്വാസികളും സംസ്കാരവും ധാർമിക ബോധവുമുള്ള സജ്ജനങ്ങളാക്കി വളർത്തുകയും സൽക്കർമങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുന്ന സത്യവിശ്വാസികൾ ആ മക്കളിലൂടെ അല്ലാഹുവിനോട് കൂടുതൽ അടുത്തുകൊണ്ടിരിക്കും. മറിച്ചാണെങ്കിൽ മക്കൾ അവരെയും അവർ മക്കളെയും പരസ്പരം കൈപിടിച്ചു നയിക്കുന്നത് നരകത്തിലേക്കായിരിക്കും. ദാരിദ്ര്യത്തിന്റെയും കഥ ഇതുതന്നെയാണ്. സത്യവിശ്വാസവും സൽക്കർമനിഷ്ഠയും ദാരിദ്ര്യത്തെ അല്ലാഹുവിന്റെ പരീക്ഷണമായി കണ്ട് ക്ഷമയോടെ തരണം ചെയ്യാൻ പ്രേരിപ്പിക്കുന്നു. അവിശ്വാസികളാകട്ടെ ദാരിദ്ര്യത്തിൽ അക്ഷമരായി അല്ലാഹുവിനെ പഴിക്കുകയും അധാർമികമായ പരിഹാര മാർഗങ്ങളവലംബിക്കുകയും ചെയ്യുന്നു.

وَمَآ أَرْسَلْنَا فِى قَرْيَةٍ مِّن نَّذِيرٍ إِلَّا قَالَ مُتْرَفُوهَآ إِنَّا بِمَآ أُرْسِلْتُم بِهِۦ كَٰفِرُونَ ﴿٣٤﴾

34. നാം ഏതു നാട്ടിൽ മുന്നറിയിപ്പുകാരനെ അയച്ചപ്പോഴും അവിടത്തെ വരേണ്യവർഗം നിങ്ങൾ കൊണ്ടുവന്ന സന്ദേശം തീർത്തും നിഷേധിക്കുന്നവർ തന്നെയാകുന്നു ഞങ്ങൾ എന്ന് ഘോഷിക്കാതിരുന്നിട്ടില്ല.

وَقَالُوا۟ نَحْنُ أَكْثَرُ أَمْوَٰلًا وَأَوْلَٰدًا وَمَا نَحْنُ بِمُعَذَّبِينَ ﴿٣٥﴾

35. ഞങ്ങൾ പെരുത്ത് സമ്പത്തും സന്തതികളുമുള്ളവരാണെന്നും അതിനാൽ ഒരിക്കലും ശിക്ഷിക്കപ്പെടാൻ പോകുന്നില്ലെന്നും വാദിക്കുകയും ചെയ്തു.

**34,35**

وَمَا أَرْسَلْنَا فِي قَرْيَةٍ = ഒരു നാട്ടിൽ നാം അയച്ചിട്ടില്ല (ഏതു നാട്ടിൽ അയച്ചപ്പോഴും)

مِّن نَّذِيرٍ = ഒരു മുന്നറിയിപ്പുകാരനെ

إِلَّا قَالَ مُتْرَفُوهَا = അവിടത്തെ സുഖലോലുപർ, വരേണ്യ വർഗം പറഞ്ഞിട്ടല്ലാതെ (ഘോഷിക്കാതിരുന്നിട്ടില്ല)

إِنَّا بِمَا أُرْسِلْتُم بِهِ = നിങ്ങൾ എന്തുമായി അയക്കപ്പെട്ടിരിക്കുന്നുവോ അത് ഞങ്ങൾ (കൊണ്ടുവന്ന സന്ദേശം)

كَافِرُونَ = (തീർത്തും) നിഷേധിക്കുന്നവർ തന്നെയാകുന്നു

وَقَالُوا = അവർ പറഞ്ഞു (വാദിക്കുകയും ചെയ്തു)

نَحْنُ أَكْثَرُ أَمْوَالًا وَأَوْلَادًا = ഞങ്ങൾ സമ്പത്താലും സന്തതികളാലും പെരുത്തവരാണെന്നും

وَمَا نَحْنُ بِمُعَذَّبِينَ = ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരുമല്ല (അതിനാൽ ഞങ്ങൾ ഒരിക്കലും ശിക്ഷിക്കപ്പെടാൻ പോകുന്നില്ല) എന്നും

മുഴുവൻ മനുഷ്യരാശിയുടെയും മാർഗദർശകനായി നിയുക്തനായ മുഹമ്മദ് നബി(സ)ക്കും ശിഷ്യന്മാർക്കും സ്വന്തം നാട്ടുകാർ പോലും തള്ളിപ്പറയുന്നതിൽ വലിയ മനോവ്യഥയുണ്ടായിരുന്നു. ധിക്കാരികളും സമ്പന്നരുമായ ഖുറൈശികൾ അദ്ദേഹത്തെ നിസ്സങ്കോചം നിഷേധിക്കുകയും ആക്ഷേപിക്കുകയുമാണല്ലോ. ഈ പശ്ചാത്തലത്തിൽ അല്ലാഹു പ്രവാചകനെ ആശ്വസിപ്പിക്കുകയാണ്: നാട്ടിലെ സമ്പന്നരും സുഖലോലുപരുമായ അധികാരിവർഗം തള്ളിപ്പറയുന്നുവെങ്കിൽ അതൊരു പുതുമയുള്ള കാര്യമൊന്നുമല്ല. പ്രവാചകന്മാരും സത്യപ്രബോധകരും ഏതു നാട്ടിൽ ചെന്നപ്പോഴും അവിടത്തെ വരേണ്യവർഗം അവരെ തള്ളിപ്പറയുകയും ദ്രോഹിക്കുകയും ചെയ്തിട്ടുണ്ട്. ترف - ൽനിന്നുള്ളതാണ് مترفون. സുഖഭോഗ ജീവിതമാണ് ترف. സുഖഭോഗം അധികമാകുമ്പോൾ اتراف ആകുന്നു. അതിൽനിന്നുള്ള ക്രിയ اترف. ഇതിന്റെ കർതൃവചനമാണ് مترفون. സുഖാഡംബരങ്ങളിൽ അതിരു കവിയുന്നതിനും സമ്പദ് സമൃദ്ധിയിൽ അഹങ്കരിച്ച് അധർമങ്ങളിൽ ഏർപ്പെടുന്നതിനും اتراف ഉപയോഗിക്കും. ഒരാൾ അതിസമ്പന്നതയാൽ ദുഷിക്കുന്നതിനും അഹങ്കരിക്കുന്നതിനും اترفه المالُ എന്നു പറയും.

പ്രവാചകന്മാർ ദൈവിക സന്ദേശവുമായി ആദ്യം സമീപിക്കുക പ്രദേശത്തെ വരേണ്യവിഭാഗത്തെയാണ്. സാധാരണക്കാരും ദരിദ്രന്മാരും അവരുടെ കീഴിലായിരിക്കുമല്ലോ. വരേണ്യവർഗം സത്യം സ്വീകരിച്ചുകഴിഞ്ഞാൽ സാമാന്യജനം അവരെ പിന്തുടർന്നുകൊള്ളും. പക്ഷേ, തങ്ങളുടെ സുഖാഡംബരങ്ങളെയും കൈയടക്കിവെച്ച അധികാരങ്ങളെയും നിയന്ത്രിക്കുന്ന ഒരാദർശവും സ്വീകരിക്കാൻ സാധാരണ ഗതിയിൽ വരേണ്യവർഗം തയാറാവുകയില്ല. തികഞ്ഞ ധാർഷ്ട്യത്തോടെ അവർ പ്രഖ്യാപിക്കും; ഏതൊരാദർശം സ്ഥാപിക്കാനാണോ നിങ്ങൾ നിയുക്തരായിരിക്കുന്നത് ആ ആദർശത്തെ ഞങ്ങൾ പൂർണമായി നിഷേധിക്കുന്നു. ധനമോഹമോ അധികാരമോഹമോ ആണ് നിങ്ങളുടെ ലക്ഷ്യം. അല്ലെങ്കിൽ നിങ്ങൾ തനി ഭ്രാന്തന്മാരാണ്. അതെന്തായാലും നിങ്ങൾ പറയുന്ന, ദൈവത്തിന്റെ ഏകത്വം, പ്രവാചകത്വം, പരലോകം തുടങ്ങിയ കാര്യങ്ങളിലൊന്നും ഒരു കാര്യവുമില്ല. ഉണ്ടെങ്കിൽ അതെല്ലാം നിഷേധിക്കുന്ന ഞങ്ങളിവിടെ സമ്പന്നരും അധികാരികളുമായി വാഴുന്നതെങ്ങനെ? അവയുടെ പ്രചാരണത്തിനു വേണ്ടി അത്യധ്വാനം ചെയ്യുന്ന നിങ്ങൾ ദരിദ്രരും പീഡിതരുമായിത്തീരുന്നതെങ്ങനെ? നിങ്ങൾ പറയുന്നതിൽ വല്ല സത്യവുമുണ്ടെങ്കിൽ സംഭവിക്കേണ്ടത് നേരെ മറിച്ചാണല്ലോ. നിങ്ങളുടെ ആദർശപ്രബോധനവും ധർമോപദേശങ്ങളും കേവലം മിഥ്യയാണെന്നതിന്റെയും ഞങ്ങൾ പാലിച്ചുവരുന്ന ആചാരവിശ്വാസങ്ങളാണ് യാഥാർഥ്യമെന്നതിന്റെയും വ്യക്തമായ തെളിവാണത്. ഇനി നിങ്ങൾ പറയുന്നതുപോലെ ഒരു പരലോകമുണ്ടെങ്കിൽ, അവിടെയും ഞങ്ങൾ ഭാഗ്യവാന്മാരായ വരേണ്യവിഭാഗം തന്നെയായിരിക്കും. ഞങ്ങളൊരിക്കലും ശിക്ഷിക്കപ്പെടാനൊന്നും പോകുന്നില്ല. എന്നാൽ വരേണ്യവർഗത്തിന്റെ തിട്ടൂരങ്ങൾക്കപ്പുറം ചിന്തിക്കാൻ കഴിവുള്ള സാധാരണക്കാരും കീഴാളരും പ്രവാചകന്മാരെ എളുപ്പത്തിൽ തിരിച്ചറിയുന്നു. പ്രവാചക സന്ദേശം സ്വീകരിക്കുന്നതുകൊണ്ട് അവർക്ക് ഒന്നും നഷ്ടപ്പെടാനില്ല. തങ്ങളുടെ മാനുഷികാവകാശങ്ങളും മഹത്വവും വകവെച്ചുതരുന്നതും ഐഹിക ജീവിതം സംസ്കരിക്കുന്നതും പരലോക ജീവിതം സൗഭാഗ്യകരമാക്കുന്നതുമായ ആദർശങ്ങളാണ് പ്രവാചകൻ പ്രബോധനം ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കുന്നു. അതുകൊണ്ട് എല്ലാ പ്രവാചകന്മാരിലും ആദ്യം വിശ്വസിക്കുന്നതും അധികം വിശ്വസിക്കുന്നതും ദരിദ്ര വിഭാഗമാകും. ഇതു സംബന്ധിച്ച് ഇബ്നുൽ മുൻദിറും മറ്റും ഉദ്ധരിക്കുന്ന ഒരു സംഭവം ഇങ്ങനെ വായിക്കാം: മക്കയിൽ രണ്ടു ചങ്ങാതിമാരുണ്ടായിരുന്നു. ഒരാൾ തീരപ്രദേശങ്ങളിൽ വ്യാപാരത്തിനു പോയി. മറ്റേയാൾ നാട്ടിൽ തങ്ങി. പ്രവാചകൻ നിയുക്തനായപ്പോൾ ദേശാടകൻ, അദ്ദേഹത്തെക്കുറിച്ചന്വേഷിച്ചുകൊണ്ട് മറ്റേയാൾക്ക് എഴുതി. അയാൾ മറുപടി അയച്ചു: 'അധഃസ്ഥിതരും പാവങ്ങളും മാത്രമേ അദ്ദേഹത്തെ പിന്തുടരുന്നുള്ളൂ.' കത്തു കിട്ടിയപ്പോൾ അദ്ദേഹം കച്ചവടം മതിയാക്കി നാട്ടിലേക്കു മടങ്ങി. നബി(സ)യെ സമീപിച്ചു എന്തൊക്കെയാണ് നിങ്ങൾ പ്രബോധനം ചെയ്യുന്നതെന്നന്വേഷിച്ചു. നബി(സ) കാര്യങ്ങളെല്ലാം അയാൾക്ക് വിശദീകരിച്ചുകൊടുത്തു. അയാൾ പറഞ്ഞു: 'താങ്കൾ ദൈവദൂതനാണെന്ന് ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു.'നബി(സ) അയാളോടു ചോദിച്ചു: 'അതെങ്ങനെ നിങ്ങൾ മനസ്സിലാക്കും?' അയാൾ: 'അധഃസ്ഥിതരും പാവങ്ങളും പിന്തുടരാതെ ഒരു സത്യപ്രവാചകനും നിയോഗിക്കപ്പെട്ടിട്ടില്ല.' പിന്നെ وَمَا أَرْسَلْنَا എന്ന ഈ സൂക്തം അവതരിച്ചപ്പോൾ പ്രവാചകൻ ആ മനുഷ്യനെ വിളിച്ചു വരുത്തിയിട്ടു പറഞ്ഞു: 'താങ്കളുടെ പ്രസ്താവനയെ അല്ലാഹു സത്യപ്പെടുത്തിയിരിക്കുന്നു.'

നിങ്ങൾ ഏതു ആദർശവുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിനെ ഞങ്ങൾ നിഷേധിക്കുന്നു - إِنَّا بِمَا أُرْسِلْتُم بِهِ كَافِرُونَ - എന്ന വാക്യം പ്രവാചകത്വത്തെ അവർ അംഗീകരിച്ചതായി സൂചിപ്പിക്കുന്നുവെന്ന് ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. അതായത് പ്രവാചകന്മാരെ ദൈവദൂതന്മാരായി അംഗീകരിക്കുന്നുവെങ്കിലും അവർ പ്രബോധനം ചെയ്യുന്ന കാര്യങ്ങളെ തള്ളിക്കളയുന്നു എന്നാണവർ പറഞ്ഞിരുന്നത്. ബഹുദൈവ വിശ്വാസികൾ പ്രവാചകത്വത്തെ മൗലികമായിത്തന്നെ നിഷേധിക്കുന്നവരാണ്. വേദക്കാർ പ്രവാചകത്വത്തെ അംഗീകരിച്ചിരുന്നു. ചില പ്രവാചകന്മാരുടെ പ്രവാചകത്വത്തെ മാത്രമാണ് അവർ തള്ളിക്കളഞ്ഞത്. നിഷേധിക്കപ്പെട്ട പ്രവാചകന്മാരുടെ പ്രബോധനത്തെയും അവർ നിഷേധിച്ചു. ദൈവദൂതനെ ദൈവദൂതനായി അംഗീകരിക്കുകയും അദ്ദേഹം നിയോഗിക്കപ്പെട്ട ദൗത്യത്തെ തള്ളിക്കളയുകയും ചെയ്തതിന് ഉദാഹരണങ്ങൾ ലഭ്യമല്ല. അത് യുക്തിസഹമായ നിലപാടുമല്ല. നിങ്ങൾ അയക്കപ്പെട്ടിരിക്കുന്ന, അഥവാ നിങ്ങൾക്ക് പ്രവാചകത്വം ലഭിച്ചിരിക്കുന്ന എന്ന അവകാശവാദത്തെയും ഞങ്ങളെ പ്രബോധനം ചെയ്യാൻ നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നു പറയുന്ന തത്വങ്ങളെയും ഞങ്ങൾ തള്ളിക്കളയുന്ന എന്നാണ് ശരിയായ വചനതാൽപര്യം.

വരേണ്യവിഭാഗത്തിന് പ്രവാചകന്മാരോടുള്ള എതിർപ്പും അവരുന്നയിക്കുന്ന ന്യായങ്ങളും നേരത്തേ 2: 126,212; 6: 123; 7: 60,66,78,88,96; 9: 55, 69; 11: 27; 13: 26; 17: 16; 18: 34,43; 19: 73,77; 20: 131; 23: 24,33,37,46,47,55,61 സൂക്തങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

36. പ്രവാചകൻ പറയുക: എന്റെ നാഥനാണ് അവനുദ്ദേശിക്കുന്നവർക്ക് വിഭവങ്ങൾ വിപുലീകരിച്ചും പരിമിതപ്പെടുത്തിയും കൊടുക്കുന്നത്. എന്നാൽ അധിക മനുഷ്യരും യാഥാർഥ്യം അറിയുന്നില്ല.

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٦﴾

**36**

قُلْ = (പ്രവാചകൻ) പറയുക إِنَّ رَبِّي يَبْسُطُ الرِّزْقَ = എന്റെ നാഥനാണ് വിഭവങ്ങൾ വിപുലീകരിക്കുന്നത്
لِمَن يَشَاءُ = അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ = പരിമിതമാക്കുന്നതും (മിതപ്പെടുത്തി കൊടുക്കുന്നതും)
وَلَٰكِنَّ أَكْثَرَ النَّاسِ = എന്നാൽ അധിക മനുഷ്യരും لَا يَعْلَمُونَ = (യാഥാർഥ്യം) അറിയുന്നില്ല

സമ്പദ് സമൃദ്ധിയും സ്ഥാനമാനങ്ങളും അല്ലാഹു തങ്ങളോട് സംപ്രീതനാണെന്നതിന്റെ വ്യക്തമായ തെളിവാണെന്നും, പരലോകമുണ്ടെങ്കിൽ അവിടെയും ഈ ലോകത്തെന്നപോലെ തങ്ങൾ അവന്റെ ഇഷ്ടജനമായിരിക്കുമെന്നും വാദിക്കുന്നവർക്കുള്ള മറുപടിയാണിത്: ഞാൻ പരിചയപ്പെടുത്തുന്നതും നിങ്ങൾ നിഷേധിക്കുന്നതുമായ എന്റെ വിധാതാവ് തന്നെയാണ് ചിലർക്ക് സമ്പത്ത് വർധിപ്പിച്ചുകൊടുക്കുന്നതും ചിലർക്ക് ചുരുക്കിക്കൊടുക്കുന്നതും. സമ്പത്തിന്റെ ഏറ്റക്കുറവിന് അവൻ ചില നിയമങ്ങളും വ്യവസ്ഥകളും നിശ്ചയിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ അതനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് സമ്പത്ത് വർധിക്കുന്നു. അല്ലാത്തവർക്ക് കുറഞ്ഞുപോകുന്നു. ചിലപ്പോൾ സാമ്പത്തിക വികാസത്തിന്റെ ഉപാധികളെല്ലാം പൂർത്തീകരിക്കപ്പെട്ടാലും സമ്പത്ത് വളരുന്നില്ല. വളക്കൂറുള്ള മണ്ണിൽ അനുയോജ്യമായ വിത്തുവിതച്ച് വേണ്ടവണ്ണം പരിപാലിച്ചാൽ നല്ല വിളവുണ്ടാകേണ്ടതാണ്. അങ്ങനെ നല്ല വിളവുണ്ടായാലും ഒരു കൊടുങ്കാറ്റോ പ്രളയമോ തീക്കാറ്റോ കീടങ്ങളോ വന്ന് എല്ലാം നശിപ്പിക്കാം. ചിലർക്ക് കാര്യമായ അധ്വാനമൊന്നും കൂടാതെ തന്നെ അവർ പോലും വിചാരിക്കാത്ത വഴിയിലൂടെ ധാരാളം സമ്പത്തുണ്ടാകുന്നു. ഭൗതികോപാധികളെല്ലാം പൂർത്തീകരിക്കപ്പെട്ടാലും ആത്യന്തികമായി അല്ലാഹുവിന്റെ ഇഛയെ ആശ്രയിച്ചാണ് (لِمَن يَشَاءُ) സമ്പന്നതയും ദാരിദ്ര്യവും നിലകൊള്ളുന്നത്. അതും ഈ പ്രപഞ്ചത്തിന് അവൻ നിശ്ചയിച്ച വ്യവസ്ഥയുടെ- പ്രകൃതിയുടെ- ഭാഗം തന്നെയാണ്. പ്രകൃതി അതിന്റെ വ്യവസ്ഥയനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കും. സമ്പത്ത് വർധിക്കുന്നത് സമ്പന്നനോടുള്ള ദൈവത്തിന്റെ പ്രത്യേക പ്രീതിയുടെയോ ദാരിദ്ര്യമുണ്ടാക്കുന്നത് ദരിദ്രനോടുള്ള അപ്രീതിയുടെയോ ലക്ഷണമല്ല. പക്ഷേ അധികമാളുകളും ഈ യാഥാർഥ്യം മനസ്സിലാക്കാതെ, സുഭിക്ഷതയെ സ്വന്തം സാമർഥ്യത്തിന്റെയും കഴിവിന്റെയും മഹത്വത്തിന്റെയും ഫലമായും ദൈവം തങ്ങളിൽ പ്രസാദിച്ചതിന്റെ തെളിവായും ദാരിദ്ര്യത്തെ ദരിദ്രരുടെ നികൃഷ്ടതയുടെയും ക്ഷുദ്രതയുടെയും ദൈവം അവരോടു കോപിച്ചതിന്റെയും ലക്ഷണമായും കാണുകയാണ്. ഈ ധാരണയെ നിഷേധിച്ചുകൊണ്ട് ആളുകളുടെ സമൃദ്ധിയുമായും ദാരിദ്ര്യവുമായും ബന്ധപ്പെട്ട് ഈ സൂക്തം പ്രസ്താവിക്കുന്ന അടിസ്ഥാന തത്ത്വം നേരത്തേ 13: 26; 17: 30; 28: 82; 29: 62; 30: 37 സൂക്തങ്ങളിലും പരാമർശിച്ചിട്ടുണ്ട്. ●

37. നിങ്ങളുടെ മുതലും മക്കളും നിങ്ങളെ നമ്മുടെ സ്നേഹാദരവിലേക്കടുപ്പിക്കുന്ന കാര്യമല്ല. പക്ഷേ, സത്യധർമങ്ങളംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവരുണ്ടല്ലോ, അക്കൂട്ടർക്ക് തീർച്ചയായും അവരാചരിച്ച കർമങ്ങളുടെ പേരിൽ ഇരട്ടി കർമഫലം ലഭിക്കുന്നതാകുന്നു. ഉന്നത സൗധങ്ങളിൽ നിർഭയരായി വാഴുന്നവരാണവർ.

وَمَآ أَمْوَٰلُكُمْ وَلَآ أَوْلَـٰدُكُم بِٱلَّتِى تُقَرِّبُكُمْ عِندَنَا زُلْفَىٰٓ إِلَّا مَنْ ءَامَنَ وَعَمِلَ صَـٰلِحًا فَأُو۟لَـٰٓئِكَ لَهُمْ جَزَآءُ ٱلضِّعْفِ بِمَا عَمِلُوا۟ وَهُمْ فِى ٱلْغُرُفَـٰتِ ءَامِنُونَ ﴿٣٧﴾

**37**

وَمَا أَمْوَالُكُمْ = നിങ്ങളുടെ മുതലുകൾ അല്ല وَلَا أَوْلَادُكُمْ = നിങ്ങളുടെ മക്കളും അല്ല
بِالَّتِي تُقَرِّبُكُمْ = നിങ്ങളെ അടുപ്പിക്കുന്നത് (ആ കാര്യം)
عِندَنَا = നമ്മുടെ അടുക്കൽ (നമ്മുടെ) زُلْفَىٰ = ഒരടുപ്പം (സ്നേഹാദരവിലേക്ക്)
إِلَّا مَنْ آمَنَ وَعَمِلَ صَالِحًا = പക്ഷേ, സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ (ഉണ്ടല്ലോ)
فَأُولَٰئِكَ لَهُمْ = അക്കൂട്ടർക്ക് തീർച്ചയായും ഉണ്ട് (ലഭിക്കുന്നതാകുന്നു)
جَزَاءُ الضِّعْفِ = ഇരട്ടികളുടെ (ട്ടികളായ) പ്രതിഫലം بِمَا عَمِلُوا = അവരാചരിച്ച കർമങ്ങളുടെ പേരിൽ
وَهُمْ = അവർ فِي الْغُرُفَاتِ = ഉന്നത സൗധങ്ങളിൽ آمِنُونَ = നിർഭയർ (നിർഭയരായി വാഴുന്നവരും)

സമ്പത്തും സന്തതികളും വലിയ അനുഗ്രഹങ്ങളാണ്. ആ അനുഗ്രഹങ്ങളുടെ പ്രയോജനം പക്ഷേ ഭൗതിക ജീവിതത്തിൽ മാത്രമാണ്. സമ്പത്തും സന്തികളും മാത്രമല്ല, മനുഷ്യൻ നേടുന്ന ഭൗതിക വിഭവങ്ങളെല്ലാം ഈ ലോകത്ത് മാത്രം താൽക്കാലിക പ്രയോജനം ചെയ്യുന്ന ചരക്കുകളാണ് - وَمَا أُوتِيتُم مِّن شَيْءٍ فَمَتَاعُ الْحَيَاةِ الدُّنْيَا وَزِينَتُهَا നിങ്ങൾക്കു ലഭിച്ചി

ട്ടുള്ളതെന്തും കേവലം ഭൗതിക ജീവിതത്തിന്റെ വിഭവങ്ങളും അലങ്കാരങ്ങളുമാകുന്നു. ആത്മീയോൽക്കർഷവുമായോ ദൈവസാമീപ്യവുമായോ അതിന് ബന്ധമില്ല. ഒരുവന്റെ പണമോ സമ്പത്തോ അവനെ അല്ലാഹുവുമായി അടുപ്പിക്കുന്നില്ല. പണത്തിന്റെയും കുടുംബബലത്തിന്റെയും പേരിൽ അല്ലാഹു ആരെയും കൂടുതൽ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുന്നുമില്ല. അതുപോലെ ഒരുവന്റെ ദാരിദ്ര്യവും മക്കളില്ലായ്മയും അവനെ അല്ലാഹുവിൽനിന്നകറ്റുന്നില്ല. ദരിദ്രന്മാരെ അവഗണിക്കുന്നുമില്ല.

بِالَّتِي تُقَرِّبُكُمْ عِندَنَا എന്ന വാക്യത്തിനുതന്നെ 'നിങ്ങളെ നമ്മോടടുപ്പിക്കുന്നവ' എന്ന അർഥമുണ്ട്. അതിനു ശേഷം പറയുന്ന زلفى അടുപ്പം, മമത, പരിഗണന, സ്ഥാനം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്നു. زلفة ആണിതിന്റെ അസൽ രൂപം. رجعة- നെ رُجْعى ആക്കുന്നതുപോലെ زلفة - നെ زلفى ആക്കുന്നു. ഒരുപക്ഷേ ഒട്ടും അടുപ്പിക്കുന്നില്ല എന്ന അർഥത്തിലാവാം تُقَرِّبُكُمْ عِندَنَا زُلْفَى എന്നു പറഞ്ഞത്. പരിഗണനയുടേതും പ്രീതിയുടേതുമായ അടുപ്പം ഉണ്ടാക്കുന്നില്ല എന്നുമാവാം താൽപര്യം. ആ ആശയത്തെ സാധൂകരിക്കുന്നതാണ് സന്ദർഭം.

മനുഷ്യനെ അല്ലാഹുവിനോട്, അവന്റെ കാരുണ്യത്തിലേക്കും പരിഗണനയിലേക്കും അടുപ്പിക്കുന്ന സംഗതി സത്യധർമങ്ങളിലുള്ള വിശ്വാസവും അതിന്റെ താൽപര്യമായി ചെയ്യുന്ന സൽക്കർമങ്ങളും മാത്രമാണ്. അത്തരം ആളുകൾക്ക് അവൻ കനത്ത കർമഫലം നൽകുന്നു. അവർ സ്വർഗീയ ഭവനങ്ങളിൽ എന്നെന്നും നിർഭയരായി വസിപ്പിക്കപ്പെടുകയും ചെയ്യും. ഞങ്ങൾ ധാരാളം മുതലും മക്കളുമുള്ളവരായതിനാൽ ഒരിക്കലും ശിക്ഷിക്കപ്പെടുകയില്ല -نَحْنُ أَكْثَرُ أَمْوَالًا وَأَوْلَادًا وَمَا نَحْنُ بِمُعَذَّبِينَ- എന്ന വരേണ്യവർഗത്തിന്റെ വിചാരം കേവലം വ്യാമോഹമാകുന്നു. ....إِلَّا مَنْ എന്ന വാക്യത്തിലെ إِلَّا പക്ഷേ لكن -ന്റെ അർഥത്തിലുള്ളതാണ്. നിങ്ങളുടെ മുതലും മക്കളും നിങ്ങളെ അല്ലാഹുവിന്റെ പരിഗണനയോടും കാരുണ്യത്തോടും അടുപ്പിക്കുന്നില്ല, പക്ഷേ സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് അവർ അർഹിക്കുന്ന കർമഫലം നൽകുന്നു എന്നർഥം. മറ്റൊരർഥം മുതലും മക്കളും നിങ്ങളെ അല്ലാഹുവിനോടടുപ്പിക്കുന്നില്ല, നിങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവരെയൊഴിച്ച്. അങ്ങനെയുള്ളവരുടെ മുതലും മക്കളും അവരെ അല്ലാഹുവിനോടടുപ്പിക്കുകയും അല്ലാഹു അവരുടെ കർമങ്ങൾക്ക് അർഹമായ പ്രതിഫലം നൽകുകയും ചെയ്യും. جَزَاءُ الضِّعْفِ -ലെ ضِعْفُ മൗലികമായി തുല്യതയാണ്. അതനുസരിച്ച് കർമത്തിനൊത്ത പ്രതിഫലമാണ് ضِعْف . അതിന് ഇരട്ടി എന്നും ഇരട്ടികൾ എന്നും അർഥമുണ്ട്. ഇരട്ടികളാണ് ഇവിടെ ഉദ്ദേശ്യം. അതനുസരിച്ച് അവരുടെ കർമം ഭൗതിക വീക്ഷണത്തിൽ അർഹിക്കുന്നതിന്റെ എത്രയോ ഇരട്ടി പ്രതിഫലം നൽകുമെന്നാകുന്നു ആശയം. ഭൗതികലോകത്ത് സമ്പത്തും സന്തതികളും സ്ഥാനമാനങ്ങളും മറ്റു സൗഭാഗ്യങ്ങളും എത്ര പെരുത്തുണ്ടായാലും ഏതു നിമിഷവും നഷ്ടപ്പെടാവുന്നതാണ്. ഏതു ഭൗതിക നേട്ടത്തിന്റെയും ഉടമകൾ സദാ അതിന്റെ നഷ്ടം ആശങ്കിക്കുന്നവരും സംരക്ഷണത്തിൽ വ്യഗ്രതയുള്ളവരുമായിരിക്കും. പരലോകത്ത് മഹാനേട്ടങ്ങളാർജിച്ചവർ ഒരിക്കലും അവയുടെ നഷ്ടം ഭയപ്പെടുകയോ സംരക്ഷിക്കുന്നതിനുവേണ്ടി ബദ്ധപ്പെടുകയോ ചെയ്യേണ്ടതില്ല. അക്ഷയവും അന്യൂനവുമായി അനന്തകാലം നിലനിൽക്കുന്നതാണ് പാരത്രിക നേട്ടങ്ങൾ. ഇതാണ് آمِنُونَ എന്ന വാക്ക് സൂചിപ്പിക്കുന്നത്.

മുതലും മക്കളും മ്ലേഛമാണെന്നോ പാരത്രിക വിജയത്തിന് വിഘാതമാണെന്നോ അല്ല ഇവിടെ പറയുന്നത്; പ്രത്യുത മുതലും മക്കളും ധാരാളമുള്ളതുകൊണ്ടുമാത്രം ആർക്കും ദൈവസാമീപ്യം സിദ്ധിക്കുന്നില്ല എന്നു മാത്രമാണ്. സത്യവിശ്വാസവും സൽക്കർമവുമാണ് ദൈവസാമീപ്യത്തിനുള്ള ഒരേയൊരു മാധ്യമം. അതുണ്ടെങ്കിൽ സമ്പന്നന്മാർക്കും സന്തതികളേറിയവർക്കും ദൈവസാമീപ്യം നേടാം. ദൈവമാർഗത്തിലും ധർമകാര്യങ്ങളിലും ചെലവഴിക്കാനും അവിഹിതമായ ധനാഗമമാർഗങ്ങളിൽനിന്നും ധൂർത്തിൽനിന്നും വിട്ടുനിൽക്കാനും സത്യവിശ്വാസം സമ്പന്നനെ പ്രചോദിപ്പിക്കുന്നു. അതനുസരിക്കുമ്പോൾ - സൽക്കർമങ്ങൾ ചെയ്യുമ്പോൾ - അയാൾ അല്ലാഹുവിനോടടുത്തുകൊണ്ടിരിക്കും. സമ്പത്ത് ദൈവമാർഗത്തിലും പാവങ്ങളെയും പട്ടിണിക്കാരെയും സഹായിക്കാനും ചെലവഴിക്കാതെ കുന്നുകൂട്ടി വെക്കുന്നവരും അവിഹിതമായ ധനാഗമമാർഗങ്ങളവലംബിക്കുകയും ധൂർത്തിലും ദുർവ്യയത്തിലും ആറാടുകയും ചെയ്യുന്നവരെ അവരുടെ ധനം അടുപ്പിച്ചുകൊണ്ടിരിക്കുന്നത് നരകത്തിലേക്കാണ്. മക്കളെ സത്യവിശ്വാസികളും സംസ്കാരവും ധാർമിക ബോധവുമുള്ള സജ്ജനങ്ങളാക്കി വളർത്തുകയും സൽക്കർമങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്യുന്ന സത്യവിശ്വാസികൾ ആ മക്കളിലൂടെ അല്ലാഹുവിനോട് കൂടുതൽ അടുത്തുകൊണ്ടിരിക്കും. മറിച്ചാണെങ്കിൽ മക്കൾ അവരെയും അവർ മക്കളെയും പരസ്പരം കൈപിടിച്ചു നയിക്കുന്നത് നരകത്തിലേക്കായിരിക്കും. ദാരിദ്ര്യത്തിന്റെയും കഥ ഇതുതന്നെയാണ്. സത്യവിശ്വാസവും സൽക്കർമനിഷ്ഠയും ദാരിദ്ര്യത്തെ അല്ലാഹുവിന്റെ പരീക്ഷണമായി കണ്ട് ക്ഷമയോടെ തരണം ചെയ്യാൻ പ്രേരിപ്പിക്കുന്നു. അവിശ്വാസികളാകട്ടെ ദാരിദ്ര്യത്തിൽ അക്ഷമരായി അല്ലാഹുവിനെ പഴിക്കുകയും അധാർമികമായ പരിഹാര മാർഗങ്ങളവലംബിക്കുകയും ചെയ്യുന്നു. സമ്പത്തിൽ മതിമറക്കുന്നതുപോലെ തന്നെ നികൃഷ്ടമാണ് ദാരിദ്ര്യത്തിൽ മതിമറക്കുന്നതും. ●


## 'കിം' അറിയിപ്പ്

കേരളത്തിൽ സാമൂഹിക സേവന മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കിം പോസ്റ്റൽ ലൈബ്രറിയുടെ പ്രവർത്തന ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകണമെന്ന് അഭ്യർഥിക്കുന്നു.

സെക്രട്ടറി,
'കിം' പോസ്റ്റൽ ലൈബ്രറി, പി.ബി നമ്പർ 48,
ഒയാസിസ് കോമ്പൗണ്ട്, എം.പി റോഡ്,
കോഴിക്കോട് - 673001. ഫോൺ: **9495808689**

Bank: PUNJAB NATIONAL BANK, Pallikkandi Branch
**A/C No: 4329000100547092**
IFSC: PUNB0432900
Name: KIM CHARITABLE TRUST

# അയർലന്റിന് ഉസ്മാനി ഖലീഫ നൽകിയ സഹായമോർമ്മിപ്പിച്ച് ഖത്തറിന്റെ ഫീൽഡ് ആശുപത്രികൾ


പ്രതികരണം / റാശിദ് ഓത്തുപുരക്കൽ

rashidothupurakkal@gmail.com


ഇറ്റലിയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഖത്തർ രണ്ട് ഫീൽഡ് ആശുപത്രികൾ അമീരീ ഫോഴ്സിന്റെ നാല് സൈനിക വിമാനങ്ങളിലായി ഇറ്റലിയിലെത്തിച്ച വാർത്ത ശ്രദ്ധിക്കപ്പെടുകയുണ്ടായി. യഥാക്രമം 5200, 4000 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള നാല് ഫീൽഡ് ആശുപത്രികളിലായി 1000 വീതം കിടക്കകളാണുള്ളത്. ചികിത്സക്കായുള്ള അത്യാധുനിക സജ്ജീകരണങ്ങളെല്ലാം ആശുപത്രികളിലുണ്ട്.

ഇറ്റലിക്ക് ഏറെ ആശ്വാസകരമായിരുന്നു ഖത്തറിന്റെ സഹായം. റോമിലെ പ്രാറ്റിക ഡി മാരേ സൈനിക വിമാനത്താവളത്തിലെത്തിയ ഖത്തർ സൈനിക വിമാനത്തെ ഇറ്റാലിയൻ വിദേശകാര്യ മന്ത്രി ലൂയിഗി ഡി മയോ നേരിട്ടെത്തിയാണ് സ്വീകരിച്ചത്. ഒരു അറബ് മുസ്‌ലിം രാജ്യം ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിൽ ക്രിസ്ത്യൻ രാജ്യത്തിനു നൽകിയിരിക്കുന്ന സഹായം ഓർമപ്പെടുത്തുന്നത് യൂറോപ്യൻ രാജ്യമായ അയർലന്റിന് അതിന്റെ ചരിത്രത്തിലെ അതിനിർണായകമായ ആപത്ഘട്ടങ്ങളിലൊന്നിൽ ലോക മുസ്‌ലിംകളുടെ തലവനായിരുന്ന ഉസ്മാനീ ഖലീഫ നൽകിയ സഹായമാണ്.

അയർലന്റിലെ പ്രധാന ഭക്ഷ്യവസ്തുവായിരുന്നു ഉരുളക്കിഴങ്ങ്. 1845-ൽ ഉരുളക്കിഴങ്ങ് കൃഷിയിൽ പുഴുക്കുത്ത് വ്യാപകമാവുകയും കൃഷി അപ്പാടെ നശിച്ചുപോവുകയും ചെയ്തു. രാജ്യം പട്ടിണിയിലേക്ക് എടുത്തെറിയപ്പെട്ടു. ഈ ക്ഷാമകാലത്ത് 10 ലക്ഷം ജനങ്ങളാണ് മരണപ്പെട്ടത്. പത്ത് ലക്ഷത്തിലധികം പേർ അമേരിക്കയടക്കമുള്ള രാജ്യങ്ങളിലേക്ക് കുടിയേറുകയും ചെയ്തു. 1845 മുതൽ 1852 വരെ ഏഴ് വർഷത്തോളം അയർലന്റ് ക്ഷാമത്തിന്റെ പിടിയിലായിരുന്നു. പട്ടിണിക്ക് പുറമെ പകർച്ചവ്യാധികളും രാജ്യത്തെ അക്ഷരാർഥത്തിൽ ശവപ്പറമ്പാക്കി മാറ്റി. രാജ്യത്തിന്റെ ദുരിതം വിവരിച്ച് വിവിധ രാജ്യങ്ങളിലേക്ക് സഹായത്തിനായി കത്തുകളയച്ചു.

യൂറോപ്പ് വ്യവസായ വിപ്ലവത്തെ തുടർന്ന് അതിസമ്പന്നമായ നിലയിലായിരുന്നുവെങ്കിലും കാര്യമായ സഹായങ്ങളൊന്നും തന്നെ അവിടങ്ങളിൽ നിന്ന് ലഭിച്ചില്ല.

ഈ സന്ദർഭത്തിലാണ് പ്രതീക്ഷിക്കാത്ത ഒരു കോണിൽ നിന്ന് സഹായം ഒഴുകിയെത്തിയത്. അങ്ങകലെ 4000 മൈൽ വിദൂരത്തുനിന്ന് ആഗോള മുസ്‌ലിംകളുടെ കേന്ദ്രമായ ഉസ്മാനിയ ഖിലാഫത്തിന്റെ ഭാഗത്തുനിന്നായിരുന്നു അത്.

അയർലന്റിലെ പരിതാപകരമായ നില തിരിച്ചറിഞ്ഞ് 10,000 ബ്രിട്ടീഷ് പൗണ്ട് സംഭാവന ചെയ്യുന്നുവെന്ന് ഉസ്മാനീ ഖലീഫ സുൽത്താൻ അബ്ദുൽ മജീദ് രണ്ടാമൻ പ്രഖ്യാപിച്ചു. രാജ്യത്തെ വലിയ ദുരന്തത്തിൽനിന്ന് കരകയറ്റാൻ പര്യാപ്തമായിരുന്നു ആ തുക. എന്നാൽ ഈ സഹായവാഗ്ദാനം അറിഞ്ഞ ഇസ്തംബൂളിലെ ബ്രിട്ടീഷ് അംബാസിഡർമാർ ഖലീഫയെ സന്ദർശിച്ച് ഇത്രയും തുക സംഭാവന ചെയ്യരുതെന്ന് ആവശ്യപ്പെട്ടുവത്രെ. അതിന് അവർ പറഞ്ഞ കാരണം ഞെട്ടിക്കുന്നതായിരുന്നു. ബ്രിട്ടനിലെ വിക്ടോറിയ രാജ്ഞി അയർലന്റിനെ സഹായിക്കാൻ 2000 പൗണ്ട് മാത്രമേ സംഭാവന ചെയ്തിട്ടുള്ളൂവെന്നും അതിനാൽ അതിൽ കൂടുതൽ സംഭാവന ചെയ്യുന്നത് രാജ്ഞിയെ അപമാനിക്കുന്നതിന് തുല്യമാണെന്നും അതിനാൽ സുൽത്താൻ നേർപകുതിയായ 1000 പൗണ്ട് മാത്രമേ സംഭാവന ചെയ്യാൻ പാടുള്ളൂവെന്നും അംബാസിഡർ ശഠിച്ചതോടെ സുൽത്താന് അംഗീകരിക്കേണ്ടിവന്നു. സുൽത്താന്റെ 1000 പൗണ്ട് സഹായം അയർലന്റിലേക്കെത്തുകയും ചെയ്തു.

എന്നാൽ ഉസ്മാനീ ഖലീഫ ബ്രിട്ടീഷുകാർ അറിയാതെ ഭക്ഷ്യവസ്തുക്കൾ നിറച്ച 5 കപ്പലുകൾ അയർലന്റിലേക്ക് അയക്കുകയും ചെയ്തിരുന്നു. അധികാരികൾ കാണാതിരിക്കാൻ അയർലന്റിലെ പ്രധാന തുറമുഖങ്ങളിൽ നങ്കൂരമിടുന്നതിനു പകരം അത്ര പ്രാധാന്യമില്ലാത്ത ഡ്രോഗേഡ എന്ന ചെറുപട്ടണത്തിനടുത്താണ് ഈ അഞ്ച് കപ്പലുകളും എത്തിച്ചേർന്നത്. അഞ്ച് കപ്പലുകളിൽ നിറച്ച ഭക്ഷ്യധാന്യങ്ങൾ അയർലന്റിന് തെല്ലൊന്നുമല്ല ആശ്വാസമായത്.

സുൽത്താന്റെ സഹായത്തിന് നന്ദി പറഞ്ഞ് പ്രദേശത്തെ പ്രഭുക്കൾ സുൽത്താന് കത്തയച്ചു. കത്തിൽ ഇങ്ങനെയാണ് പറഞ്ഞത്; 'ഞങ്ങൾക്ക് ദുരന്തസമാനമായ ക്ഷാമകാലത്ത് ഉദാരമായ സഹായം നൽകിയ സുൽത്താന് ഞങ്ങൾ ഐറിഷ് പ്രഭുക്കൾ, ഉന്നത വ്യക്തിത്വങ്ങൾ, ഐറിഷ് ജനങ്ങൾ എല്ലാവരും അങ്ങേയറ്റത്തെ കൃതജ്ഞത രേഖപ്പെടുത്തുന്നു. സുൽത്താനു വേണ്ടിയും ഉസ്മാനീ ഖിലാഫത്തിനു വേണ്ടിയും ഞങ്ങൾ പ്രാർഥിക്കുന്നു.'

ഈ കത്തുകൾ അയർലന്റിലെ തുർക്കി അംബാസിഡർ തന്റെ ഓഫീസിൽ ഫ്രെയിം ചെയ്ത് ഇന്നും സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

അയർലന്റിലെ പട്ടിണിപ്പാവങ്ങളെ സഹായിക്കുമ്പോൾ എന്തെങ്കിലും തിരിച്ചുകിട്ടണമെന്ന് സുൽത്താൻ ആഗ്രഹിച്ചിരുന്നില്ലെങ്കിലും തങ്ങളെ ആപത്തുകാലത്ത് സഹായിച്ചവരെ അയർലന്റ് ജനത മറന്നില്ല.

ക്ഷാമകാലം അവസാനിച്ചതിന് രണ്ടു വർഷങ്ങൾക്കു ശേഷം നടന്ന 1854-ലെ ഉസ്മാനീ-റഷ്യൻ യുദ്ധത്തിൽ അയർലന്റ് വലിയ സഹായങ്ങളുമായി ഖലീഫക്ക് ശക്തമായ പിന്തുണ നൽകി. പരിക്കേറ്റവരെ പരിചരിക്കുന്ന നഴ്സുമാർക്കും ആരോഗ്യ പ്രവർത്തകർക്കും പുറമെ മുപ്പതിനായിരത്തിലധികം ഐറിഷ് സൈനികരാണ് സുൽത്താന്റെ സേവനത്തിനായി രംഗത്തിറങ്ങിയത്.

യൂറോപ്പിൽ ഇസ്‌ലാമോഫോബിയ ഏറ്റവും കുറവുള്ള രാജ്യമാണ് അയർലന്റ്. ഒരു നൂറ്റാണ്ടു മുമ്പ് ഉസ്മാനീ സുൽത്താൻ നൽകിയ സഹായം അദ്ദേഹത്തിന്റെ മതവിശ്വാസികളെ സംരക്ഷിക്കുന്നതിലേക്കു വരെ നീണ്ട അതിസുന്ദരമായ ചിത്രമാണ് അയർലന്റ് പങ്കുവെക്കുന്നത്.

തുർക്കി കപ്പലുകളുടെ സഹായം എത്തിയ ഡ്രോഗേഡ പ്രദേശത്ത് ടർക്കിഷ് ചിഹ്നങ്ങൾ ധാരാളമായി കാണാം. ഇവിടത്തെ ക്ലബ്ബിന്റെ എംബ്ലത്തിലും മുസ്‌ലിംകളുടെ ചിഹ്നമായി കണക്കാക്കപ്പെടുന്ന നക്ഷത്രവും ചന്ദ്രനുമുണ്ട്.

1923-ൽ ഒന്നാം ലോക യുദ്ധാനന്തരം നടന്ന ഉച്ചകോടിയിൽ എല്ലാ രാജ്യങ്ങളും തുർക്കിക്ക് എതിരായി സംസാരിച്ചപ്പോൾ അയർലന്റ് പ്രതിനിധി മാത്രമാണ് അനുകൂലമായി സംസാരിച്ചത്. നിങ്ങൾ മാത്രം എന്തുകൊണ്ട് ഞങ്ങളെ പിന്തുണക്കുന്നു എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പ്രതികരിച്ചത് ഇങ്ങനെയാണ്; 'ഞങ്ങൾക്ക് ഒരു ആവശ്യം വന്നപ്പോൾ സഹായിക്കാൻ നിങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്, അതുകൊണ്ട് നിങ്ങളെ സഹായിക്കാതിരിക്കാൻ ഞങ്ങൾക്കാവില്ല.' ●

# നിർധന രോഗികൾക്കായി കാരുണ്യത്തിന്റെ ഒരു കൈത്താങ്ങ്

We Care We Share



madhyamam healthcare

**നിർധന രോഗികളുടെ ചികിത്സക്കുള്ള ഫണ്ട് സമാഹരണത്തിൽ പങ്കാളികളാകുക**

Madhyamam Healthcare Trust,
Silver Hills, Calicut-12
**Phone: 0495 2730848**
**Bank A/c No.13000200014749**
IFSC:FDRL0001300, Federal Bank,
West Nadakkavu, Calicut-11
Cheque / DD in favour of
**MADHYAMAM HEALTH CARE TRUST**

TAX
മാധ്യമം ഹെൽത്ത് കെയറിലേക്ക് നൽകുന്ന സംഭാവനകൾക്ക് 50% ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്

**സംഭാവനകൾ അയക്കേണ്ട വിലാസം**

The Manager, Madhyamam Health Care trust
Post Box: 1708, Silver Hills P.O,
Calicut, Kerala, Pin - 673012,
Ph: 0495 2730848, healthcare@madhyamam.in

# കോവിഡ് മയ്യിത്ത് പരിപാലനം
# മഹല്ലുകളെ ശാക്തീകരിക്കണം

പ്രതികരണം / സി.കെ.എ ജബ്ബാർ

ckajabbar@gmail.com

കോവിഡ് ബാധയേറ്റ് മരിച്ച മയ്യഴി സ്വദേശിയുടെ മയ്യിത്ത് പരിയാരം മെഡിക്കൽ കോളേജിന് സമീപം കോരൻ പീടികയിലെ പള്ളിപ്പറമ്പിൽ മറവ് ചെയ്തപ്പോൾ ബന്ധപ്പെട്ട കേന്ദ്രങ്ങളുമായി ആശയവിനിമയം നടത്തിയപ്പോൾ തോന്നിയ കാര്യങ്ങളാണ് ഇവിടെ കുറിക്കുന്നത്.

കേരളത്തിൽ മൂന്നാമത്തെ മൃതദേഹമാണ് പരിയാരത്ത് ഖബ്റടക്കിയത്. ഇനിയും ഇത്തരം മരണങ്ങൾ സംഭവിക്കാനിടയായാൽ മഹല്ലുകൾ ഏകീകൃതമായ നിലപാട് സ്വീകരിക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ട്.

കോവിഡ് ബാധിച്ച് മരിച്ചാലുള്ള നടപടിക്രമങ്ങൾക്ക് ലോകാരോഗ്യ സംഘടന പ്രൊട്ടോക്കോൾ നിശ്ചയിച്ചിട്ടുണ്ട്. കോവിഡ് 19 ബാധിച്ച രോഗി മരണപ്പെട്ടാൽ പരിശീലനം ലഭിച്ച ജീവനക്കാർ മൃതദേഹം ട്രിപ്പിൾ ലയർ ഉപയോഗിച്ച് പൊതിഞ്ഞുകെട്ടി അണുവിമുക്തമാക്കണം. മൃതദേഹവുമായി സമ്പർക്കം പുലർത്തുന്നവർ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളായ പി.പി.ഇ കിറ്റ് ഉപയോഗിക്കേണ്ടതാണ്.

ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ആവശ്യമായ മുന്നൊരുക്കത്തോടെ മൃതദേഹം സംസ്കരിക്കേണ്ട സ്ഥലത്തെത്തിക്കണം. മൃതദേഹങ്ങളിൽ നിന്നുള്ള അണുബാധ തടയുന്നതിനായി വളരെ ആഴത്തിൽ (പത്തടി) കുഴിയെടുത്ത് സംസ്കരിക്കണം. ട്രിപ്പിൾ ലയർ പൊതിഞ്ഞാലും മൃതശരീരത്തിന് അടുത്തു പോകുന്ന മറ്റുള്ളവർ മൂന്ന് മീറ്റർ അകലത്തിൽ വേണം നിൽക്കാൻ. എവിടെയായാലും മാസ്ക് ധരിക്കണം. ആൾക്കൂട്ടം ഉണ്ടാവരുത്. മൃതദേഹം കുളിപ്പിക്കുക, അന്ത്യചുംബനം നൽകുക എന്നിവ പാടില്ല. മൃതശരീരം ദഹിപ്പിക്കുന്നതാണ് ഉത്തമം എന്നും മാർഗനിർദേശത്തിൽ പറഞ്ഞിരിക്കെ ഖബ്റടക്കം നിർവഹിക്കുന്നവർ മതിയായ ജാഗ്രത പാലിക്കാൻ ബാധ്യസ്ഥരാണ്. മനുഷ്യനെ അവന്റെ ജീവിതത്തിൽ മാത്രമല്ല, മരണാനന്തര ചടങ്ങിലും ആദരിക്കുക എന്ന ഇസ്ലാമിക വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അങ്ങേയറ്റം ജാഗ്രതയോടെ കോവിഡ് മയ്യിത്തിനെയും പരിചരിക്കുക എന്നത് വലിയ കടമയാണ്.

മുംബൈയിലെ മലാദിൽനിന്നുള്ള 65കാരന്റെ മൃതദേഹം പള്ളിയിലെ ഖബ്ർസ്ഥാനിൽ മറവ് ചെയ്യാൻ വിസമ്മതിച്ചതിനാൽ പൊതു ശ്മശാനത്തിൽ മറവ് ചെയ്തതായി വാർത്തയുണ്ടായിരുന്നു. കേരളത്തിലെ മൂന്ന് മരണവും വളരെ ജാഗ്രതയോടെ മതാചാരപ്രകാരം തന്നെ നടന്നു എന്നത് സമുദായനേതൃത്വത്തിന് ഏറെ ആശ്വസിക്കാൻ വക നൽകുന്നതാണ്.

ബന്ധുക്കൾക്കാണ് മൃതദേഹം വിട്ടുനൽകുന്നതെങ്കിലും മൂന്നിടത്തും സന്നദ്ധ പ്രവർത്തകരാണ് സംസ്കരണത്തിന് നേതൃത്വം നൽകിയത്. സാധാരണ നിലയിൽ എല്ലാ മരണങ്ങളിലും മയ്യിത്ത് പരിപാലനം എന്നത് വലിയൊരു സൽക്കർമമെന്ന നിലയിൽ യുവാക്കൾ നിർവഹിക്കുന്നതിനാൽ കോവിഡ് മയ്യിത്തും സുരക്ഷാ മുന്നൊരുക്കത്തോടെ സന്നദ്ധ പ്രവർത്തകർ അന്ത്യകർമം നിർവഹിക്കുന്നതിൽ മടികാണിച്ചിട്ടില്ല. പക്ഷേ, തിരുവനന്തപുരത്തും എറണാകുളത്തും മയ്യിത്ത് സംസ്കരിച്ചതിൽനിന്ന് വ്യത്യസ്തമായി പരിയാരത്ത് നാല് പേരെയാണ് അന്ത്യകർമത്തിനായി അനുവദിച്ചിരുന്നത്. ഇത്രയും ചുരുക്കം വളന്റിയർമാർ ചിലപ്പോൾ ഭാരമേറാനിടയുള്ള മൃതശരീരം പത്തടി താഴ്ചയിൽ വെക്കുന്നതിലെ സാഹസികത ചെറുതല്ല. സംസ്കാര ചടങ്ങിൽ കൂടുതൽ പേർ പങ്കെടുക്കരുതെന്നുണ്ട്. പക്ഷേ നാല് വളന്റിയർമാർ ഒരു ജനാസ 10 അടി കുഴിയിൽ എങ്ങനെ ചെരിച്ചു കിടത്തും? എന്നിട്ടും അതിസാഹസികമായി ആ യുവാക്കൾ സേവനം പൂർത്തീകരിക്കുകയായിരുന്നു. പരിയാരത്ത് ചടങ്ങിൽ പങ്കെടുത്ത നാല് പേരിൽ ഐ.ആർ.ഡബ്ല്യുവിന്റെ രണ്ട് പേരുണ്ട്. കേരളത്തിൽ പ്രളയത്തിലും മറ്റുമായി ത്യാഗപൂർണമായ സേവനം ചെയ്ത സന്നദ്ധ സംഘടനയാണ് ഐ.ആർ.ഡബ്ല്യു. നിപ്പ മരണവേളയിലും മറ്റും പി.പി.ഇ കിറ്റ് ഉപയോഗിച്ചുള്ള സംസ്കാര ചടങ്ങിന്റെ പരിശീലനം ലഭിച്ചവരാണവർ. പരിയാരത്ത് നാല് പേർ ചേർന്ന സംസ്കാര ദൗത്യം നിർവഹിക്കുന്നതിൽ വലിയ ആത്മവീര്യം കിട്ടിയത് ദുരന്ത നിവാരണ രംഗത്ത് പരിശീലനം കിട്ടിയ രണ്ട് ഐ.ആർ.ഡബ്ല്യു വളന്റിയർമാരുടെ നേതൃത്വമായിരുന്നു. എല്ലാ മഹല്ലിലും ഇത്തരത്തിൽ പരിശീലന – ബോധവൽക്കരണ

നടപടികൾ ഉണ്ടാവണം.

മയ്യഴിയിലേക്കുള്ള ദൂരം പരിഗണിച്ച് സമീപത്ത് തന്നെ മറവ് ചെയ്യലാണ് നല്ലതെന്ന് അധികൃതർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പരിയാരത്ത് ഖബ്റടക്കത്തിന് നടപടി സ്വീകരിച്ചത്. എന്നാൽ മാഹിയിലെ മഹല്ല് വിസമ്മതിച്ചുവെന്ന നിലയിലാണ് വാർത്ത പ്രചരിച്ചത്. വാസ്തവം മറിച്ചായിരുന്നു. കോവിഡ് രോഗി മരിച്ചത് കേരളത്തിലാണെങ്കിലും അദ്ദേഹത്തിന്റെ സ്വദേശം മാഹിയിലാണ്. അതിനാൽ കേരള - പോണ്ടിച്ചേരി അന്തർ സംസ്ഥാന നടപടിക്രമത്തിന്റെ സ്വാഭാവിക സമയദൈർഘ്യമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളു. ഇത്തരം ഘട്ടത്തിൽ ഊഹങ്ങൾ വാർത്തകളാകാനിടയുള്ളതുകൊണ്ട് തികഞ്ഞ ജാഗ്രത മഹല്ലുകളാണ് പുലർത്തേണ്ടത്.



### മയ്യിത്ത് പരിപാലന ജാഗ്രത

മയ്യിത്ത് പരിപാലനം എന്നത് സമുദായം വ്യാപകമായി നേടിക്കഴിഞ്ഞ പരിശീലനമാണ്. അതൊരു സൽക്കർമമെന്ന നിലയിൽ ഖബ്ർ കുഴിക്കാൻ ഉൾപ്പെടെ ധാരാളം യുവാക്കൾ മഹല്ലുകളിൽ പരിശീലനം നേടിയിട്ടുണ്ട്. പക്ഷേ, കോവിഡ് മയ്യിത്ത് പരിചരണം അത്യന്തം സൂക്ഷ്മത വേണ്ട ദൗത്യമെന്ന നിലയിൽ മഹല്ലുകൾ ജാഗ്രത പാലിക്കണം. ലോകാരോഗ്യ സംഘടനാ പ്രൊട്ടോക്കോൾ അനുസരിച്ച് ട്രിപ്പിൾ ലയർ ഉപയോഗിച്ച് പൊതിഞ്ഞുകെട്ടി അണുവിമുക്തമാക്കിയാണ് മൃതദേഹം സംസ്കരിക്കാൻ കൊണ്ടുപോകുന്നത്.

ട്രിപ്പിൾ ലയർ മണ്ണിനോട് ചേരില്ല എന്നതു കൊണ്ട് മൃതദേഹത്തിന്റെ അഴുകിയ സ്രവവും മണ്ണിലേക്ക് ചേരുന്നത് കാലഗണനയനുസരിച്ചായിരിക്കും. ഈ വിഷയത്തിൽ ഖബ്റിടങ്ങളുടെ പരിസ്ഥിതി പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ശാസ്ത്രീയ ബോധവൽക്കരണം മഹല്ല് നേതൃത്വത്തിന് ലഭിക്കണം. അതിന് സമുദായത്തിലെ ആരോഗ്യ മേഖലയിലെ വിദഗ്ധരാണ് മുൻകൈ എടുക്കേണ്ടത്. മൃതശരീരത്തിലെ വൈറസ് നശീകരണ കാലയളവ് എത്രയാണ് തുടങ്ങിയ കാര്യങ്ങളിൽ ശാസ്ത്രീയ വിവരം വിനിമയം ചെയ്യപ്പെടണം.

ഖബ്റിടങ്ങളിൽ ഇതിനായി പ്രത്യേകം സ്ഥലം നീക്കിവെക്കുക എന്നത് മഹല്ല് നേതൃത്വം വലിയൊരു സേവനമായി തന്നെ കരുതി സന്നദ്ധമാവുമെന്ന് ഉറപ്പാണ്. ഓരോ താലൂക്കിലും ഭൂമിശാസ്ത്രപരമായും ഗതാഗതയോഗ്യവുമായ എത്ര ഇടങ്ങൾ ഇങ്ങനെ ഉപയോഗിക്കാം എന്ന് നേതൃത്വം ഒരുമിച്ചിരുന്ന് ജില്ലാ തലത്തിലോ താലൂക്ക് തലത്തിലോ തീരുമാനിക്കണം. മരണങ്ങൾ സംഭവിച്ചാൽ ഖബ്റടക്കത്തിൽ അനിശ്ചിതത്വം ഉണ്ടാവില്ലെന്ന് സമുദായമാണ് മുൻകരുതൽ സ്വീകരിക്കേണ്ടത്. അധികൃതർക്ക് അതിന്റെ പ്രായോഗിക കാര്യമേ നോക്കേണ്ടതുള്ളൂ.

### വേണ്ടത് ആത്മവീര്യവും സൂക്ഷ്മതയും

പത്തടി താഴ്ചയിലുള്ള കുഴിയിൽ സാധാരണ മയ്യിത്ത് താഴ്ത്തി വെക്കുക എന്നത് നിലവിലെ മയ്യിത്ത് പരിപാലന മുറയിൽ പരിചിതമല്ല. ഇത്ര ആഴത്തിൽ ഇറങ്ങി നിന്ന് നിർവഹിക്കാനും കഴിയില്ല. കോവിഡ് മയ്യിത്ത് അണുമുക്തമാക്കി പൊതിഞ്ഞുകിട്ടിയ ശേഷവും ജാഗ്രതയുടെ ഭാഗമായി നമസ്കാരം പോലും പരിമിത പങ്കാളിത്തത്തിലും ഖബ്ർ പറമ്പിലും ആണ് മൂന്നിടത്തും നിർവഹിച്ചത്. കേരളത്തിൽ തിരുവനന്തപുരത്തും കൊച്ചിയിലും സ്വീകരിച്ചതിനേക്കാൾ കർക്കശവും സൂക്ഷ്മവുമായിരുന്നു പരിയാരത്തെ ഖബ്റടക്കമെന്ന് അതിന് നേതൃത്വം നൽകിയവർ വിവരിക്കുന്നു. നാല് പേർക്ക് 10 അടി താഴ്ചയിലെ കുഴിയിൽ മയ്യിത്ത് താഴ്ത്തി വെക്കുക എന്നത് ഒരേസമയം മനക്കരുത്തും കണിശതയും ഏകാഗ്രതയും ആവശ്യമുള്ള ശ്രമകരമായ സേവനമാണ്. ആംബുലൻസിൽ ഡ്രൈവർ മാത്രമായിരിക്കെ കൊണ്ടുവരുന്ന മയ്യിത്തിന്റെ ഭാരം ഖബ്റിടത്തിലേക്ക് താഴ്ത്തി വെക്കാൻ നേരത്താണ് വളന്റിയർമാർക്ക് ബോധ്യമാവുക. സാധാരണ ജനാസ കൈകാര്യം ചെയ്യുന്നതു പോലെയല്ല ഇത്. സാധാരണ മയ്യിത്ത് കുളിപ്പിക്കുന്നതു മുതൽ വസ്ത്രം അണിയിച്ച് പള്ളിയിൽ നമസ്കരിക്കാനെടുക്കുന്നതുൾപ്പെടെയുള്ള വിവിധ ഘട്ടങ്ങളിൽ ഭാരം, നീളം, തടി ഒക്കെ ബോധ്യമാവും. അതിനാൽ കോവിഡ് മയ്യിത്തിന്റെ ഭാരം, തടി, നീളം എന്നിവയെക്കുറിച്ച് ഇടപഴകിയ ആരോഗ്യ അധികൃതരുമായി ബന്ധപ്പെട്ട് മുൻധാരണ ഉണ്ടാവുന്നത് നല്ലതാണ്. മയ്യിത്ത് പത്തടി ഖബ്റിനുള്ളിൽ താഴ്ത്തുന്നത് പ്ലാസ്റ്റിക് കയർ കുരുക്കിവെച്ച നിലയിലാവുന്നത് സൂക്ഷ്മമായ നിലയിലാവണം. കാരണം ഭാരം കൂടിയാൽ പ്ലാസ്റ്റിക്



കയർ കൊണ്ട് കൈയുറ കീറിപ്പോകാം. ശ്രദ്ധ തെറ്റാനിടയാവുന്ന ഇത്തരം വിഷയങ്ങളിൽ ജാഗ്രത വേണം. ഏറ്റവും കട്ടിയുള്ള തുണി ചുരുട്ടി കയർ പരുവത്തിലാക്കി കുരുക്കിയാണ് എറണാകുളത്ത് മയ്യിത്ത് താഴ്ത്തിയത്. ഖബ്റിലേക്ക് മയ്യിത്ത് താഴ്ത്തേണ്ടത് അനായാസകരമാകുന്ന വിധത്തിൽ ട്രിപ്പിൾ ലയർ നടപടി പൂർത്തീകരിക്കാൻ അധികൃതരുമായി ആശയവിനിമയം നല്ലതാണ്.

അധികൃതർ നൽകുന്ന കിറ്റിൽ ശരീരം മുഴുക്കെ ആവരണം ചെയ്യപ്പെടാനുള്ള എല്ലാമുണ്ട്. പക്ഷേ, പള്ളിപ്പറമ്പിൽ പരുക്കൻ സാഹചര്യത്തിൽ ഇവ കീറിപ്പോകാതെ സൂക്ഷിക്കണം. ഇവയുടെ ഉപയോഗവും പരിശീലനപ്രകാരമാണ് നിർവഹിക്കേണ്ടത്. സന്നദ്ധ സേവകർ നേരത്തേ തന്നെ കുളിച്ച് അംഗശുദ്ധി വരുത്തിയാണ് പ്രോട്ടോക്കോൾ വസ്ത്രം ധരിക്കുന്നത്. പ്രോട്ടോക്കോൾ വസ്ത്രത്തിലാണെങ്കിൽ പോലും മയ്യിത്ത് നമസ്കാരത്തിന് നിൽക്കുന്നതിലും പരസ്പരം അകലം പാലിക്കണം. 10 അടി താഴ്ചയുള്ള കുഴിയിൽ മയ്യിത്ത് വെച്ച ശേഷം മൂടുക എന്നത് വലിയ അധ്വാനമുള്ള കാര്യമാണ്. മയ്യിത്ത് കൊണ്ടുവരുന്നതിന് മുമ്പായതിനാൽ ഖബ്ർ കുഴിച്ചൊരുക്കാൻ ധാരാളം പേരുടെ സേവനം ലഭ്യമാവും. എന്നാൽ, മയ്യിത്ത് താഴ്ത്തിക്കഴിഞ്ഞാൽ പ്രോട്ടോക്കോൾ വസ്ത്രമില്ലാത്ത മറ്റാരും കുഴിമൂടാൻ പോയിക്കൂടാ. പ്രോട്ടോക്കോൾ വസ്ത്രമണിഞ്ഞ സേവകരുടെ കഠിനാധ്വാനം ഖബ്ർ മൂടാൻ വേണ്ടിവരും. ഇത് അങ്ങേയറ്റം ത്യാഗനിർഭരമാണെന്നു തന്നെ പറയണം. നേരത്തേ മയ്യിത്ത് ഖബ്റിൽ താഴ്ത്തിവെക്കാൻ കഠിനാധ്വാനം ചെയ്തവർ തന്നെയാണല്ലോ കുഴി മൂടുന്നതും.

പരിയാരത്തെ കോരൻ പീടിക മഹല്ല് ഭാരവാഹികൾ ആംബുലൻസിനും ജെ.സി.ബിക്കും കടന്നുവരാവുന്ന വിധം ചുറ്റുമതിൽ പൊളിച്ചു മാറ്റുകയായിരുന്നു. സാധാരണ നിലയിൽ ഒരു മഹല്ല് നേതൃത്വത്തിൽനിന്ന് ഉണ്ടാവേണ്ട സഹകരണത്തിനപ്പുറത്തെ സമർപ്പണ മനോഭാവം നിറഞ്ഞ, അഭിനന്ദനീയമായ നിലപാടായിരുന്നു ഇത്. ഖബ്ർ മൂടാൻ ജെ.സി.ബി ഉപയോഗിച്ചത് ഇവിടെ സേവനം ക്ലേശരഹിതമാക്കി.

മയ്യിത്ത് ഖബ്റടക്കുന്ന സേവകർ അതിനു ശേഷം പ്രോട്ടോക്കോൾ വസ്ത്രം അഴിച്ചുമാറ്റി അപ്പോൾ തന്നെ കുളിച്ചിരുന്നുവെന്ന് വളന്റിയർമാർ പറഞ്ഞു. പരിയാരത്ത് അതിനാവശ്യമായ സൗകര്യവും നാട്ടുകാർ ഒരുക്കിയിരുന്നു. കുളിച്ചതിനു ശേഷം അണുമുക്ത സാഹചര്യത്തിൽ പുതിയ വസ്ത്രം ധരിച്ചാണ് സേവകർ തിരിച്ചുപോയത്. സാധാരണ മയ്യിത്ത് പരിപാലനത്തിൽ നിന്ന് വ്യത്യസ്തമായ മുന്നൊരുക്കമാണിത്. ഒരു ജോഡി വസ്ത്രം, സോപ്പ്, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവ വളന്റിയർമാർ കരുതണം. റബർ കാലുറയാണ് അഭികാമ്യം. അങ്ങനെ കുറേ മുൻകരുതൽ ആവശ്യമുള്ള ഈ സേവനത്തെ മഹല്ല് തലത്തിൽ ബോധവൽക്കരിക്കുക എന്നത് പുതിയ സാഹചര്യത്തിൽ അനിവാര്യമായിരിക്കുന്നു. വലിയ ദുരന്തം വരാതിരിക്കട്ടെ എന്നു തന്നെയാവണം നമ്മുടെ ഉള്ളുരുകിയ പ്രാർഥന. പക്ഷേ, ഒരു ഘട്ടത്തിലും അശ്രദ്ധയും അലസതയും കാരണം നാം അമ്പരന്നുപോകുന്ന സ്ഥിതി ഉണ്ടാവരുത്.

(പരിയാരത്ത് സേവനം ചെയ്തവരുടെ അനുഭവങ്ങളോട് കടപ്പാട്). ●


## അപേക്ഷ ക്ഷണിച്ചു

ഇസ്‌ലാമിക് മിഷൻ ട്രസ്റ്റിന് കീഴിലെ എയ്ഡഡ് സ്കൂളുകളിലേക്കുള്ള എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകളിലേക്ക് K-TET ഉൾപ്പെടെ മുഴുവൻ യോഗ്യതയുമുള്ളവർ സർട്ടിഫിക്കറ്റുകളുടെ കോപ്പിസഹിതം CV മെയ് 13-നകം തപാലിലോ നേരിട്ടോ സമർപ്പിക്കുക.

**ഇസ്‌ലാമിക് മിഷൻ ട്രസ്റ്റ്,**
ശാന്തപുരം, പട്ടിക്കാട് പി.ഒ,
മലപ്പുറം 679325.

**ഫോൺ: 7025333318**

# ഗാസ
# പറഞ്ഞുതീരാത്ത കഥകൾ

പുസ്തകം / പി. എ. എം ശരീഫ്

pamshareef@gmail.com

തോരാത്ത കണ്ണീർക്കഥകൾ പറഞ്ഞുകൊണ്ടേയിരിക്കുന്ന അധിനിവിഷ്ട ഫലസ്ത്വീൻ പ്രദേശമായ ഗസ്സക്ക് അക്ഷര ഐക്യദാർഢ്യം നൽകുകയാണ് 'ഗാസ: പറഞ്ഞുതീരാത്ത കഥകൾ' എന്ന വിവർത്തന കൃതി. കഴിഞ്ഞ ഇരുപതിലേറെ വർഷമായി ഫലസ്ത്വീനിനെക്കുറിച്ചും അറബ് മേഖലയെക്കുറിച്ചും സൂക്ഷ്മമായ രാഷ്ട്രീയ വിശകലനങ്ങൾ നടത്താറുള്ള പ്രമുഖ അറബ്-അമേരിക്കൻ പത്രപ്രവർത്തകൻ റംസീ ബാറൂദിന്റെ ഹൃദയസ്പർശിയായ ആത്മകഥയും ചരിത്ര ഗ്രന്ഥവുമായ My Father was a Freedom Fighter: Gaza's Untold Story - യുടെ മൊഴിമാറ്റമാണിത്. ഗ്രന്ഥകാരൻ അടുത്തിടപഴകിയിട്ടുള്ള ഗസ്സയിലെ ജനങ്ങളുടെ അനുഭവങ്ങളാണ് ഈ പുസ്തകം. അതിൽ പ്രധാനി ഫലസ്ത്വീൻ പോരാളി കൂടിയായ ഗ്രന്ഥകാരന്റെ പിതാവാണ്. തന്റെ പൂർവ പിതാക്കളുടെ ജന്മഗേഹമായ ബൈത്ത് ദറാസ് എന്ന ഫലസ്ത്വീൻ ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണ് ഫലസ്ത്വീനികൾക്കുമേൽ പാശ്ചാത്യർ അടിച്ചേൽപ്പിച്ച ഗൂഢാലോചനകൾ വിവരിക്കുന്നത്.

റംസീ ബാറൂദ്




താൻ കണ്ടിട്ടുപോലുമില്ലാത്ത പൂർവ പിതാക്കളുടെ ആത്മസംഘർഷങ്ങളും വികാരവിക്ഷോഭങ്ങളും ഇസ്രയേലീ അധിനിവേശത്തിന്റെ പശ്ചാത്തലത്തിൽ റംസി പറഞ്ഞുവെക്കുന്നത് ഒരു ചലച്ചിത്രമെന്നോണം അനുവാചകന്റെ മനോമുകുരത്തിലൂടെ കടന്നുപോകും. ഒരു വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ പശ്ചാത്തല ദൃശ്യങ്ങൾ പിന്നിലേക്ക് മറയുന്ന ചാരുതയോടെയാണ് ഓരോ അധ്യായവും.

ജൂതന്മാരുടെ അധിനിവേശവും അതിനെ ചെറുക്കുന്ന ബൈത്ത് ദറാസുകാരുടെ ആത്മാഭിമാനവും, തദ്ദേശവാസികളുമായി നേർക്കുനേരുള്ള ഏറ്റുമുട്ടലിൽ പരാജയപ്പെടുമ്പോൾ സയണിസ്റ്റുകളെ രക്ഷിക്കാൻ എത്തുന്ന ബ്രിട്ടീഷ് പട്ടാളത്തിന്റെ നെറികേടും, അവസാനം പൊരുതി അടിയറവ് പറഞ്ഞ ശേഷം സ്വന്തം നാടും വീടും വിട്ടെറിഞ്ഞ് ലക്ഷ്യബോധമില്ലാതെ പലായനം അടിച്ചേൽപിക്കപ്പെട്ട ഒരു ജനതയുടെ ആത്മസംഘർഷങ്ങളും അനുവാചകന്റെ മനസ്സിൽ കനലുകൾ കോരിയിടും.

സയണിസ്റ്റുകളുടെ ആക്രമണ പശ്ചാത്തലത്തിൽ റംസിയുടെ പിതാമഹൻ മുഹമ്മദിന്റെ കുടുംബം ബൈത്ത് ദറാസിൽ നിന്ന് പലായനം ചെയ്ത് അഭയാർഥി ക്യാമ്പിൽ എത്തിച്ചേരുന്നു. സംഘർഷം നിറഞ്ഞ അഭയാർഥി ക്യാമ്പ് ജീവിതമാണ് റംസി പിന്നീട് പറയുന്നത്.

ബൈത്ത് ദറാസ് എന്ന ജന്മഗ്രാമത്തിൽ റംസിയുടെ പിതാമഹന്റെ സ്വസ്ഥവും സമാധാനപൂർണവുമായ ജീവിതം മനോഹരമായി പുസ്തകത്തിൽ വിവരിക്കുന്നു. ഈജിപ്തിൽ നിന്ന് കുടിയേറിയ മുഹമ്മദ് ബൈത്ത് ദറാസ് എന്ന




ഫലസ്ത്വീനീ ഗ്രാമത്തിൽ എത്തിച്ചേരുന്നതോടെ അവിടെയുള്ള പൗരപ്രമുഖരുമായുള്ള ബന്ധത്തിലൂടെ മിസ്സീറിയൻ എന്ന രണ്ടാം തരം പൗരത്വത്തിൽ നിന്നും മുക്തി നേടി 'ബാറൂദ്' എന്ന ഉന്നതകുലജാതരുടെ തറവാട്ടുപേര് ചാർത്തിക്കിട്ടിയ കഥ സരസമായി ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്.


പക്ഷേ വായനയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ നിലവിലെ പശ്ചിമേഷ്യൻ പശ്ചാത്തലത്തിലായതിനാൽ ഉദ്വേഗം ജനിപ്പിക്കും.

1948 – ൽ ഇസ്രയേലിന്റെ പിറവിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ഉറപ്പിക്കാൻ അമേരിക്കയും യൂറോപ്യൻ രാഷ്ട്രങ്ങളും നടത്തുന്ന ചരടുവലികൾ ഗ്രന്ഥകാരൻ അക്കമിട്ടു വിവരിക്കുന്നു.

പി. എൽ. ഒയുടെയും യാസിർ അറഫാത്തിന്റെയും രംഗപ്രവേശവും അദ്ദേഹത്തിന്റെ ചടുലമായ നിലപാടുകളും ഫലസ്ത്വീൻ രാഷ്ട്രീയത്തിൽ അതുണ്ടാക്കുന്ന ചലനങ്ങളും പ്രത്യാഘാതങ്ങളും തന്റെ കുടുംബ പശ്ചാത്തലത്തിലൂടെ വിശദീകരിക്കുന്നു. ബൈത്ത് ദറാസ് എന്ന വിശാല കാൻവാസിലൂടെ തുടങ്ങി മുൻ സൈനികൻ കൂടിയായ പിതാവിന്റെ കുടുംബത്തിലൂടെ സഞ്ചരിച്ചു ചരിത്രം പറയുന്ന രീതിയാണ് റംസി സ്വീകരിച്ചിട്ടുള്ളത്. ഫലസ്ത്വീൻ വിപ്ലവകാരികളുടെ ചെറുത്തുനിൽപ്പുകൾക്ക് പ്രതികാരമായി പിഞ്ചുകുഞ്ഞുങ്ങളെയടക്കം കൊല്ലുന്ന സയണിസ്റ്റ് ക്രൂരതകളും ആംബുലൻസുകളുടെ ചീറിപ്പാച്ചിലുകളും ആരോഗ്യപ്രവർത്തകരുടെ നെട്ടോട്ടവുമെല്ലാം വിവരിക്കുമ്പോൾ അനുവാചകന്റെ മനസ്സിൽ വിശാല കാൻവാസുകൾ രൂപപ്പെടും.

ക്യാമ്പ് ഡേവിഡ്, ഓസ്‌ലോ തുടങ്ങിയ എല്ലാ കരാറുകളും സയണിസ്റ്റുകൾക്ക് ലംഘിക്കാനും ഫലസ്ത്വീനികൾ മാത്രം പാലിക്കാനുമുള്ളതാണെന്ന തിരിച്ചറിവ് ഓരോ ഫലസ്ത്വീനിയിലുമുണ്ടാക്കുന്ന നിരാശാ ബോധം റംസിയുടെ പിതാവ് മുഹമ്മദിലൂടെ അദ്ദേഹം പ്രതിഫലിപ്പിക്കുന്നുണ്ട്.

ഫലസ്ത്വീനു വേണ്ടി ഇസ്രയേലുമായി ഉണ്ടാക്കുന്ന പല കരാറുകളും ലോക മീഡിയ ആഘോഷമാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കൾ എന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ഫലസ്ത്വീനികൾ തികച്ചും നിരാശയിലായിരിക്കും. മതേതര പാർട്ടികളെയെല്ലാം പരീക്ഷിച്ച്, അവരുടെ അഴിമതികളും സ്വന്തം പാർട്ടിക്കാർ നേടിയെടുക്കുന്ന അനധികൃത സ്ഥാനമാനങ്ങളും സമ്പാദ്യങ്ങളും കണ്ടു മടുത്ത ഫലസ്ത്വീനികൾ അവസാനം ഇസ്‌ലാമിക ചെറുത്തുനിൽപ്പു പ്രസ്ഥാനമായ ഹമാസിന് ഒരവസരം നൽകി. പ്രാദേശിക തെരഞ്ഞെടുപ്പിൽ ഹമാസ് നേടിയ വിജയവും അതിനെ അംഗീകരിക്കില്ലെന്ന അമേരിക്കൻ, ഇസ്രയേലീ ശാഠ്യവും അവശേഷിച്ച ആത്മവിശ്വാസവും മുഹമ്മദിന് നഷ്ടപ്പെടുത്തി. 2006 ജൂൺ 28 – ന് പ്രതികാര ദാഹിയായ ഇസ്രയേൽ മുഹമ്മദിന്റെ വാസസ്ഥലമായ നുസൈറാത് അഭയാർഥി ക്യാമ്പിലും ബോംബിട്ടതോടെ തന്റെ ഓക്സിജൻ പമ്പ് പ്രവർത്തിപ്പിക്കാൻ ഊർജം നൽകുന്ന വൈദ്യുതി പ്ലാന്റ് കൂടി ആ ബോംബിംഗിൽ തവിടുപൊടിയായെന്ന് മുഹമ്മദിന് ബോധ്യമായി. ജീവൻ നിലനിർത്തിയിരുന്ന ഓക്സിജൻ പമ്പ് കൂടി പ്രവർത്തനം നിലച്ചതോടെ ആസ്തമ രോഗിയായ മുഹമ്മദ് മരണത്തോടടുക്കുകയായിരുന്നു. അവസാന നിമിഷങ്ങളിൽ അമേരിക്കയിൽ കഴിയുന്ന ഗ്രന്ഥകർത്താവ് റംസീ ബാറൂദ് പിതാവ് മുഹമ്മദുമായി നടത്തിയ കരളലിയിക്കുന്ന ടെലഫോൺ സംഭാഷണം, ഫലസ്ത്വീനികൾ ജന്മഭൂമിയിൽ അനുഭവിക്കുന്ന സംഘർഷത്തിന്റെയും നിസ്സഹായതയുടെയും നേർസാക്ഷ്യമാണ്.




സ്വന്തം മക്കളും ബന്ധുക്കളും തൊട്ടടുത്ത ഗ്രാമത്തിൽ ജീവിക്കുന്നുണ്ടെങ്കിലും അവരുമായി സന്ധിക്കാൻ സയണിസ്റ്റുകളുടെ കടുത്ത നിയന്ത്രണവും പെർമിറ്റും, അതിനു വേണ്ടി ദിവസങ്ങളോളമുള്ള കാത്തിരിപ്പും, എല്ലാം ഒത്തിണങ്ങിയാലും അവസാന നിമിഷമുള്ള യാത്രാനിരോധവും ഒക്കെ അധിനിവേശ നരകത്തിലെ നിത്യയാതനകളാണ്. മിഡിൽ ഈസ്റ്റിലെ പ്രശസ്ത മാധ്യമപ്രവർത്തകൻ പി. കെ നിയാസ് ആണ് ഈ അമൂല്യകൃതി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയിട്ടുള്ളത്. കോഴിക്കോട് ആസ്ഥാനമായ അദർ ബുക്സ് ആണ് പ്രസാധകർ. ●

# ഓൺലൈൻ മഹല്ല് സംഗമം


റിപ്പോർട്ട് / വി. കെ ജാബിർ
ജനറൽ സെക്രട്ടറി, ഊട്ടേരി മഹല്ല്

**കൊയിലാണ്ടി:** ദൈനംദിന ജീവിതത്തെ വരിഞ്ഞു മുറുക്കി നിശ്ചലമാക്കിയ കോവിഡ് - 19 മഹാമാരിക്കാലത്ത് ഓൺ ലൈൻ മഹല്ല് സംഗമത്തിലൂടെ മാതൃക കാട്ടി കൊയിലാണ്ടിയിലെ ഊട്ടേരി മഹല്ല്. സൂം ആപ്പിലൂടെ നടന്ന സംഗമം ഉദ്ഘാടനം ചെയ്ത ജമാഅത്തെ ഇസ്‌ലാമി കേരള അമീർ എം. ഐ അബ്ദുൽ അസീസ്, മൂന്നര മണിക്കൂർ നീണ്ടുനിന്ന പരിപാടിയിൽ ആദ്യാവസാനം പങ്കാളിയായി. സാധാരണ മഹല്ല് സംഗമങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വദേശത്തുള്ളവരോടൊപ്പം പ്രവാസികൾക്കു കൂടി പങ്കെടുക്കാൻ കഴിഞ്ഞത് പരിപാടിയെ ശ്രദ്ധേയമാക്കി. 'കോവിഡ് കാലത്ത് വീട്ടിലിരുന്നുകൊണ്ട് ഒരഖിലലോക മഹല്ല് സംഗമം' എന്നാണ് അമീർ ഐ. ഐ അബ്ദുൽ അസീസ് സംഗമത്തെ വിശേഷിപ്പിച്ചത്.

200 ഓളം വീടുകളുള്ള, 100-ലധികം പേർ വിദേശത്തുള്ള ഒരു മഹല്ലിന്റെ ഒത്തുകൂടലാണ് ഓൺലൈനിൽ നടന്നത്. വ്യവസ്ഥാപിതമായ മഹല്ല് സംവിധാനം നിലവിലുള്ളതുകൊണ്ട് മുമ്പ് തന്നെ വ്യത്യസ്തമായ പത്ത് ഡിവിഷനുകളായി മഹല്ലിനെ വിഭജിച്ച് ഒരോന്നിനും ലീഡർമാരെ നിശ്ചയിച്ചിരുന്നതിനാൽ ഡിവിഷനു കീഴിലുള്ള മുഴുവൻ വീടുകളെയും എങ്ങനെ ഓൺലൈൻ മഹല്ല് സംഗമത്തിൽ പങ്കാളികളാക്കാം, അവർക്ക് വേണ്ട ടെക്നിക്കൽ സപ്പോർട്ട്, നെറ്റ് വർക് ലഭ്യത, ഓരോ കുടുംബത്തിന്റെയും പ്രാതിനിധ്യം തുടങ്ങിയ കാര്യങ്ങൾ വിശദമായി പഠിച്ച് ആവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്തിരുന്നു. ഓരോ ഡിവിഷനിലും പല തവണ ട്രയൽ റൺ നടത്തി, സാധ്യമാവാത്തവർക്ക് വേണ്ട പരിശീലനം നൽകി പങ്കാളിത്തം ഉറപ്പുവരുത്തി. ഓൺലൈൻ മീറ്റിംഗ് ആപ്ലിക്കേഷന്റ പരിധി നൂറാണെന്നിരിക്കെ, മഹല്ലിലെ ഐ. ടി വിദഗ്ധർ അത് 500 പേർക്ക് വരെ പങ്കെടുക്കാൻ പറ്റുന്ന രീതിയിലേക്ക് വികസിപ്പിച്ചു.

വീടകങ്ങളിൽ വ്രതശുദ്ധിയുടെ വസന്തം വിരിയിച്ചും, ഖുർആനിനെ നെഞ്ചോട് ചേർത്തും ഈ മഹാമാരിക്കാല റമദാൻ ഉപയോഗപ്പെടുത്താൻ അമീർ ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു. മഹല്ല് ഖാദി ഹബീബ് മസ്ഊദ് മുഖ്യ പ്രഭാഷണം നടത്തി. പ്രതികൂല അവസ്ഥയിൽ കൂടുതൽ ആവേശത്തോടെ റമദാനെ വരവേൽക്കാൻ ഒരുങ്ങുന്ന മഹല്ലിനെ ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് ടി. ശാകിർ അഭിനന്ദിച്ചു.

പരിപാടിക്ക് ആശംസകൾ നേർന്ന് കുറുടിമുക്ക് മസ്ജിദുന്നൂർ പ്രസിഡന്റ് കെ. ഇമ്പിച്ചാലി, എലങ്കമൽ മസ്ജിദ് ഇസ്‌ലാഹ് പ്രസിഡന്റ് കെ. മുഹമ്മദ് അശ്റഫ് മാസ്റ്റർ, മഹല്ല് വൈസ് പ്രസിഡന്റ് ആഇശ ടീച്ചർ, ദുബൈ കമ്മിറ്റി പ്രസിഡന്റ് സി. കെ സുബൈർ തുടങ്ങിയവർ സംസാരിച്ചു. മഹല്ല് സെക്രട്ടറി എം. എം സമീർ റിപ്പോർട്ട് അവതരിപ്പിച്ചു. ഹാഫിള് ഫാളിൽ മുസ്തഫ 'ഖുർആനിൽ നിന്ന്' അവതരിപ്പിച്ചു. കൺവീനർ സി. സമീർ സ്വാഗതവും മഹല്ല് ഖത്വീബ് ഉമർ മുഖ്താർ സമാപന പ്രാർഥനയും നിർവഹിച്ചു.



സൂം ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തി റമദാനിലെ ഖുർആൻ പഠനത്തിന് മഹല്ല് ഖത്വീബ് ഉമർ മുഖ്താർ നേതൃത്വം നൽകും. സ്വുബ്ഹിനു ശേഷമുള്ള ഹദീസ് ക്ലാസും ഈ രീതിയിൽ സംഘടിപ്പിച്ച് പള്ളിയുമായി മഹല്ല് നിവാസികളുടെ ബന്ധം സജീവമായി നിലനിർത്തണമെന്ന് സംഗമം ആവശ്യപ്പെട്ടു.

കുടുംബ സന്ദർശനത്തിടെ മടക്കയാത്ര സാധ്യമാവാതെ ഖത്തറിലുള്ള മഹല്ല് പ്രസിഡന്റ് വി. പി അബ്ദുർറഹ്മാൻ ഖത്തറിൽ നിന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ചു. ഖത്തറിൽ സന്ദർശനത്തിലുള്ള വൈസ് പ്രസിഡന്റ് ടി. അബ്ദുല്ല മാസ്റ്ററും പങ്കെടുത്തു.

വി. കെ മുഹമ്മദലി, സി. സമീർ, ടി. എം ഫബാസ്, മുഹമ്മദലി വാഴോത്ത്, സാബിത്ത് മിസാലി, സി. ഹർശദ് തുടങ്ങിയവർ നാട്ടിൽ നിന്നും, റാസിഖ് നാരങ്ങോളി (ഖത്തർ), ഉബൈദ് ഫസ്നാസ് (ദുബൈ) എന്നിവർ വിദേശത്തു നിന്നും സംഗമത്തിന് നേതൃത്വം നൽകി. മഹല്ലിലെ യുവ എഞ്ചിനീയർ അഫ്സൽ കുറുങ്ങോളി പരിപാടിയുടെ സാങ്കേതിക നിർവഹണത്തിന് നേതൃത്വം വഹിച്ചു. ●

# എൻ. കെ അബൂബക്കർ സാഹിബ്

എറണാകുളം ജില്ലയിലെ പറവൂർ ഏരിയയിൽപെട്ട കരിങ്ങാംതുരുത്ത് പ്രാദേശിക ജമാഅത്തിലെ പ്രവർത്തകനായിരുന്നു എൻ. കെ അബൂബക്കർ സാഹിബ് (72). യുവത്വത്തിന്റെ പ്രസരിപ്പോടെ കർമമണ്ഡലത്തിൽ നിറഞ്ഞുനിന്ന അദ്ദേഹം മാർച്ച് 23-നു ഹൃദയാഘാതം മൂലം മരണപ്പെടുകയായിരുന്നു.

1960-കളുടെ അവസാനത്തിൽ പ്രദേശത്ത് പ്രസ്ഥാനപ്രവർത്തനം ആരംഭിച്ചതു മുതൽ അതിൽ സജീവമായിരുന്ന എൻ. എ. കെ ഹാജി എന്നറിയപ്പെട്ട പിതാവ് എൻ. എ ഖാദർ ഹാജിയിലൂടെയാണ് അബൂബക്കർ സാഹിബ് പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്നത്. പ്രദേശത്തെ ഒരുപറ്റം യുവാക്കൾ രൂപം കൊടുത്ത ഇസ്‌ലാമിക് സ്റ്റഡി സർക്ക്ളായിരുന്നു പ്രഥമ പ്രവർത്തന മണ്ഡലം.

ഫാറൂഖ് കോളേജിൽ ഡിഗ്രി പഠന സമയത്ത് കെ. പി കമാലുദ്ദീൻ, അബ്ദുല്ല ചേളന്നൂർ എന്നിവരോടൊപ്പം ഐ. എസ്. എല്ലിലും പ്രവർത്തിച്ചു. തുടർന്ന് നാട്ടിലെത്തി പിതാവിനൊപ്പം ബിസിനസ്സിൽ ഏർപ്പെട്ട അദ്ദേഹം മുത്തഫിഖ് ഹൽഖയിലും സജീവമായി. നാസിമായും സെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ചു. ഈ കാലയളവിൽ മഹല്ല് സെക്രട്ടറിയായും സേവനം ചെയ്തു.



ഇളം തലമുറയെ ഇസ്‌ലാമിനോടും ഇസ്‌ലാമിക പ്രസ്ഥാനത്തോടും അടുപ്പിക്കാനുള്ള അടങ്ങാത്ത ആഗ്രഹം കൊണ്ടുനടന്നിരുന്ന അദ്ദേഹം കുട്ടികളുടെ കളിക്കൂട്ടുകാരനായിരുന്നു. മരിക്കുമ്പോൾ പ്രദേശത്തെ ടീൻ ഇന്ത്യ - മലർവാടി കോഡിനേറ്റർ ആയിരുന്നു.

സഹോദര സമുദായങ്ങളുമായി അടുത്ത ബന്ധം നിലനിർത്തി. പ്രസ്ഥാനം അവർക്കു വേണ്ടി നടത്തുന്ന പരിപാടിയിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ സന്നിഹിതരാവുമായിരുന്നു.

പാർട്ടിയുടെ പ്രവർത്തന മേഖലയിലും അദ്ദേഹം സജീവമായിരുന്നു. മരണസമയത്ത് പ്രാദേശിക സാരഥി ആയിരുന്നു.

പുഞ്ചിരിക്കുന്ന മുഖവുമായി വിനയാന്വിതനായി എല്ലാവരോടും ഇടപഴകി, ഇബാദത്തുകളിൽ കൃത്യനിഷ്ഠ പുലർത്തി, പ്രസ്ഥാനരംഗത്ത് നിറസാന്നിധ്യമായിരുന്ന പ്രിയ സഹോദരന്റെ ആകസ്മിക വേർപാട് സഹപ്രവർത്തകർക്കും കുടുംബത്തിനും വലിയ നഷ്ടവും വേദനയുമാണ്. മന്നം നൂറുൽ ഇസ്‌ലാം ട്രസ്റ്റ് അംഗം, കരിങ്ങാംതുരുത് തണൽ ചാരിറ്റബ്ൾ ട്രസ്റ്റ് അംഗം എന്നീ നിലകളിലും അദ്ദേഹം സേവനം ചെയ്തു. ഭാര്യയും മകനും മകളും അടങ്ങിയതാണ് കുടുംബം. എല്ലാവരും പ്രസ്ഥാന സഹകാരികളാണ്.

അല്ലാഹുവേ, ഞങ്ങളുടെ സഹോദരനെ നീ സ്വീകരിച്ചാലും, വീഴ്ചകൾ വിട്ടു നൽകി സ്വർഗത്തിൽ ഇടം നൽകിയാലും - ആമീൻ.

**പി. വി മുഹമ്മദ് ഇഖ്ബാൽ, കരിങ്ങാംതുരുത്ത്**

കവിത

**സലാം കരുവമ്പൊയിൽ** /salamkaruvampoyil@gmail.com

# കത്തുന്ന സിംഫണികൾ

ഇന്നലെ
ഭയം ആഖ്യായികയിലെ ഞായിരുന്നു.
അഥവാ അർബുദം പോലെ
ആഴത്തിലും പരപ്പിലും
കോർത്ത് ചേർത്ത് അമർത്തുന്ന..
പിന്നെ ചിലപ്പോൾ

ഭയം അപസർപ്പക കഥയിലെ
മൊട്ടുസൂചിയായി.
അഥവാ പയ്യെ പയ്യെ..
പിന്നെ പൊടുന്നനവെ
സപ്ത നാഡി ഞരമ്പുകളെയും പറിച്ചു
കീറി തിന്നുന്ന...
ഇന്നിപ്പോൾ

ഭയം ആഖ്യാനമാണ്.
ഫന്റാസ്റ്റിക് ക്രാഫ്റ്റും ഇതിവൃത്തവും..
ശീതീകരിക്കപ്പെട്ട
ചില്ലുഭരണികളിൽ
കല്ലിച്ച വിരൽ ചൂണ്ടികൾ
പ്രമേയദരിദ്രമായ
കവിതകൾ കൊത്തിവെക്കുന്നതാണ്
ഈ ഹുർറേ വിളികൾ.
തീന്മേശകളിലെ
അനാഥമായ മീൻ കൂട്ടുകൾ
പൂച്ചകൾക്ക് പ്രണയ ലേഖനം
കൈമാറുന്ന തിരക്കിലാണല്ലോ..

ഭയം ക്രെയ്സ്.. പാഷൻ..
പൊടിപൊടിക്കും ആഗോള ചന്ത..
ഭയം കനത്ത, മുഴുത്ത
പ്രലോഭനമാണ്.
ഞൊറികളും ചൊടികളുമായി
പൂത്തു നിൽക്കുന്ന
പോക്കുവെയിൽ..

എല്ലാവരും
കാറ്റു കടക്കാത്ത കരിമ്പടവുമായി
നടവഴികളിലൂടെ പരക്കം പായുന്നു.

ഭയം അവരെ അടി മുതൽ മുടി വരെ
തണുപ്പിക്കുന്നുവത്രെ
അതീവ സുഖകരമായി.

പങ്കിട്ടെടുക്കാൻ മാത്രമല്ല,
കരുതിവെക്കാനും
പിന്നെ തലമുറകൾക്ക്
കുടിച്ചു തിമിർക്കാനും
ആഴമുള്ള കിണർ കുഴികളുണ്ടല്ലോ
ഭയത്തിന്...

ഇത്രയും ഹൃദ്യമധുരിതമായ
കാഴ്ചയുടെ കൊട്ടു വാദ്യങ്ങളും
ഇശൽ വഴക്കമുള്ള ഉറക്കവും
ആരുമിതുവരെ
ആസ്വദിച്ചിട്ടില്ലത്രെ....

കുന്നിറങ്ങിപ്പോകുന്നതും
പുഴ നീന്തിപ്പറ്റുന്നതും
നിഴൽ ചീന്തുകളിൽ
ചേക്കേറുന്നതും
ഭയത്തിന്റെ
ഉന്മാദം കൊള്ളിക്കുന്ന സിംഫണിയിൽ...

ആകയാൽ, എന്റെ പെരുവിരലും
മഷിത്തണ്ടിന്റെ കരൾച്ചോരയും
കൂട്ടിക്കുഴച്ച്
ഞാൻ പടർന്നു പന്തലിക്കുന്ന
ഭയത്തിന് അന്നമൊരുക്കട്ടെ.

ഹദീസ്

പി. എ സൈനുദ്ദീൻ
sainpanachikkal@gmail.com

# ഭയവും പ്രതീക്ഷയും

عَنْ أَبِي هُرَيْرَة رَضِي اللَّه عَنْه، أَنَّ رَسُولَ اللَّهِ صَلّى اللّهُ عَلَيْهِ وسَلَّم قَالَ: لَوْ يَعْلَمُ الْمُؤْمِنُ مَا عِنْدَ اللَّهِ مِنَ الْعُقُوبَةِ مَا طَمِعَ بِجَنَّتِهِ أَحَدٌ، وَلَوْ يَعْلَمُ الكَافِرُ مَا عِنَدَ اللَّهِ مِنَ الرَّحْمَةِ، مَا قَنطَ مِنْ جَنَّتِهِ أَحَدٌ (رواه مسلم)

**അബൂഹുറയ്റ(റ)യിൽ നിന്ന്. നബി (സ) പറഞ്ഞു: 'പരലോകത്ത് ദൈവനിഷേധികൾക്ക് അല്ലാഹു ഒരുക്കിവെച്ച കഠിന ശിക്ഷയെക്കുറിച്ച് സത്യവിശ്വാസി മനസ്സിലാക്കിയിരുന്നെങ്കിൽ, സ്വർഗം വേണമെന്നായിരിക്കില്ല അവൻ ആഗ്രഹിക്കുക. സത്യനിഷേധി അല്ലാഹുവിന്റെ പക്കലുള്ള റഹ്മത്തിനെക്കുറിച്ച് മനസ്സിലാക്കിയിരുന്നെങ്കിൽ അല്ലാഹുവിന്റെ സ്വർഗത്തെ സംബന്ധിച്ച് ഒരിക്കലും നിരാശനാകുമായിരുന്നില്ല' (മുസ്‌ലിം).**

സൽക്കർമികളായ വിശ്വാസികൾക്ക് സ്വർഗവും അവിശ്വാസികൾക്കും ദുഷ്ക്കർമികൾക്കും നരകവും അല്ലാഹു വിചാരണാ വേളയിൽ ഒരുക്കിവെച്ചിരിക്കുന്നതായി ദൈവിക, പ്രവാചക വചനങ്ങൾ അവ്യക്തതക്കിടമില്ലാത്ത വിധം വിവരിച്ചിട്ടുള്ളതാണ്. ഇതു സംബന്ധമായി ഒരു വിശ്വാസിക്കുണ്ടാവാനിടയുള്ള ധാരണപ്പിശകിനെ തിരുത്തുകയാണ് ഈ നബിവചനം. അമലുസ്സ്വാലിഹാത്തില്ലാതെ, സൽക്കർമങ്ങളില്ലാതെ ഈമാൻ കൊണ്ട് മാത്രം പരലോകവിചാരണയിൽ രക്ഷപ്പെടാമെന്ന മിഥ്യാധാരണയുള്ളതുകൊണ്ട് കയറ് പൊട്ടിയ കാലികളെപ്പോലെ മനസ്സും ജീവിതവും ലക്ഷ്യമില്ലാതെ പായുന്നു. പ്രതീക്ഷയും ശുഭാപ്തിയും മുഅ്മിനിന്റെ പ്രവർത്തനങ്ങൾക്ക് ഊർജം നൽകുന്നത് അതുമായി ബന്ധപ്പെട്ട കർമങ്ങൾ ഫലപ്രദമാകുമ്പോഴാണ്. അല്ലാഹു ദുഷ്ക്കർമികൾക്ക് ഒരുക്കിവെച്ചിരിക്കുന്ന ശിക്ഷകളെക്കുറിച്ച് പരിശുദ്ധ ഖുർആനും തിരുസുന്നത്തും വിശദീകരിച്ചിരിക്കുന്നത് ശരിയായി മനസ്സിലാക്കിയിരുന്നെങ്കിൽ, സ്വർഗീയ സുഖത്തിന്റെ ശീതളിമ അനുഭവിച്ചില്ലെങ്കിലും നരകശിക്ഷയുടെ കൊടും പീഡയിൽ നിന്ന് രക്ഷപ്പെട്ടാൽ മതിയെന്നായിരിക്കും ഏതൊരാളും ആഗ്രഹിക്കുക. അത്രക്ക് കൊടും ഭീകരമാണ് നരകശിക്ഷ. ഇബാദത്തുകൾ മാറ്റിവെച്ചുകൊണ്ട് വിശ്വാസം കൊണ്ടു മാത്രം അല്ലാഹുവിന്റെ റഹ്മത്തിനെക്കുറിച്ച ശുഭപ്രതീക്ഷകൾ വെച്ചുപുലർത്തുന്നവരെക്കുറിച്ച് ഹസൻ ബസ്വരി (റ) പറയുന്നത് കാണുക: 'പ്രവർത്തനങ്ങളൊന്നുമില്ലാതെ അല്ലാഹുവിന്റെ പ്രതിഫലം മാത്രം കാംക്ഷിച്ച് ജീവിക്കുന്ന ആളുകൾ മരണപ്പെടുമ്പോൾ കൈയിൽ സൽക്കർമങ്ങളിൽ നിന്നുള്ള സമ്പാദ്യങ്ങളൊന്നും ബാക്കിയുണ്ടാകുന്നില്ല. യഥാർഥത്തിൽ ഇവർ അല്ലാഹുവിന്റെ റഹ്മത്തിൽ സൽ പ്രതീക്ഷ വെച്ചുപുലർത്തിയവരല്ല. അങ്ങനെയായിരുന്നെങ്കിൽ അവർ തങ്ങളുടെ പരലോക ജീവിതത്തിനുവേണ്ടി കർമങ്ങളിലൂടെ മുതൽക്കൂട്ടുമായിരുന്നു.'

'നിങ്ങളവനോട് ഭയത്താലും പ്രതീക്ഷയാലും വിളിച്ചു പ്രാർഥിക്കുക, തീർച്ചയായും ദൈവകാരുണ്യം സുകൃതികളുടെ സമീപത്തു തന്നെയാണ്' (*അഅ്റാഫ്* 56) എന്ന് ഖുർആൻ പറയുന്നുണ്ട്. ഖുർആനിലും ഹദീസുകളിലും സ്വർഗത്തെക്കുറിച്ച് ഏറെ വിവരിച്ചതും നരകത്തിന്റെ വ്യത്യസ്ത രൂപഭാവങ്ങൾ ഭീതിയുളവാക്കും വിധം വരച്ചുകാട്ടിയതും സോദ്ദേശ്യപൂർവമാണ്. പ്രതീക്ഷയും ഭയവും വിശ്വാസിയെ സംബന്ധിച്ചേടത്തോളം പരസ്പരപൂരകങ്ങളാണ്. പ്രതീക്ഷ കൊണ്ടു മാത്രം ഒരു ലാഭവും ഉണ്ടാവുകയില്ലെന്നതിന് ദുൻയാവിലെ അനുഭവങ്ങൾ തന്നെ മതിയായ സാക്ഷ്യമാണല്ലോ.

ഹദീസിന്റെ രണ്ടാം ഭാഗത്ത് പറയുന്നത്, അല്ലാഹു മരണശേഷം ഒരുക്കിവെച്ചിരിക്കുന്ന സൗഭാഗ്യങ്ങളെക്കുറിച്ച് സത്യനിഷേധിക്ക് യാതൊരു ധാരണയും ഇല്ല എന്നതാണ്. വേണ്ടവിധം അത് മനസ്സിലാക്കിയിരുന്നെങ്കിൽ ദൈവമാർഗം പിൻപറ്റാൻ അയാൾ ഒട്ടും അമാന്തിക്കുമായിരുന്നില്ല. തന്റെ മുമ്പിലുള്ള ക്ഷണികമായ സുഖസൗകര്യങ്ങളിൽ രമിച്ചു ജീവിതം തുലക്കുമായിരുന്നില്ല. 'നിങ്ങൾ ഭയത്തോടും പ്രതീക്ഷയോടും കൂടി അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക, നിശ്ചയം, ദൈവാനുഗ്രഹം സുകൃതരുടെ ചാരത്താകുന്നു'' (*അൽ അഅ്റാഫ്* 56). ●

# ലോക്ക് ഡൗണിലും മുടങ്ങാതെ കുടിവെള്ള പദ്ധതി

**കായംകുളം:** എല്ലാ വർഷവും വേനൽക്കാലത്ത് ഇലിപ്പക്കുളം ജമാഅത്തെ ഇസ്‌ലാമി യൂനിറ്റിന്റെ കീഴിലുള്ള മാനവീയം സെന്റർ നടത്തിവരാറുള്ള കുടിവെള്ള പദ്ധതി, ഇത്തവണ ലോക്ക് ഡൗണിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് പൂർത്തീകരിക്കുന്നത്. ഇതിനകം നിരവധി കുടുംബങ്ങൾക്ക് കിണർ നിർമിച്ചു നൽകാൻ പദ്ധതിക്കു കീഴിൽ കഴിഞ്ഞിട്ടുണ്ട്. തൊഴിൽ സഹായം, വിദ്യാഭ്യാസ സ്‌കോളർഷിപ്പ്, വിധവാ സഹായം, ചികിത്സാ സഹായം തുടങ്ങി വിവിധ ഇനങ്ങളിലും സഹായം നൽകിവരുന്നു. ഇത്തവണത്തെ കുടിവെള്ള പദ്ധതിയിൽ പെടുത്തി മൂന്ന് കുടുംബങ്ങൾക്കാണ് കിണർ നിർമിച്ചു നൽകുന്നത്. ഒരു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയിൽ പ്രദേശത്തെ ധാരാളം ആളുകൾ സഹകരിക്കുന്നു. മാനവീയത്തിന്റെ പ്രവർത്തനത്തിൽ ആകൃഷ്ടരായി ഈ പദ്ധതിയിലേക്ക് ഭരണിക്കാവ് പഞ്ചായത്ത് 15000 രൂപ അനുവദിച്ചു നൽകി. പ്രദേശത്തെ രണ്ട് ഗുണകാംക്ഷികളാണ് പ്രധാന സ്‌പോൺസർമാർ.



*മാനവീയം ഇലിപ്പക്കുളം ഭരണിക്കാവ് പഞ്ചായത്തിൽ ലോക് ഡൗൺ കാലത്ത് നിർമിക്കുന്ന കിണറുകളുടെ നിർമാണം*

## ദാറുൽ ഈമാൻ മദ്‌റസകളിൽ ഓൺലൈൻ പഠനം ആരംഭിച്ചു

**മനാമ:** ദാറുൽ ഈമാൻ കേരള വിഭാഗം നടത്തിക്കൊണ്ടിരിക്കുന്ന മദ്‌റസകളിൽ ഓൺലൈൻ പഠനം ആരംഭിച്ചതായി വിദ്യാഭ്യാസ വിഭാഗം സെക്രട്ടറി ഇ. കെ സലീം അറിയിച്ചു. ഓരോ ക്ലാസിലെയും കുട്ടികൾക്ക് പ്രത്യേക സമയം നിർണയിച്ച് അധ്യാപകർ ലൈവായി ക്ലാസ് എടുക്കുന്നു. വിദ്യാർഥികൾക്ക് അധ്യാപകരുമായി സംവദിക്കാനും അവസരമുണ്ട്. 85 ശതമാനം കുട്ടികളും ഓൺലൈൻ പഠനത്തിൽ സംബന്ധിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽ സഈദ് റമദാൻ നദ്‌വി അറിയിച്ചു. ഓൺലൈൺ പഠനത്തിനായി കൂടുതൽ മെച്ചപ്പെട്ട ആപ്ലിക്കേഷനുകൾ അവലംബിക്കുമെന്ന് അഡ്മിനിസ്‌ട്രേറ്റർ എ. എം ഷാനവാസ് വ്യക്തമാക്കി.

## തനിമ ഓൺലൈൻ ക്വിസ് മത്സരം

**ജിദ്ദ:** 'അനീബൂ ഇലാ റബ്ബികും' കാമ്പയിനിന്റെ ഭാഗമായി തനിമ ജിദ്ദ സൗത്ത് സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് മത്സരത്തിന്റെ ഗ്രാൻഡ് ഫിനാലെയിൽ യഥാക്രമം ജുനേഷ്, റുഹൈം മൂസ, കെ.വി അഹ്മദ് കോയ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കഴിഞ്ഞ 15 ദിവസങ്ങളിൽ നടത്തിയ ഓൺലൈൻ മൽസരത്തിൽ നിന്ന് തെരഞ്ഞെടുത്ത 10 പേരാണ് സൂം മീറ്റിംഗ് ആപ്പിലൂടെ ഗ്രാൻഡ് ഫിനാലെയിൽ മാറ്റുരച്ചത്. സ്റ്റാർട്ട് അപ്പ് റൗണ്ട്, റാപ്പിഡ് റൗണ്ട്, മൾട്ടി മീഡിയ റൗണ്ട്, ഫൈനൽ റൗണ്ട് എന്നിങ്ങനെ നാല് വ്യത്യസ്ത റൗണ്ടുകളിൽ നിന്നാണ് വിജയികളെ കണ്ടെത്തിയത്. കാമ്പയിൻ കോർഡിനേറ്റർ ഇ. സി അസീബ് സ്വാഗതം പറഞ്ഞു. തനിമ സോണൽ പ്രസിഡന്റ് നജ്മുദ്ദീൻ അധ്യക്ഷത വഹിച്ചു. നിസാർ കരുവാരക്കുണ്ട് കാമ്പയിൻ സന്ദേശം നൽകി. വി. കെ ഷമീം, ഇസ്സുദ്ദീൻ, നൗഷാദ് നിഡോലി, കെ. എം അനീസ്, സലീം കൂറ്റമ്പാറ നേതൃത്വം നൽകി.

## യൂത്ത് ഇന്ത്യ റീഡിംഗ് ചലഞ്ച്

**കുവൈത്ത്:** യൂത്ത് ഇന്ത്യ കുവൈത്ത് കലാ സാംസ്‌കാരിക വകുപ്പിനു കീഴിൽ 'വൺ ഡേ വൺ പേജ്' എന്ന തലക്കെട്ടിൽ യുവാക്കൾക്കിടയിൽ ഒരു മാസം നീണ്ടു നിൽക്കുന്ന റീഡിംഗ് ചലഞ്ച് കാമ്പയിന് തുടക്കം കുറിച്ചു. കർഫ്യൂ, ലോക്ക് ഡൗൺ തുടങ്ങി നിലവിലുള്ള സാഹചര്യത്തിൽ കൂടുതലായി ലഭിച്ചുകൊണ്ടിരിക്കുന്ന ഒഴിവു സമയത്തെ ഫലപ്രദമായി വിനിയോഗിക്കുന്നന്നതിന് യുവാക്കളെ വായനയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് കാമ്പയിന് തുടക്കം കുറിച്ചിരിക്കുന്നത്.

സൂം ഓൺലൈൻ ആപ്ലിക്കേഷനിലൂടെ നടന്ന കാമ്പയിൻ ഉദ്ഘാടനം കേരള ഇസ്‌ലാമിക് ഗ്രൂപ്പ് (കെ.ഐ.ജി) പ്രസിഡന്റും യൂത്ത് ഇന്ത്യാ രക്ഷാധികാരിയുമായ ഫൈസൽ മഞ്ചേരി നിർവഹിച്ചു. യുവാക്കൾ ഗൗരവപൂർണമായ വായനയിലേക്ക് കടന്നുവരണമെന്നും ആത്മാവിന്റെ വളർച്ചക്കും വികാസത്തിനും വായനയും അറിവും അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. യൂത്ത് ഇന്ത്യ പ്രസിഡന്റ് ഉസാമ അബ്ദുർറസാഖ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മുഹമ്മദ് ഫഹീം, കാമ്പയിൻ കൺവീനർ ശാഫി കോയമ്മ, മുഹമ്മദ് സൽമാൻ, ഹഷീബ് എന്നിവർ നേതൃത്വം നൽകി.

Vol. No: 76 Issue No. 49 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid